# സ്വപ്നങ്ങൾ സാക്ഷാത്കരിച്ച് വല്ലാർപാടം പദ്ധതി



**കേരളത്തിനു ലഭിച്ച അനുപമമായ ഓണസമ്മാനമാണ് വല്ലാർപാടം രാജ്യാന്തര ട്രാൻസ്ഷിപ്മെന്റ് കണ്ടെയ്നർ പദ്ധതി. ഈ പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ ആരചിക്കപ്പെടുന്നത് കേരളത്തിന്റെ വികസന ചരിത്രത്തിലെ പുതിയൊരദ്ധ്യായമായിരിക്കും.**

നിജാസ് ജ്യുവൽ

കേരളത്തിന്റെ വികസന മോഹങ്ങൾക്ക് പുത്തനുണർവ് പകർന്ന് വല്ലാർപാടം രാജ്യാന്തര ട്രാൻസ്ഷിപ്മെന്റ് കണ്ടെയ്നർ ടെർമിനൽ പദ്ധതി യാഥാർത്ഥ്യത്തിലേക്ക് അടുക്കുകയാണ്. കൊളംബോയിലെയും ദുബായിലെയും അത്യന്താധുനിക തുറമുഖങ്ങളിൽ അടുത്തിരുന്ന പടുകൂറ്റൻ മദർഷിപ്പുകൾ അറബിക്കടലിന്റെ റാണിയെ തേടി എത്തുന്ന ദിവസങ്ങൾ ഇനി അകലെയല്ല. 7500ൽ പരം കോടി രൂപയുടെ വികസന പദ്ധതികളാണ് ഇതോടനുബന്ധിച്ച് കൊച്ചിക്കായി അണിയറയിൽ ഒരുങ്ങുന്നത്. കൊച്ചിയുടെ മാത്രമല്ല കേരളത്തിന്റെ വികസനചരിത്രത്തിൽ തന്നെ വല്ലാർപാടം പുത്തനധ്യായം കുറിക്കുമെന്നതിൽ സംശയമില്ല. നിലവിൽ സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തിൽ 25 ശതമാനം കൊച്ചിയുടെ സംഭാവനയാണ്. വല്ലാർപാടം പദ്ധതി യാഥാർഥ്യമാകുന്നതോടെ ഇത് 20 ശതമാനം കൂടി ഉയരുമെന്നാണ് വിലയിരുത്തൽ.

### കൊച്ചി തുറമുഖം

ഇന്ത്യയിലെ പ്രകൃതിദത്തമായ തുറമുഖങ്ങളിൽ സവിശേഷമായ സ്ഥാനമാണ് കൊച്ചിയ്ക്കുള്ളത്. പന്ത്രണ്ടാം നൂറ്റാണ്ടിൽ പെരിയാറിലുണ്ടായ വെള്ളപ്പൊക്കത്തിൽ കൊടുങ്ങല്ലൂർ അഴിമുഖം എക്കലടിഞ്ഞ് ഉപയോഗശൂന്യമായപ്പോഴാണ് ഇങ്ങു തെക്കു മാറി കൊച്ചിയിലൊരു അഴിമുഖം തുറന്നത്. വല്ലാർപാടവും വൈപ്പിനും അടക്കമുള്ള കൊച്ചി കായലിലെ ദ്വീപസമൂഹങ്ങൾ രൂപം കൊണ്ടതും ഈ വെള്ളപ്പൊക്കത്തിലായിരുന്നെന്ന് ചരിത്രം പറയുന്നു.

ആധുനിക കൊച്ചി തുറമുഖം രൂപം കൊള്ളുന്നത് കഴിഞ്ഞ നൂറ്റാണ്ടിലെ രണ്ടാം ദശകത്തിലാണ്. സർ റോബർട്ട് ബ്രിസ്റ്റോയുടെ ദീർഘദർശിത്വവും സംഘാടകപാടവവുമാണ് തുറമുഖവികസനം യാഥാർഥ്യമാക്കിയത്. കായലിലെ വെണ്ടുരുത്തി തുരുത്തിനോട് ചേർന്ന് ചെളിമണ്ണടിച്ചു പൊക്കിയ വെല്ലിംഗ്ടൺ ഐലന്റാണ് ഇന്ന് തുറമുഖത്തിന്റെ സിരാകേന്ദ്രം. പോർട്ട് ട്രസ്റ്റ് ഓഫീസുകളും പ്രധാന വാർഫുകളും സ്ഥിതി ചെയ്യുന്നത് ഈ കൃത്രിമദ്വീപിന്റെ ഓരങ്ങളിലാണ്.

ദ്വീപിനെ മട്ടാഞ്ചേരിയുമായും എറണാകുളവുമായും ബന്ധിപ്പിക്കുന്ന രണ്ടു പാലങ്ങളുടെയും പണി ബിസ്റ്റോയുടെ കാർമികത്വത്തിന് കീഴിൽ തീർന്നു. ഇന്ന് കേരളത്തിന്റെ വാണിജ്യ ഭൂപടത്തിൽ സവിശേഷമായ സ്ഥാനമാണ് വെല്ലിംഗ്ടൺ ഐലന്റ് എന്ന കൊച്ചു ദ്വീപിനുള്ളത്. കായലിനക്കരെ വല്ലാർപാടത്തും വാർഫുകളും കൂറ്റൻ ക്രെയിനുകളും സ്ഥാപിതമാകുമ്പോൾ റോബർട്ട് ബ്രിസ്റ്റോ വിഭാവനം ചെയ്തതിനുമപ്പുറമെത്തുന്ന വൻകിട തുറമുഖമാണ് രൂപം കൊള്ളുക.

### വല്ലാർപാടം

കൊച്ചി തുറമുഖത്തിന്റെ വടക്കുഭാഗത്ത് വൈപ്പിൻകരയ്ക്കും മുളവുകാടു ദ്വീപിനും മധ്യത്തിലാണ് വല്ലാർപാടം ദ്വീപ്.

3.964 കിലോമീറ്റർ നീളവും ഒന്നര കിലോമീറ്റർ വീതിയുമാണ് ഈ ദ്വീപിനുള്ളത്. രണ്ടായിരത്തോളം കുടുംബങ്ങൾ. പതിനായിരത്തോളം ജനസംഖ്യ. 1502ൽ പോർച്ചുഗീസ് പടക്കപ്പലുകൾ കൊച്ചിയിലെത്തിയതോടെ വല്ലാർപാടവും ചരിത്രത്താളുകളിലെത്തി. 1524ലാണ് പോർച്ചുഗീസുകാർ വല്ലാർപാടം പള്ളിയിൽ കന്യകാമാതാവിന്റെ ചിത്രം സ്ഥാപിക്കുന്നത്. 1676ലെ വെള്ളപ്പൊക്കത്തിൽ പള്ളി നാമാവശേഷമായി. ചിത്രവും നഷ്ടമായി. പിന്നീട് പാലിയത്ത് രാമൻ വലിയച്ചൻ വെള്ളത്തിൽ നിന്ന് ചിത്രം വീണ്ടെടുത്ത് വല്ലാർപാടത്തുകാർക്ക് നൽകി. കടൽക്ഷോഭത്തിൽ പെട്ടവരെ വല്ലാർപാടത്തമ്മ രക്ഷിച്ചതുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങൾ നിരവധിയാണ്.

ക്രൈസ്തവസഭയുടെ ദേശീയ തീർഥാടന കേന്ദ്രമാക്കി വല്ലാർപാടത്തെ പ്രഖ്യാപിച്ചതിന് തൊട്ടുപിന്നാലെയാണ് കേന്ദ്ര സർക്കാരിൽ നിന്നും രാജ്യാന്തര കണ്ടെയ്നർ ടെർമിനൽ പദ്ധതിയുടെ അംഗീകാരമെത്തിയത്. കടൽയാത്രികരുടെ പ്രധാന പ്രാർഥനാലയമായ വല്ലാർപാടം പള്ളിയിലേക്ക് ഇനി ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുള്ള നാവികരും എത്തുമെന്നുറപ്പ്. അതെ, വല്ലാർപാടത്തിന്റെ ഖ്യാതി ലോകമെങ്ങും പരക്കുകയാണ്.

### കൊച്ചി തുറമുഖത്തിന്റെ വികസനസ്വപ്നങ്ങൾ

മലഞ്ചരക്കിന്റെയും സമുദ്രോത്പന്നങ്ങളുടെയും കയറ്റുമതിയിലും എണ്ണ ഇറക്കുമതിയിലും ശ്രദ്ധയൂന്നിയിരുന്ന കൊച്ചി തുറമുഖത്തിന്റെ പുതിയ വികസന പദ്ധതികളെക്കുറിച്ചുള്ള ചർച്ചകൾക്ക് തുടക്കം കുറിക്കുന്നത് എഴുപതുകളിലാണ്. വൻകിട എണ്ണക്കപ്പലുകളെ തുറമുഖത്തെത്തിക്കുന്നതിനുള്ള സൂപ്പർ ടാങ്കർ ബർത്തിനെ കുറിച്ചായിരുന്നു ആദ്യ ചർച്ച. ഇതിന് മുന്നോടിയായി കപ്പൽചാലിന് ആഴം കൂട്ടുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചു. ഈ ആഴം കൂട്ടലിനായി കോരിയെടുത്ത ചെളി വല്ലാർപാടം ദ്വീപിനോട് ചേർന്ന് കെട്ടിയ ഭിത്തിക്കുള്ളിൽ നിക്ഷേപിച്ചു. 363 ഹെക്ടർ സ്ഥലമാണ് ഇങ്ങനെ രൂപം കൊണ്ടത്.

സൂപ്പർ ടാങ്കർ ടെർമിനൽ പദ്ധതിയെ കുറിച്ചുള്ള ചർച്ച അകാലത്തിൽ പൊലിഞ്ഞെങ്കിലും വല്ലാർപാടത്ത് പുതിയൊരു സാധ്യത ഉടലെടുത്തു. 1985ൽ ഡോ. ഡി. ബാബുപോൾ പോർട്ട് ട്രസ്റ്റ് ചെയർമാനായിരിക്കെ രാജ്യാന്തര ട്രാൻസ്ഷിപ്മെന്റ് കണ്ടെയ്നർ ടെർമിനൽ സംബന്ധിച്ച ആദ്യ പ്രൊജക്ട് റിപ്പോർട്ട് തയാറായി. പക്ഷെ തുടർന്നുള്ള കാര്യങ്ങൾ എളുപ്പമായിരുന്നില്ല. സങ്കീർണമായ നടപടിക്രമങ്ങൾക്കും നിരവധി അനിശ്ചിതത്വങ്ങൾക്കും ഒടുവിലാണ് പദ്ധതിയ്ക്ക് കേന്ദ്രാനുമതിയായത്. പദ്ധതിക്ക് അനുമതി ലഭിച്ചത് 2004 ആഗസ്റ്റ് 25ന്.

വല്ലാർപാടം പദ്ധതി യാഥാർഥ്യമാകുന്നതോടെ ഇന്ത്യയിലെ ആദ്യത്തെ രാജ്യാന്തര ട്രാൻസ്ഷിപ്മെന്റ് തുറമുഖമായി കൊച്ചി മാറും. ഇപ്പോൾ ഇന്ത്യയിലേക്കുള്ള കണ്ടെയ്നറുകളുടെ കയറ്റിറക്ക് നടത്തുന്ന കൊളംബോ, സലാല, സിംഗപ്പൂർ, ദുബായ് തുടങ്ങിയ തുറമുഖങ്ങൾക്ക് ശക്തമായ ഭീഷണി ഉയർത്താനും കൊച്ചിക്ക് കഴിയും.



### വിജയിച്ചത് മൂന്നാമത്തെ ശ്രമം

വല്ലാർപാടത്ത് കണ്ടെയ്നർ ടെർമിനൽ സ്ഥാപിക്കുന്നതിനു വേണ്ടി ക്ഷണിച്ച മൂന്നാമത്തെ ടെൻഡറാണ് വിജയം കണ്ടത്. 1998ൽ വിളിച്ച ആദ്യ ടെൻഡറിൽ പങ്കെടുത്തത് ഓസ്ട്രേലിയൻ കമ്പനിയായ പി ആന്റ് ഒ പോർട്സ് മാത്രമാണ്. പി ആന്റ് ഒയുടെ കുത്തക സ്വഭാവം ചൂണ്ടിക്കാട്ടി കേന്ദ്ര സർക്കാർ വീണ്ടും ടെൻഡർ ക്ഷണിക്കാൻ ഉത്തരവിട്ടു. നാലു കമ്പനികൾ പങ്കെടുത്തെങ്കിലും അവരുടെ വാഗ്ദാനങ്ങൾ തൃപ്തികരമായിരുന്നില്ല. തുടർന്ന് കഴിഞ്ഞ വർഷം മൂന്നാമതും ടെൻഡർ വിളിച്ചു. മൊത്ത വരുമാനത്തിന്റെ 33.30 ശതമാനം പോർട്ട് ട്രസ്റ്റിന് നൽകാമെന്ന ദുബായ് പോർട്സ് ഇന്റർനാഷണലിന്റെ ടെൻഡർ ട്രസ്റ്റിന്റെ ഡയറക്ടർ ബോർഡ് അംഗീകരിച്ചു. എന്നാൽ കേന്ദ്ര സർക്കാരിന്റെ അനുമതി വൈകി. ഒടുവിൽ സംസ്ഥാന സർക്കാരും വിവിധ രാഷ്ട്രീയ പാർട്ടികളും ഒത്തുചേർന്ന് നടത്തിയ ശ്രമമാണ് പദ്ധതിക്ക് അനുമതി നേടിക്കൊടുത്തത്. 2118 കോടി രൂപയാണ് പദ്ധതിച്ചെലവ്. ഇതടക്കം 7500 കോടി രൂപയുടെ പദ്ധതികൾക്കുള്ള സാധ്യകളാണ് കൊച്ചിയിൽ ഉരുത്തിരിഞ്ഞിരിക്കുന്നത്.

### കൊച്ചിൻ പോർട്ട് സ്പെഷ്യൽ ഇക്കണോമിക് സോൺ

വല്ലാർപാടം പദ്ധതി യാഥാർഥ്യമാകുന്നതോടെ ഇന്ത്യയിലെ ആദ്യത്തെ രാജ്യാന്തര ട്രാൻസ്ഷിപ്മെന്റ് തുറമുഖമായി കൊച്ചി മാറും. ഇപ്പോൾ ഇന്ത്യയിലേക്കുള്ള കണ്ടെയ്നറുകളുടെ കയറ്റിറക്ക് നടത്തുന്ന കൊളംബോ, സലാല, സിംഗപ്പൂർ, ദുബായ് തുടങ്ങിയ തുറമുഖങ്ങൾക്ക് ശക്തമായ ഭീഷണി ഉയർത്താനും കൊച്ചിക്ക് കഴിയും. കൊച്ചി തുറമുഖത്തെയും സമീപപ്രദേശങ്ങളെയും പ്രത്യേക സാമ്പത്തികമേഖലയാക്കി സംസ്ഥാന സർക്കാർ വിജ്ഞാപന



വല്ലാർപാടം പദ്ധതിപ്രദേശം

മിറക്കിയിട്ടുണ്ട്. ഇതിന് കേന്ദ്രാനുമതി കൂടി താമസിയാതെയുണ്ടാകും.

പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപനമുണ്ടാകുന്നതോടെ കൊച്ചി തുറമുഖ ട്രസ്റ്റിന്റെ ഭാഗമായ 1200ലേറെ ഏക്കർ സ്ഥലം ഇതിന്റെ പരിധിയിൽ വരും. വല്ലാർപാടവും നിർദിഷ്ട എൽ.എൻ.ജി ടെർമിനലും മറ്റും ഇതിലുൾപ്പെടും. തുറമുഖ ഭൂമിയായതിനാൽ പോർട്ട് സ്പെഷ്യൽ ഇക്കണോമിക് സോൺ എന്നാകും ഈ മേഖല അറിയപ്പെടുക. കയറ്റുമതി അധിഷ്ഠിത വ്യവസായങ്ങളാണ് ഇവിടെ സ്ഥാപിക്കുക. ഇവിടേക്ക് ഇറക്കുമതി ചെയ്യുന്ന യന്ത്രോപകരണങ്ങൾക്ക് കസ്റ്റംസ് തീരുവയില്ല. കയറ്റുമതിക്കും നികുതികൾ ബാധകമല്ല. സമരങ്ങളും പാടില്ല.

## അടിസ്ഥാന സൗകര്യ വികസനത്തിന് 965 കോടി

വല്ലാർപാടത്ത് രാജ്യാന്തര കണ്ടെയ്നർ ടെർമിനൽ സ്ഥാപിക്കുന്നത് ദുബായ് പോർട്ട്സ് ഇന്റർനാഷണലാണെങ്കിലും അടിസ്ഥാന സൗകര്യങ്ങളൊരുക്കേണ്ട ചുമതല സർക്കാരിനാണ്. കുറഞ്ഞ കാലം കൊണ്ട് 965 കോടി രൂപയുടെ വികസനമാണ് ഈ രംഗത്തുണ്ടാകുക. റെയിൽവേ ലൈൻ വല്ലാർപാടത്തേക്ക് നീട്ടുന്നതിനു പുറമെ കണ്ടെയ്നർ ട്രക്കുകളുടെ സുഗമമായ പ്രവാഹം സാധ്യമാക്കുന്ന റോഡുകൾ, കപ്പൽചാലിന്റെ ആഴം കൂട്ടൽ തുടങ്ങിയ ഈ പാക്കേജിൽ ഉൾപെടുന്നു. വല്ലാർപാടത്തേക്ക് പുതിയ നാലുവരിപ്പാത സ്ഥാപിക്കുന്നതോടെ ഗോശ്രീ പദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത ദ്വീപുകൾക്കും വൻ ഗതാഗത സൗകര്യം ലഭിക്കും.

വല്ലാർപാടത്തു നിന്നുള്ള ഗതാഗതം നഗരത്തിരക്കിൽ പെടാതെ സുഗമമാക്കുന്നതിനും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളുമായി തുറമുഖത്തെ ബന്ധിപ്പിക്കുന്നതിനുമാണ് റോഡ്, റെയിൽ പാതകൾ നിർമിക്കുന്നത്. റോഡ് നിർമിക്കുന്നതിന് 226.20 കോടി രൂപയും റെയിൽപാതയ്ക്ക് 125 കോടി രൂപയുമാണ് ചെലവു കണക്കാക്കിയിരിക്കുന്നത്. വല്ലാർപാടത്തെ ദേശീയ പാത 17, 47, 49 എന്നിവയുമായി ബന്ധിപ്പിക്കുന്നതാണ് പുതിയ റോഡ്. വല്ലാർപാടത്ത് നിന്നും തുടങ്ങുന്ന റോഡ് മുളവുകാട് ദ്വീപിന്റെ പടിഞ്ഞാറു ഭാഗത്തു കൂടി മൂലമ്പിള്ളി, പിഴല ദ്വീപുകളെ ബന്ധിപ്പിച്ച് ചേരാനല്ലൂർ വഴി ഇടപ്പള്ളിയിലെത്തി ദേശീയപാത–17 മുറിച്ചുകടക്കും. കളമശ്ശേരിയിൽ വച്ചാണ് റോഡ് ദേശീയപാത–47മായി സന്ധിക്കുന്നത്. വല്ലാർപാടം–മുളവുകാട് ദ്വീപുകളെ ബന്ധിപ്പിച്ച് പുതിയൊരു പാലം കൂടി പദ്ധതിയുടെ ഭാഗമായി നിർമിക്കുന്നുണ്ട്. 2008ൽ വല്ലാർപാടം പദ്ധതി യാഥാർഥ്യമാകുന്നതിനൊപ്പം തന്നെ


റോഡ് നിർമാണവും പൂർത്തിയാക്കുകയാണ് ലക്ഷ്യം.

ഇടപ്പള്ളി റെയിൽവെ സ്റ്റേഷനിൽ നിന്നാണ് വല്ലാർപാടം റെയിൽവെ പാതയുടെ തുടക്കം. നിലവിലുള്ള ലൈനിന് സമാന്തരമായി വരുന്ന പാളം പച്ചാളത്തു നിന്നും തിരിഞ്ഞ് ടാറ്റ റോഡിനോട് ചേർന്ന് ഗോശ്രീ നികത്തുഭൂമിയിൽ പ്രവേശിച്ച് മുളവുകാട് വഴി വല്ലാർപാടത്ത് എത്തിച്ചേരും. എട്ടര കിലോമീറ്ററാണ് ഈ റെയിൽപാതയുടെ ദൈർഘ്യം. ടെർമിനൽ പൂർണമായും പ്രവർത്തനസജ്ജമാകുമ്പോൾ 14 ലക്ഷം കണ്ടെയ്നറുകൾ റെയിൽ വഴി കടന്നുപോകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## കപ്പൽ അറ്റകുറ്റപ്പണി ടെർമിനലും ഇന്ധനകേന്ദ്രവും

രാജ്യാന്തര സമുദ്രപാതയോട് അടുത്തുകിടക്കുന്ന കൊച്ചി തുറമുഖത്തേക്ക് വൻകിട കപ്പലുകൾ പ്രവേശിക്കുന്നതോടെ മറ്റ് രണ്ട് പദ്ധതികൾക്ക് കൂടി വഴി തുറക്കും. കപ്പൽ അറ്റകുറ്റപ്പണി കേന്ദ്രവും ഇന്ധനം നിറക്കുന്നതിനുള്ള കേന്ദ്രവും. കപ്പൽ അറ്റകുറ്റപ്പണി ടെർമിനലിനെ കുറിച്ച് സാധ്യതാപഠനം നടത്തുന്നതിനുള്ള ചുമതല ഇന്ത്യൻ പോർട്ട് അസോസിയേഷൻ ഇതിനകം ഏറ്റെടുത്തിട്ടുണ്ട്. ഇന്ധനം നിറക്കുന്നതിനുള്ള ബങ്കറിംഗ് ടെർമിനൽ പോർട്ട് ട്രസ്റ്റും കൊച്ചി കപ്പൽശാലയും സംയുക്തമായി നടപ്പാക്കുന്നതിനെ കുറിച്ചും ആലോചന നടക്കുന്നു.

കപ്പൽ അറ്റകുറ്റപ്പണി കേന്ദ്രം ബി.ഒ.ടി അടിസ്ഥാനത്തിലാണ് സ്ഥാപിക്കുക. പോർട്ട് ട്രസ്റ്റിന് 26 ശതമാനം ഓഹരി പങ്കാളിത്തമുള്ള സംയുക്ത സംവിധാനവും ആലോചനയിലുണ്ട്. കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള 50 ഹെക്ടർ സ്ഥലം പോർട്ട് ട്രസ്റ്റ് പാട്ടത്തിന് നൽകും. കേന്ദ്രം സ്ഥാപിക്കുന്നതിന് താത്പര്യമുള്ള സ്ഥാപനങ്ങളിൽ നിന്ന് കഴിഞ്ഞ വർഷം അപേക്ഷക്ഷണിച്ചിരുന്നു. ഇത് ഉദ്ദേശിച്ച ഫലം കാണാതിരുന്നതിനെ തുടർന്നാണ് സാധ്യതാപഠനം നടത്താൻ തീരുമാനിച്ചത്.



രാജ്യാന്തര സമുദ്രപാതയിലൂടെ പോകുന്ന കപ്പലുകൾക്ക് ഇന്ധനമടക്കമുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള ബങ്കറിംഗ്ടെർമിനലിന് 315 കോടി രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്.

## ക്രൂയിസ് / പാസഞ്ചർ ടെർമിനൽ

ആഡംബര യാത്രാക്കപ്പലുകൾക്കും മറ്റുമുള്ള ക്രൂയിസ്/പാസഞ്ചർ ടെർമിനലാണ് മറ്റൊരു പദ്ധതി. വിനോദസഞ്ചാരികളുമായി വർഷം തോറും നിരവധി യാത്രക്കപ്പലുകൾ ഇപ്പോൾ തന്നെ കൊച്ചിയിലെത്തുന്നുണ്ട്. പാസഞ്ചർ ടെർമിനൽ ഇല്ലാത്തത് മൂലം ചരക്കിറക്കുന്ന ബർത്തുകളിലാണ് യാത്രക്കാരെ ഇറക്കുന്നതിന് സൗകര്യമൊരുക്കുന്നത്. വികസനപദ്ധതികളുടെ ാഗമായി പാസഞ്ചർ ടെർമിനലും നടപ്പാക്കും. കൊളംബോ, ദുബായ് തുടങ്ങിയ സ്ഥലങ്ങളിലേക്ക് ഫെറി സർവീസ് നടത്താനുള്ള പദ്ധതികൾ യാഥാർഥ്യമാക്കാനും പാസഞ്ചർ ടെർമിനൽ ഉപകരിക്കും. 100 കോടി രൂപയാണ് ഈ പദ്ധതിക്ക് ചെലവു കണക്കാക്കുന്നത്

## എൽ.എൻ.ജി ടെർമിനൽ

കൊച്ചി തുറമുഖ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള പുതുവൈപ്പ് കടപ്പുറത്താണ് ദ്രവീകൃത പ്രകൃതി വാതക ടെർമിനൽ സ്ഥാപിക്കുന്നത്. സംസ്ഥാനത്തിന്റെ ഊർജപ്രതിസന്ധിക്ക് പരിഹാരമാകുന്ന ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പെട്രോനെറ്റ് എൽ.എൻ.ജി ലിമിറ്റഡ് പൂർത്താക്കിക്കഴിഞ്ഞു. 1600 കോടി രൂപയോളം ചെലവു വരുന്ന പദ്ധതിക്കായി ഇതിനകം 30 കോടി രൂപയോളം ചെലവിട്ടു കഴിഞ്ഞു. 25 ലക്ഷം ടണ്ണാണ് ടെർമിനലിന്റെ ശേഷി. ഈ വർഷം നിർമാണമാരംഭിക്കാനായാൽ നാലു വർഷത്തിനകം പദ്ധതി പൂർത്തിയാകും. നാഫ്തയും മറ്റും ഇന്ധനമായി ഉപയോഗിക്കുന്ന വ്യവസായശാലകൾക്കും താപവൈദ്യുതി നിലയങ്ങൾക്കും എൽ.എൻ.ജി ഇന്ധനമാക്കിയാൽ പ്രവർത്തനച്ചെലവ് ഗണ്യമായി കുറക്കാനാകും.

## സിംഗിൾ ബോയ് മൂറിംഗ് ടെർമിനൽ

പുറംകടലിൽ നിന്നു തന്നെ ക്രൂഡ് ഓയിൽ പമ്പ് ചെയ്യുന്നതിനുള്ള സിംഗിൾ ബോയ് മൂറിംഗ് അഥവാ എസ്.ബി.എം ടെർമിനൽ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത് കൊച്ചി റിഫൈനറിയാണ്. 720 കോടി രൂപയാണ് ഇതിന് ചെലവു കണക്കാക്കുന്നത്. പുറംകടലിലെത്തുന്ന വൻകിട എണ്ണക്കപ്പലുകളിൽ നിന്നും എസ്.ബി.എം വഴി കരയിലെ കൂറ്റൻ ടാങ്കുകളിലേക്ക് ക്രൂഡ് ഓയിൽ പമ്പു ചെയ്തെത്തിക്കുകയും തുടർന്ന് റിഫൈനറിയിലേക്ക് കൊണ്ടുപോകുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

## ഒരു ലക്ഷം തൊഴിൽ

വല്ലാർപാടം കണ്ടെയ്നർ ടെർമിനലും അനുബന്ധ പദ്ധതികളുമായി ബന്ധപ്പെട്ട് ഒരു ലക്ഷത്തിലേറെ പേർക്ക് തൊഴിലവസരമുണ്ടാകുമെന്നാണ് വിലയിരുത്തൽ. 7500 കോടി രൂപയുടെ മുതൽ മുടക്കിൽ നിന്നും കൊച്ചിയും കേരളവും കൈവരിക്കുന്ന വികസന നേട്ടം ലക്ഷം കോടി രൂപയോളമായിരിക്കുമെന്നും സാമ്പത്തിക വിദഗ്ധർ പറയുന്നു. വാണിജ്യ-വ്യാപാര മേഖലകളിലും സേവന രംഗത്തും ഈ നേട്ടം പ്രതിഫലിക്കും. പ്രമുഖ രാജ്യാന്തര സ്ഥാപനങ്ങളുടെ ഓഫീസുകൾ കൊച്ചിയിൽ പ്രവർത്തനമാരംഭിക്കും. വല്ലാർപാടത്തിന് കേന്ദ്രാനുമതി ലഭിച്ചതിനെ തുടർന്ന് കൊച്ചിയിലെ പ്രാന്തപ്രദേശങ്ങളിൽ പോലും ഭൂമിവില കുതിച്ചുയർന്നിട്ടുണ്ട്.

## കൂട്ടായ്മയുടെ വിജയം

വല്ലാർപാടം പദ്ധതി വലിയൊരു കൂട്ടായ്മയുടെ വിജയമാണ്, ഭാവിയിലേക്കൊരു മാതൃകയും. കക്ഷിരാഷ്ട്രീയ ഭേദമന്യേ എല്ലാവരും ഒന്നിച്ചു നടത്തിയ സമ്മർദ്ദത്തിന്റെ ഫലമാണ് വല്ലാർപാടം പദ്ധതിക്ക് ലഭിച്ച കേന്ദ്രാനുമതി. തൊഴിൽ സുരക്ഷിതത്വത്തെ കുറിച്ച് ആശങ്കാകുലരായിരുന്ന തൊഴിലാളികൾ പോലും പദ്ധതി നഷ്ടപ്പെടുമെന്ന ഘട്ടത്തിൽ വലിയ വിട്ടുവീഴ്ചകൾക്ക് തയാറായി. എം.പിമാരുമൊത്ത് സംസ്ഥാന സർക്കാർ നടത്തിയ സമ്മർദ്ദം വിജയം കണ്ടതോടെ കേരളത്തിന് ലഭിച്ചത് അനുപമമായൊരു ഓണസമ്മാനമാണ്. കേരളത്തിന്റെ വരുംകാലത്തിന് ഈ പദ്ധതി അടിത്തറയാകുമെന്നതിൽ സംശയമില്ല. ●

*(മലയാളം ന്യൂസിന്റെ സീനിയർ റിപ്പോർട്ടറാണ് ലേഖകൻ)*

# കേരള തീരത്തൊരു ഭാഗ്യോദയം

ഡോ. ജേക്കബ് തോമസ്,
ചെയർമാൻ, കൊച്ചി തുറമുഖ ട്രസ്റ്റ്




വല്ലാർപാടം അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ യാഥാർത്ഥ്യമാവുകയാണ്. കേരളത്തിലെ ജനങ്ങളുടെ ചിരകാലസ്വപ്നം പൂവണിയിക്കുന്ന വല്ലാർപാടം പദ്ധതി സംസ്ഥാനമൊട്ടാകെ അത്യുത്സാഹത്തോടെയാണ് ഉറ്റുനോക്കുന്നത്. കേരളത്തിന്റെ സമഗ്രവികസനത്തിന് ഈ പദ്ധതി നാന്ദിയാവും. പദ്ധതിക്കുള്ള കേന്ദ്രാനുമതി കൊച്ചി തുറമുഖട്രസ്റ്റിന് ലഭിച്ചു.

വല്ലാർപാടം പദ്ധതിക്ക് ഏതാണ്ട് 14 വർഷത്തെ ചരിത്ര പശ്ചാത്തലമുണ്ട്. 90കളുടെ തുടക്കത്തിലാണ് കൊച്ചി തുറമുഖട്രസ്റ്റ് പദ്ധതി മുന്നോട്ടുവച്ചത്. യൂറോപ്യൻ രാഷ്ട്രങ്ങളും ഗൾഫ് മേഖലയും മുതൽ പൂർവേഷ്യയും ഓസ്ട്രേലിയയും വരെ നീളുന്ന അതിവിപുലമായ കടൽവാണിജ്യപാതയാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. പലകാരണങ്ങളാൽ വല്ലാർപാടം പദ്ധതി തുടങ്ങാൻ സമയമെടുത്തെങ്കിലും ഒടുവിൽ ഈ മഹനീയ സ്വപ്നം പൂവണിയുകയാണ്; കേന്ദ്ര സർക്കാരിന്റെ ഉറച്ച പിന്തുണയോടെ.

ദുബായ് പോർട്ട് ഇന്റർനാഷണലാണ് ബി.ഒ.ടി. അടിസ്ഥാനത്തിൽ പദ്ധതി ഏറ്റെടുക്കുന്നത്. നിർമ്മിച്ചു പ്രവർത്തിപ്പിച്ചു കൈമാറുക എന്ന വ്യവസ്ഥയിലാണ് പദ്ധതി നടപ്പാക്കുന്നത്. തുറമുഖ ട്രസ്റ്റ് സെപ്തംബർ 16ന് ദുബായ് പോർട്ട് ഇന്റർനാഷണലിന് ടെണ്ടർ സമ്മതപത്രം നൽകി.

കൊച്ചി തുറമുഖം ഇപ്പോൾ രാജീവ്ഗാന്ധി ടെർമിനലാണ് കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നത്. 414 മീറ്റർ വരുന്ന നങ്കൂരസ്ഥലവും രണ്ട് ജെട്ടി പ്ലാറ്റ്ഫാറം ക്രയിനുകളും മറ്റനുബന്ധ സൗകര്യങ്ങളും അവിടെയുണ്ട്. ഫീഡർ കപ്പലുകളാണ് ഇവിടെ ഇപ്പോൾ കൈകാര്യം ചെയ്യുന്നത്. തുടക്കത്തിലെ പ്രവർത്തനങ്ങൾക്കായി ഈ ടെർമിനൽ ബി.ഒ.ടി. ഓപ്പറേറ്റർക്ക് കൈമാറും. വല്ലാർപാടം ടെർമിനലിന്റെ നിക്ഷേപം സുഗമമാക്കുന്നതിനു വേണ്ടിയാണിത്. എന്നാൽ ചുരുങ്ങിയ കാലംകൊണ്ട് വല്ലാർപാടം ടെർമിനലിന്റെ ഒന്നാംഘട്ടം പൂർത്തിയാക്കി കണ്ടെയ്നർ പ്രവർത്തനങ്ങൾ അന്താരാഷ്ട്ര ടെർമിനലിലേക്ക് മാറ്റും. നാലു വർഷം കൊണ്ട് വല്ലാർപാടം അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ കമ്മിഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കപ്പൽ ഗതാഗതവുമായി ബന്ധപ്പെട്ട എല്ലാ സൗകര്യങ്ങളും സാമഗ്രികളും ഉൾപ്പെടെ 600 മീറ്റർ വരുന്ന നങ്കൂര സ്ഥലം

വല്ലാർപാടം ടെർമിനൽ പ്രോജക്ട് നടപ്പിലാക്കുന്നതോടെ ടെർമിനൽ ഓപ്പറേറ്ററിൽ നിന്നും 33.3 ശതമാനം നിരക്കിൽ റവന്യു വരുമാനം ലഭിക്കുക വഴി തുറമുഖ ട്രസ്റ്റിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നതാണ്. വല്ലാർപാടം ടെർമിനൽ പദ്ധതി നടപ്പാക്കുന്ന വേളയിൽ തുറമുഖത്തിന് പ്രതീക്ഷിക്കുന്ന മൊത്തം വരുമാനം 2600 കോടി രൂപയോളമാണ്. കൂടാതെ ഈ പദ്ധതിയിലൂടെ കേരളത്തിനും രാജ്യത്തിനു മൊത്തമായും തന്നെ സാമ്പത്തികവും സാമൂഹികവുമായി ധാരാളം നേട്ടങ്ങൾ ഉണ്ടാകുന്നതാണ്.

## പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

- ഇന്ത്യൻ കണ്ടെയ്നർ വ്യാപാരത്തിലെ നേരിട്ടുള്ള കപ്പൽ ഗതാഗതവും ട്രാൻസ്ഷിപ്മെന്റും വഴി ഓരോ ടി.ഈ.യു.-ലും 10,000 രൂപ കണ്ട് ലാഭിക്കാം.
- കയറ്റുമതിച്ചെലവ് ചുരുക്കുന്നതിലൂടെ അന്താരാഷ്ട്ര വിപണിയിൽ വാണിജ്യം മെച്ചപ്പെടുത്താനാകും.
- ട്രാൻസ്ഷിപ്മെന്റ് ഒഴിവാക്കുകയും കയറ്റുമതി വർദ്ധിപ്പിക്കുകയും ചെയ്യുന്നതോടെ വിദേശവിപണിയിൽ വമ്പിച്ച കുതിച്ചുചാട്ടം ഉണ്ടാകും.
- ഫീഡർ കപ്പലുകൾ ഒഴിവാക്കുന്നതുവഴി റെയിൽ ഗതാഗതത്തിനും ട്രക്ക് ഓപ്പറേറ്റർമാർക്കും അവസരങ്ങൾ വർദ്ധിക്കും.
- ടെർമിനൽ, ട്രക്ക് പ്രവർത്തനങ്ങളിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകും.
- തുറമുഖാധിഷ്ഠിത വ്യവസായങ്ങളുടെ പുരോഗതിക്ക് സഹായകമാകും.
- അടിസ്ഥാനസൗകര്യങ്ങളായ ചാനൽവഴിയുള്ള ഗതാഗതവും മറ്റ് ഗതാഗത സൗകര്യങ്ങളും വർദ്ധിക്കുന്നതുവഴി മറ്റ് തുറമുഖ പദ്ധതികളും ത്വരിതപ്പെടും.
- രാജ്യത്തെ റെയിൽ-നാഷണൽ ഹൈവേ സൗകര്യം പരമാവധി പ്രയോജനപ്പെടുത്താൻ കഴിയും.
- കേരളത്തിന്റെ മൊത്തത്തിലുള്ള സാമൂഹിക സാമ്പത്തിക പുരോഗതി ഈ സൗകര്യങ്ങൾ വഴി മെച്ചപ്പെടും.

പണിയുകയെന്നതാണ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ വിഭാവനം ചെയ്യുന്നത്. തുടർന്ന് ടെർമിനലിന്റെ പൂർണ്ണ സജ്ജീകരണത്തിനാവശ്യമായ എല്ലാ വികസന പ്രവർത്തനങ്ങളും ആവശ്യാനുസരണം ലൈസൻസ് കാലയളവായ 30 വർഷത്തിനുള്ളിൽ കമ്പനി പൂർത്തിയാക്കും. 1800 മീറ്റർ വരുന്ന പ്രവർത്തന സ്ഥലത്തെ പണി പൂർണ്ണസജ്ജമാകുമ്പോൾ 30 ലക്ഷം ടി.ഇ.യു. കണ്ടെയ്നറുകൾ കൈകാര്യം ചെയ്യാൻ കഴിയുന്ന മികച്ച ടെർമിനലായി വല്ലാർപാടം മാറും.

വലിയ കണ്ടെയ്നർ കപ്പലുകൾക്ക് അടുക്കാനും പ്രവർത്തിക്കാനും കഴിയുന്ന വല്ലാർപാടം ടെർമിനൽ ക്രമേണ സമീപ പ്രദേശത്തെ മറ്റു തുറമുഖങ്ങളിലെ കണ്ടെയ്നർ ഗതാഗതത്തെ ഇങ്ങോട്ടേക്ക് ആകർഷിക്കും. അത് ഇന്ത്യൻ കണ്ടെയ്നർ ഗതാഗതത്തിന്റെ പുനഃക്രമീകരണത്തിന് വഴിതെളിക്കുകയും ചെയ്യുമെന്നതാണ് മറ്റൊരു കാര്യം. അങ്ങനെ വരുന്ന പുനഃക്രമീകരണവും തത്ഫലമായുള്ള ട്രാഫിക് വർദ്ധനയും. വല്ലാർപാടം ടെർമിനലിലെ ട്രാഫിക് വികസനത്തിൽ വൻകുതിച്ചു ചാട്ടത്തിന് ഇടയാക്കുമെന്ന് 2004 മാർച്ചിൽ നടത്തിയ വിശദമായ ട്രാഫിക് പഠനം ചൂണ്ടിക്കാട്ടുന്നു. ഇത്തരം ട്രാഫിക് വളർച്ചാ സാഹചര്യമാണ് പ്രതീക്ഷിക്കപ്പെടുന്നതെങ്കിൽ പോലും 2013-ഓടെ വല്ലാർപാടത്ത് 10 ലക്ഷം ടി.ഇ.യു. കണ്ടെയ്നറുകൾ കൈകാര്യം ചെയ്യാനാവും. അത് വീണ്ടും വികസിച്ച് 2025-ഓടെ 30 ലക്ഷം ആയി ഉയരുകയും ചെയ്യും.

പദ്ധതിയുടെ ഒന്നാംഘട്ട വികസനത്തിന് 700 കോടിയാണ് ബി.ഒ.ടി. കമ്പനിയുടെ നിക്ഷേപം. 2118 കോടിയാണ് സമ്പൂർണ്ണ വികസനത്തിനായി നിശ്ചയിച്ചിട്ടുള്ളത്.

ഇതിനു പുറമെ അനുബന്ധ അടിസ്ഥാന സൗകര്യ വികസനത്തിനായി 932 കോടി രൂപ കൂടി വേണ്ടിവരുന്നതാണ്.

പല കാരണങ്ങളാലാണ് ടെർമിനൽ



വില്ലിംഗ്ടൺ ദ്വീപിൽ സ്ഥാപിക്കാതിരുന്നത്. മുൻഭാഗത്ത് വേണ്ടത്ര ജല ലഭ്യതയുടെ കുറവ്, നിർമ്മിതിയിലെ തടസ്സങ്ങൾ എന്നിവ കാരണങ്ങളാണ്. അങ്ങനെയാണ് തുറമുഖത്തിന്റെ കൈവശമുള്ള വല്ലാർപാടം - പുതുവൈപ്പിൻ പ്രദേശങ്ങളിലെ പച്ചപ്പാടം ടെർമിനൽ പണിക്കായി തെരഞ്ഞെടുത്തത്. വല്ലാർപാടവും പുതുവൈപ്പിനും ദ്വീപുകളാണ്. ഗോശ്രീ പാതയിൻ കീഴിൽ റോഡുകളും പാലങ്ങളും സംസ്ഥാന സർക്കാർ നിർമ്മിച്ചിട്ടുണ്ടെങ്കിലും തുറമുഖ ഗതാഗതത്തിനായി ദേശീയ പാതയെ ബന്ധിപ്പിക്കുന്ന പ്രത്യേക പാത നിർമ്മിക്കേണ്ടതുണ്ട്. റെയിൽവേയുടെ സേവനം പദ്ധതിക്ക് ആവശ്യമായി വരുന്നതുകൊണ്ട് പദ്ധതി പ്രദേശവുമായി റെയിൽബന്ധം സ്ഥാപിക്കേണ്ടി വരും. പുതുവൈപ്പിൻ പ്രദേശത്തെ മുൻഭാഗ ജലം കടലിനഭിമുഖമാണ്. ജല പ്രവാഹത്തിൽ നിന്നും തിരമാലയിൽ നിന്നും ഒഴിഞ്ഞ് ശാന്തമായ തുറമുഖത്താവളം ആവശ്യമാണ്. അതിനായി രണ്ട് തുറമുഖച്ചിറ പണിയേണ്ടതുണ്ട്. ബാഹ്യ ചാനലിന്റെ വടക്കും തെക്കും ഭാഗങ്ങളിലായിട്ടായിരിക്കും ഇവ നിർമ്മിക്കുക.

നിലവിലുള്ള തുറമുഖ ചാനൽ 11.7 മീറ്റർ വരെയുള്ള കപ്പലുകളെ ഉൾക്കൊള്ളാൻ മാത്രമേ കഴിയൂ. 8000 ടി.ഇ.യു. ശേഷിയുള്ള കപ്പലുകളാണ് നിർദ്ദിഷ്ട പദ്ധതിയിൽ പ്രതീക്ഷിക്കുന്നത്. അതിനനുസരിച്ച് ഹാർബർ വികസിപ്പിക്കുകയും വേണം. മേൽവിവരിച്ച അടിസ്ഥാന സൗകര്യവികസനത്തിനായാണ് 932 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നത്.

| | പദ്ധതി | ചെലവ് |
|---|---|---|
| 1. | ദേശീയ പാതാനുബന്ധ റോഡ്. 16 കി.മീ. | 263 കോടി |
| 2. | റെയിൽപാത ബന്ധം | 125 കോടി |
| 3. | തുറമുഖചിറ നിർമ്മാണം | 80 കോടി |
| 4. | ഡ്രഡ്ജിംഗ്, നാവിക ചാനലുകൾ | 464 കോടി |

ഡ്രഡ്ജിംഗ്, തുറമുഖ ചിറ എന്നിവ കരാറടിസ്ഥാനത്തിൽ കൊച്ചി തുറമുഖം നിർമ്മിക്കും. ദേശീയ പാതയുടെയും റെയിൽപാതയുടെയും നിർമ്മാണം യഥാക്രമം നാഷണൽ ഹൈവേ, അതോറിറ്റി ഓഫ് ഇന്ത്യയും ഇന്ത്യൻ റെയിൽവെയും നിർവ്വഹിക്കും. കേന്ദ്ര സർക്കാരിന്റെ ധന സഹായത്തോടെയാണിത്. ഇവയുടെ നിർമ്മാണ പ്രവർത്തന നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്.

വിശാലവും ആഴമേറിയതുമായ ചാനലുകളിലൂടെ ജലമാർഗ്ഗം തുറമുഖങ്ങളിലേക്കും പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന ദേശീയപാതയിലൂടെയും റെയിൽപാതയിലൂടെയും കരമാർഗ്ഗം തുറമുഖമേഖലകളിലേക്കും പ്രയാസം കൂടാതെ എത്താൻ കഴിയുംവിധമുള്ള അടിസ്ഥാന സൗകര്യം വല്ലാർപാടം ടെർമിനൽ നടപ്പിലാക്കുക വഴി നമുക്കുറപ്പാവുകയാണ്. ഇത് വിവിധ തുറമുഖവികസന പ്രവർത്തനങ്ങൾക്ക് സഹായകമാവുകയും, മൊത്തത്തിലുള്ള തുറമുഖവികസനത്തിന് തന്നെ പ്രോത്സാഹനമാവുകയും ചെയ്യും. ഈ അനുകൂല സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ടാണ് ആഗ്രഹിക്കും വിധമുള്ള തുറമുഖ വികസനത്തിന് ഒരു സംയോജിത വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്.

## സംയോജിത വികസനപദ്ധതിയിലെ പ്രോജക്ടുകൾ

| പ്രോജക്ടിന്റെ പേര് | പ്രതീക്ഷിക്കുന്ന ചെലവ് | നിർവ്വഹണ രീതി | കോടിരൂപയിൽ സ്വകാര്യ നിക്ഷേപം |
|---|---|---|---|
| ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ | 2118 | ബി.ഒ.റ്റി. | 2118 |
| ഇന്റർനാഷണൽ ബങ്കറിങ്ങ് ടെർമിനൽ | 195 | ബി.ഒ.റ്റി. | 195 |
| ഇന്റർനാഷണൽ ഷിപ് റിപ്പയർയാഡ് | 315 | ബി.ഒ.റ്റി. | 315 |
| ഇന്റർനാഷണൽ ക്രൂയിസ് ടെർമിനൽ | 55 | അന്തിമ തീരുമാനം ആയിട്ടില്ല | - |
| കൊച്ചി എണ്ണ ശുദ്ധീകരണ ശാലയ്ക്കുവേണ്ടി ക്രൂഡ് ഓയിൽ കൈകാര്യം ചെയ്യൽ | 720 | പി.എസ്.യു. സഹായത്തിൽ | 720 |
| എൽ.എൻ.ജി. റീഗ്യാസിഫിക്കേഷൻ ടെർമിനൽ | 1600 | പി.എസ്.യു. സഹായത്തിൽ | 1600 |
| തുറമുഖാടിസ്ഥാനമാക്കിയുള്ള പ്രത്യേക സാമ്പത്തിക മേഖല | 1510 | സ്വകാര്യ-പൊതു പങ്കാളിത്തം | 1412 |
| മൊത്തം | 6513 | | |
| മറ്റ് അടിസ്ഥാന സൗകര്യം | 932 | നേരത്തെ വിവരിച്ചതുപോലെ | |
| ആകെ | 7445 | | |

(കൊച്ചി തുറമുഖ ട്രസ്റ്റിന് തുറമുഖാടിസ്ഥാനത്തിലുള്ള പ്രത്യേക സാമ്പത്തിക മേഖലയിൽ മാത്രമേ ഓഹരിയുള്ളു. അത് 98 കോടിയാണ്.)

സംയോജിത വികസന പദ്ധതിയുടെ കീഴിൽ പരിചിന്തനം ചെയ്യപ്പെടുന്ന വല്ലാർപാടം ടെർമിനൽ ഉൾപ്പെടെയുള്ള പ്രോജക്ടുകളുടെയും അവയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെയും പട്ടിക മുകളിൽ:

ഏതുവിധവും ഈ വലിയ പദ്ധതിയുടെ വിജയകരമായ വികസനത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ യഥാസമയം നടപ്പാക്കേണ്ടതാണ്. തുറമുഖ ട്രസ്റ്റ്, ഇത് നടപ്പിലാക്കേണ്ട ഏജൻസികൾ, സംസ്ഥാന-കേന്ദ്രസർക്കാരുകൾ, പൊതുജനങ്ങൾ തുടങ്ങി എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണവും ശ്രമവും ഈ പദ്ധതിയ്ക്കായി അർപ്പിക്കേണ്ടതുണ്ട്.



# ജനഹിത സാക്ഷാത്കാരം



സംസ്ഥാനത്തിന്റെ
വികസനമാണ് മുഖ്യ
അജണ്ടയെന്ന്
മുഖ്യമന്ത്രി ഉമ്മൻചാണ്ടി.
സംസ്ഥാനത്തിന്റെ
വികസനം ലക്ഷ്യമാക്കി
നൂറു നാളുകൾ കൊണ്ട്
ചെയ്യേണ്ട കർമ്മപദ്ധതിയും
ആവിഷ്കരിച്ചു. തൊഴിൽ
രഹിതർക്കും ഭവനരഹി
തർക്കും ഭൂരഹിതർക്കും
ആശ്വാസമാകുന്ന പദ്ധതി
കളാൽ സമ്പുഷ്ടമാണ്
ഈ കർമ്മപരിപാടി.

# 100

സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ തീരുമാനമെടുക്കേണ്ട എല്ലാ ഫയലുകളിലും 100 ദിവസത്തിനകം തീരുമാനമെടുക്കും. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും സഹായധനം അഭ്യർത്ഥിച്ചുകൊണ്ട് സെക്രട്ടേറിയറ്റിലും ജില്ലകളിലും നിലവിലുള്ള എല്ലാ അപേക്ഷകളിലും 30 ദിവസത്തിനകം തീരുമാനമെടുത്ത് അർഹമായ സാമ്പത്തിക സഹായം നൽകിയിരിക്കും. ത്രിതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കേണ്ട പദ്ധതികളിൽ അംഗീകാരം നൽകിയിട്ടില്ലാത്തവയിൽ ഉടനടി തീരുമാനമെടുത്ത് അംഗീകാരം നൽകി പദ്ധതികൾ നടപ്പാക്കും. നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി. റാങ്ക്ലിസ്റ്റുകളുണ്ടെങ്കിൽ ഉടനടി നികത്തും. പി.എസ്.സി. റാങ്ക്ലിസ്റ്റ് നിലവിലില്ലെങ്കിൽ ഒഴിവുകൾ ഉടനടി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യും.

ഒഴിവായിക്കിടക്കുന്ന പ്രൊമോഷൻ തസ്തികകളിൽ നിയമനം നടത്താനായി ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റികൾ ഉടൻ വിളിച്ചുകൂട്ടി സെലക്ട് ലിസ്റ്റ് തയ്യാറാക്കുകയും നിയമനങ്ങൾ നടത്തുകയും ചെയ്യും. അഗതി, വിധവ, വികലാംഗ പെൻഷനുകളുടെ കുടിശ്ശിക ഉടനടി കൊടുത്തു തീർക്കും. തീരദേശ വികസന, മലയോര വികസന അതോറിറ്റികൾ രൂപീകരിക്കും.

പരമ്പരാഗത വ്യവസായങ്ങളുടെ അഭിവൃദ്ധിക്കും അതിൽ ഏർപ്പെടുന്ന തൊഴിലാളികളുടെ ഉന്നമനത്തിനുമായി പദ്ധതികൾ ഉണ്ടാക്കി കേന്ദ്രസഹായത്തോടെ നടപ്പാക്കും. കയർ, ഓട്, കൈത്തറി, കശുവണ്ടി, ബാമ്പു, കരകൗശലം, ഖാദി, ബീഡി, മത്സ്യബന്ധനം എന്നീ മേഖലകൾക്കുള്ള പദ്ധതികളാണ് തയ്യാറാക്കുന്നത്. കുടുംബശ്രീ യൂണിറ്റ്, സ്വയം സഹായസംഘങ്ങൾ, വനിതാ, കൃഷി സംഘം, വനിതാ സഹകരണ സംഘം, തൊഴിൽരഹിത യുവാക്കളുടെ സംഘങ്ങൾ, യൂത്ത് ക്ലബ്ബുകൾ എന്നിവ വഴി തുണി, കടലാസ്, പാള, നാരുകൾ, ഇല മുതലായവ ഉപയോഗിച്ചുള്ള പ്ലാസ്റ്റിക് കതകുകൾ നിർമ്മിക്കുന്നതിനും അതുവഴി പരിസരമലിനീകരണം തടയുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള പദ്ധതികൾക്ക് ഉടൻ രൂപം കൊടുത്ത് നടപ്പാക്കും.

മുഖ്യമന്ത്രി 14 ജില്ലകളും സന്ദർശിക്കുന്നതും പൊതുജനങ്ങളിൽ നിന്നും പരാതികൾ സ്വീകരിച്ച് വികസന പ്രവർത്തനത്തിന് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതുമാണ്. 25000 ഭൂരഹിതർക്ക് പട്ടയം നൽകുന്നതിനുള്ള തീവ്രയത്നപരിപാടി നടപ്പാക്കും. ഗ്ലോബൽ ഇൻവെസ്റ്റർ മീറ്റ് വഴി ആരംഭിച്ച വികസന അജണ്ട നടപ്പാക്കും. കൂടുതൽ നിക്ഷേപങ്ങൾ ആകർഷിച്ച് സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനം ത്വരിതപ്പെടുത്തും. ഇതിനായി വിദേശ മലയാളികളുടെ പൂർണമായ സഹകരണം തേടും. പരമ്പരാഗത വ്യവസായങ്ങൾ കേന്ദ്ര സർക്കാരിന്റെ പൊതുമിനിമം പരിപാടിയിൽ ഉൾപ്പെടുത്തി പദ്ധതികൾ ഉണ്ടാക്കി വികസിപ്പിക്കും. വിവരസാങ്കേതിക മേഖലയ്ക്ക് പ്രാധാന്യം കൊടുത്ത് സാമ്പത്തിക വികസനം ത്വരിതപ്പെടുത്തും. പ്രതിപക്ഷവുമായി ആലോചിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധാരണം നടത്തും. ക്ലീൻ കേരളാ പദ്ധതി ഫലവത്തായി നടപ്പാക്കുകയും നഗരങ്ങളുടെ ശുചീകരണത്തിന് ബലവത്തായി അടിത്തറയുണ്ടാക്കുകയും ചെയ്യും. അഞ്ച് നഗരങ്ങളിൽ സിവറേജ്, ഖരമാലിന്യ നിർമ്മാർജനം, ശുദ്ധജലവിതരണം, റോഡുവികസനം എന്നിവയ്ക്ക് ആവശ്യമായ പദ്ധതികൾക്ക് 100

25000 ഭൂരഹിതർക്ക് പട്ടയം നൽകുന്നതിനുള്ള തീവ്രയത്ന പരിപാടി നൂറു ദിവസത്തിനുള്ളിൽ നടപ്പാക്കും. നൂറു ദിവസത്തെ കർമ്മപരിപാടിയുടെ ഭാഗമായാണിത്. തെങ്ങുരോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തും. വയനാട്ടിൽ കുരുമുളകു കൃഷിക്ക് റീപ്ലാന്റിങ്ങ് പദ്ധതി നടപ്പാക്കും.

ജലസേചന വകുപ്പിൽ 10 ലക്ഷം ആളുകൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള 16 പദ്ധതികൾ കമ്മിഷൻ ചെയ്യും. 600 സ്കൂളുകളിൽ 100 ദിവസത്തിനുള്ളിൽ കുടിവെള്ളം എത്തിക്കുന്നതിന് പുറമേ 537 മഴവെള്ളശേഖരണ (വർഷ) പദ്ധതികളും നടപ്പാക്കും. തിരുവനന്തപുരത്ത് ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ പ്രവർത്തനം ആരംഭിക്കും. കൊച്ചിയിൽ മറീന പദ്ധതി നടപ്പാക്കും. തൃപ്പൂണിത്തുറയിൽ എക്കോടൂറിസം പദ്ധതി ആരംഭിക്കുന്നതാണ്.

വർക്കലയിൽ വാക്ക്‌വേ നിർമ്മിക്കും. വർക്കലയുടെ വികസനത്തിനായി ഒരു വികസന അതോറിറ്റിയും രൂപവത്കരിക്കും. ശബരിമല തീർത്ഥാടകർക്ക് ഈ വർഷം കൂടുതൽ സൗകര്യം ഒരുക്കാൻ വിനോദസഞ്ചാര വകുപ്പ് ശ്രമിക്കും. കോഴിക്കോട്ട് ഡ്രീം സിറ്റി പദ്ധതിയും നടപ്പാക്കും.



ദിവസത്തിനകം രൂപം കൊടുക്കും. അഞ്ച് നഗരങ്ങളിൽ ജനസേവന കേന്ദ്രങ്ങൾ തുറക്കും. 100 പഞ്ചായത്തുകളിൽ 'ആശ്രയ' പദ്ധതി പുതുതായി ആരംഭിക്കുന്നതാണ്.

കുളമ്പുരോഗം നിർമ്മാർജ്ജനം ചെയ്യും. മൃഗാശുപത്രികളിൽ ടെലഫോൺ, ലാബ് സൗകര്യങ്ങൾ സ്ഥാപിക്കുന്നതാണ്. തെങ്ങ്രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതാണ്. വയനാട്ടിൽ കുരുമുളക് കൃഷിക്ക് റീപ്ലാന്റിംഗ് പദ്ധതി നടപ്പാക്കും. സ്വയം സഹായസംഘങ്ങൾ വഴി 150 കൊപ്രാ ഡ്രയർ യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്. പുഷ്പ കൃഷി പദ്ധതി വ്യാപിപ്പിക്കും. കയർ ഡിഫൈബറിംഗ് യൂണിറ്റുകളും സ്ത്രീകൾക്കായി 1000 കയർ റാട്ടുകളും സ്ഥാപിക്കുന്നതാണ്. കയർ ഗവേഷണ വികസന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കും. ഭൂവസ്ത്രത്തിന്റെ ഉപയോഗം വ്യാപിപ്പിക്കും. അരൂരിൽ പാൽ ഫാക്ടറി സ്ഥാപിക്കുന്നതാണ്.

സംസ്ഥാനത്തെ പ്രധാന ആശുപത്രികളിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഹെൽത്ത് സിസ്റ്റം പ്രോജക്ട് നടപ്പാക്കും. ആരോഗ്യ പരിപാലന രംഗത്ത് വലിയ അഭിവൃദ്ധി കൊണ്ടുവരുന്നതിനുള്ള നടപടികൾ എടുക്കും. നാല് ജില്ലകളിൽ സ്കൂൾ കുട്ടികൾക്കായി ഹെൽത്ത് ഗൈഡ് ആരംഭിക്കും. ടെലിമെഡിസിൻ പ്രോഗ്രാം നടപ്പാക്കും. തീരദേശ-കയർ മേഖലകളിലെ ആശുപത്രികളിൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉടനടി നടപടി കൈക്കൊള്ളും.

ഒരു ലക്ഷത്തിൽപരം പേർക്ക് കൂടി അന്ത്യോദയ പദ്ധതി നടപ്പാക്കും. 20 ലാഭം സ്റ്റോറുകൾ ആരംഭിക്കും. അഞ്ച് മാവേലി സ്റ്റോറുകൾ തുറക്കും. റേഷൻ കടകളിൽ കൂടി മാവേലി സ്റ്റോറുകളിൽ കൊടുക്കുന്ന സാധനങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി എടുക്കും. മാവേലി-ലാഭം സ്റ്റോറുകളിൽ കൂടി കുടുംബശ്രീ ഉത്പന്നങ്ങൾ വിൽക്കുന്നതിന് ഏർപ്പാട് ചെയ്യും.

ഭൂരഹിത ആദിവാസി കുടുംബങ്ങൾക്ക് ഭൂവിതരണം ത്വരിതഗതിയിൽ നടത്തുന്നതാണ്. അടുത്ത 100 ദിവസങ്ങൾക്കുള്ളിൽ 500 കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്യും. വയനാട് ആദിവാസികൾക്കായി രണ്ട് അഗതിമന്ദിരങ്ങൾ സ്ഥാപിക്കും. 18 മോഡൽ സ്കൂളുകളിൽ കൗൺസിലിംഗ് തുടങ്ങും. പട്ടികജാതി വകുപ്പിലെ എല്ലാ ജില്ലാ ആഫീസുകളും കമ്പ്യൂട്ടർവത്കരിക്കും. ഇൻഫർമേഷൻ ഗൈഡൻസ് പദ്ധതി തുടങ്ങുന്നതാണ്. ബോട്ട് ക്രൂ പരിശീലനം പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കായി ഏർപ്പെടുത്തും. താളിയോല ഗ്രന്ഥങ്ങൾ സൂക്ഷിക്കുന്നതിനുള്ള 'പുരാരേഖകളിലേക്ക് പുണ്യയാത്ര' എന്ന പുതിയ പദ്ധതി ആരംഭിക്കും. ചെമ്പഴന്തിയിൽ ശ്രീനാരായണ പഠനകേന്ദ്രം പ്രവർത്തനം തുടങ്ങും.

ബാർബർ, അലക്ക് തൊഴിലാളികളുടെ ക്ഷേമപദ്ധതി ആരംഭിക്കും. മോട്ടോർ വർക്ക്ഷോപ്പ് തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതി തുടങ്ങും. 10 ഐ.റ്റി.ഐ.കളുടെ നിലവാരം ഉയർത്തി അവ ആധുനികവത്കരിക്കുന്നതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കെല്ലാം സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സ്കീം വഴി ലഭിക്കുന്ന സഹായം 50,000 രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു കൂടുതൽ ഫലവത്താക്കും. കണ്ണൂർ സ്റ്റേഡിയം, തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയം എന്നിവയിൽ പുതിയ സൗകര്യങ്ങൾ സൃഷ്ടിക്കും.

40,000 രൂപ വീതം മുടക്കി 1500 വീടുകൾ മത്സ്യത്തൊഴിലാളി



## 250 കോടിയുടെ പുതിയ റോഡുകൾ

250 കോടി രൂപയ്ക്കുള്ള പുതിയ റോഡുകൾക്കും പാലങ്ങൾക്കും ഭരണാനുമതി നൽകി. രണ്ടു മാസത്തിനകം പണി തുടങ്ങും. ശബരിമല തീർത്ഥാടനത്തിന് വനഭൂമി ലഭ്യമാക്കും.

6000 കി.മീ. നീളമുള്ള റോഡുകൾ ജില്ലാ റോഡുകളായി ഉയർത്തും. മലയോര ഹൈവേയുടെ ഭാഗമായ പാലങ്ങളുടെയും റോഡുകളുടെയും പണി തുടങ്ങും.

25 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കും.

അടുത്ത വർഷത്തെ പാഠപുസ്തക അച്ചടി മുഴുവൻ സ്വകാര്യ മേഖലയിൽ നിന്നു മാറ്റി കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി വഴി നൽകും.

അഞ്ച് നഗരങ്ങളിൽ മാലിന്യനിർമ്മാർജനം, റോഡുവികസനം എന്നിവയ്ക്കുള്ള പദ്ധതികൾക്കും നൂറ് ദിവസത്തിനകം രൂപം നൽകും.



നൂറു ദിവസത്തിനുള്ളിൽ സർക്കാർ 15000 സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകും. ജിമ്മിലൂടെ ആരംഭിച്ച വികസന അജണ്ട നടപ്പാക്കും. പ്രതിപക്ഷവുമായി ആലോചിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കും.

നിക്ഷേപങ്ങൾ ആകർഷിച്ചും വിവരസാങ്കേതിക മേഖലയ്ക്ക് പ്രാധാന്യം നൽകിയും സാമ്പത്തിക വികസനം ത്വരിതപ്പെടുത്തും. ഇതിനായി വിദേശമലയാളികളുടെ സഹായം തേടും. ഒന്നരലക്ഷം വീടുകളിൽ 100 ദിവസത്തിനുള്ളിൽ പുതിയ കണക്ഷൻ നൽകാനാണ് വൈദ്യുതി വകുപ്പിന്റെ ലക്ഷ്യം. 26 നഗരസഭകളിൽ വോൾട്ടേജ് കൂട്ടും. 20 സബ്സ്റ്റേഷനുകൾ പൂർത്തിയാക്കും. അഞ്ച് നഗരങ്ങളിൽ ജനസേവന കേന്ദ്രങ്ങൾ തുറക്കും. 100 പഞ്ചായത്തുകളിൽ 'ആശ്രയ' പദ്ധതി ആരംഭിക്കും.

കൾക്ക് വേണ്ടി നിർമ്മിക്കും. കൈവശരേഖ, വൈദ്യുതി കണക്ഷൻ തുടങ്ങിയ വിവിധ സഹായങ്ങൾ ഉൾക്കൊള്ളുന്ന 'തീര സുരഭി പദ്ധതി' അഞ്ച് ജില്ലകളിൽ പുതുതായി നടപ്പാക്കും. മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പൂർണ്ണമായ സർവെ എടുക്കുന്നതാണ്. തീരദേശ പ്രദേശത്ത് കുടിവെള്ളത്തിനായി ഡി സാലിനേഷൻ പ്ലാന്റുകൾ സ്ഥാപിക്കും. തോട്ടപ്പള്ളി ഫിഷറീസ് ഹാർബർ പണിയാരംഭിക്കും. 10 ലക്ഷം ആളുകൾക്ക് കുടിവെള്ളം ലഭ്യമാക്കുന്ന 16 പദ്ധതികൾ കമ്മിഷൻ ചെയ്യും. 600 സ്കൂളുകളിൽ കുടിവെള്ളം എത്തിക്കുന്നതാണ്. 537 മഴവെള്ള ശേഖരണ (വർഷം) പദ്ധതി നടപ്പാക്കും.

12000 ആളുകളെ സ്വയംസഹായ സംഘങ്ങൾ വഴിയുള്ള സ്വയം തൊഴിൽ പദ്ധതിയിൽ ഉൾപ്പെടുത്തും. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്കായി 10000 വീടുകൾ പൂർത്തിയാക്കുകയും 6000 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്യും. കൂടാതെ 4000 വീടുകളുടെ പുനരുദ്ധാരണം പൂർത്തിയാക്കുകയും 2500 വീടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യും. ഖാദി വ്യവസായരംഗത്തെ എല്ലാ തൊഴിലാളികളെയും ക്ഷേമ പദ്ധതികളിൽ ഉൾപ്പെടുത്തുകയും അവർക്കെല്ലാം ക്രെഡിറ്റ് കാർഡുകൾ നൽകുകയും ചെയ്യും. ജോലി നഷ്ടപ്പെട്ട 4000 ചാരായത്തൊഴിലാളികൾക്ക് കള്ള്ഷാപ്പുകളിൽ ജോലി നൽകും. മദ്യവർജ്ജന ബോധവത്കരണത്തിന് ധനസഹായം നൽകും. സംസ്ഥാനത്തെ ജില്ലകളും തലസ്ഥാനവുമായി ബന്ധിപ്പിക്കുന്ന ഐ.റ്റി. ബാക്ക് ഓൺ സ്ഥാപിച്ച് പൊതുജനങ്ങൾക്ക് വിവിധ സർട്ടിഫിക്കറ്റുകളും രേഖകളും കാലതാമസം കൂടാതെ നൽകും.

ഹയർ സെക്കന്ററി സ്കൂളുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് റീജിയണൽ ഓഫീസുകൾ സ്ഥാപിക്കും. അംഗവൈകല്യമുള്ള കുട്ടികൾക്ക് യാത്രാസഹായ പദ്ധതി നടപ്പാക്കും. വോൾട്ടേജില്ലാത്ത എട്ട് സർക്കാർ ഹൈസ്കൂളുകളിൽ ജനറേറ്ററുകൾ വിതരണം ചെയ്യും. എസ്.എസ്.എൽ.സി. തുല്യതാ പരീക്ഷാ പദ്ധതി നടപ്പാക്കും. ഓരോ ജില്ലയിലും ലീഡ് സ്കൂൾ ആരംഭിക്കും. ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കാര്യമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളും. കെ.എസ്.ആർ.ടി.സി.യുടെ നിലവിലുണ്ടായിരുന്ന ഷെഡ്യൂളുകളെല്ലാം പുനഃസ്ഥാപിക്കും. നിർത്തലാക്കിയ ഡിപ്പോകൾ, സ്റ്റേഷനുകൾ, സ്റ്റേ ബസ് സൗകര്യം, റൂട്ടുകൾ എന്നിവയിൽ അത്യാവശ്യമുള്ളവ പുനഃസ്ഥാപിക്കും. 150 ഹൈടെക് ബസ്സുകൾ ഉൾപ്പെടെ 200 പുതിയ ബസ്സുകൾ നിരത്തിലിറക്കും. ഫോർട്ട് കൊച്ചി, കാവാലം ബോട്ട്ജെട്ടികൾ പുനരാരംഭിക്കും.

സഹകരണ മേഖലയിൽ കാർഷിക വായ്പ മദ്ധ്യകാല വായ്പ ആക്കുകയും പലിശ രണ്ട് ശതമാനം കണ്ട് കുറച്ച് 8.50 ശതമാനം ആക്കുകയും ചെയ്യും. മഴവെള്ള പദ്ധതി നടപ്പാക്കുന്നതിനും കിണറുകൾ കുഴിക്കുന്നതിനും സഹകരണ സംഘങ്ങൾ വായ്പ നൽകും. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കും. പഠനത്തിനൊപ്പം തൊഴിൽ പദ്ധതി ആരംഭിക്കും. വിഴിഞ്ഞം തുറമുഖം സ്ഥാപിക്കുന്നതിന് സർക്കാർ ഉടമസ്ഥതയിൽ ഒരു കമ്പനി രൂപീകരിക്കുന്നതാണ്. ബേപ്പൂർ അഴീക്കൽ തുറമുഖങ്ങളുടെ പണി നടത്തും.

വിനോദസഞ്ചാര രംഗത്ത് പാലക്കാട്ട് ഗസ്റ്റ്ഹൗസ് തുറന്ന് കൊടുക്കും. തിരുവനന്തപുരത്ത് ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ പ്രവർത്തനം ആരംഭിക്കും. കൊച്ചിയിൽ മരീന പദ്ധതി നടപ്പാക്കും. തൃപ്പൂണിത്തുറ എക്കോ ടൂറിസം പദ്ധതി ആരംഭിക്കും. വർക്കലയിൽ വാക്ക് വേ നിർമ്മിക്കുന്നതാണ്. വർക്കലയുടെ വികസനത്തിനായി ഒരു വികസന അതോറിട്ടി രൂപീകരിക്കും. എക്കോ ടൂറിസം വ്യാപകമാക്കും. ശബരിമല തീർത്ഥാടകർക്ക് ഈ വർഷം കൂടുതൽ സൗകര്യങ്ങൾ ഒരുക്കും. കോഴിക്കോട് ഡ്രീം സിറ്റി പദ്ധതി നടപ്പാക്കും.

## നികുതി കുടിശ്ശിക തീർപ്പാക്കാൻ കമ്മിഷൻ

നികുതി കുടിശ്ശിക സംബന്ധമായ കേസുകൾ എളുപ്പത്തിൽ തീർപ്പാക്കാൻ സെറ്റിൽമെന്റ് കമ്മിഷൻ രൂപവത്കരിക്കാൻ നിർദ്ദേശിക്കുന്നു. വിൽപന നികുതി വെട്ടിപ്പ് തടയാൻ 40 അധിക ഇന്റലിജൻസ് സ്ക്വാഡുകൾ കൂടി രൂപവത്കരിക്കും. എല്ലാ വ്യാപാരികൾക്കും ഇലക്ട്രോണിക് ഐഡന്റിറ്റി കാർഡുകൾ നൽകുന്നതും നൂറു ദിവസത്തിനുള്ളിൽ പൂർത്തിയാക്കും.




# കർത്തവ്യത്തിനപ്പുറം പ്രവർത്തിക്കണം

ജനങ്ങൾക്ക് സർക്കാരിലുള്ള പ്രതീക്ഷ നിറവേറ്റുന്നതിന് എല്ലാ ജീവനക്കാരും അവരുടെ സാധാരണ കർത്തവ്യത്തിനപ്പുറം എന്തെങ്കിലും അധികമായി ചെയ്യാൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ആഹ്വാനം ചെയ്തു. ജനങ്ങൾ ജീവനക്കാരിൽ നിന്ന് മര്യാദയും സുതാര്യതയും കാര്യക്ഷമതയും പ്രതീക്ഷിക്കുന്നു. ഉദ്യോഗസ്ഥർ ഈ ലക്ഷ്യത്തോടെ പ്രവർത്തിക്കുമ്പോൾ മാത്രമേ സർക്കാരിന് ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ കഴിയൂ. ഇത് കടമ മാത്രമല്ല, കാലഘട്ടത്തിന്റെ ആവശ്യം കൂടിയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ജനങ്ങളെ, വിശിഷ്യ പാവങ്ങളെ സേവിക്കലാണ് സർക്കാരിന്റെ പ്രഥമ കർത്തവ്യം. കൂടുതൽ നിലവാരമുള്ള പൊതുസേവനം ഉറപ്പുവരുത്തണം. എന്നാൽ കഴിഞ്ഞ പത്തിരുപതു വർഷമായി നമ്മുടെ സേവന നിലവാരത്തിന് അപചയമാണുണ്ടായത്. സാമ്പത്തിക കാരണങ്ങൾ ഈ അപചയത്തിന് കാരണമായിട്ടുണ്ടാവാം. എങ്കിലും സർക്കാർ സംവിധാനങ്ങൾക്കും അവിടെ ജോലി ചെയ്യുന്നവർക്കും വന്നുപെട്ട നിഷ്ക്രിയത്വത്തിന്റെ കാരണങ്ങൾ ആരായേണ്ടതാണ്.

ജനകേന്ദ്രീകൃത സേവനനയം സംബന്ധിച്ച രാജ്യാന്തര ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. ഭരണ പരിഷ്ക്കാരക്കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് നടപ്പാക്കുന്ന സേവന നയപദ്ധതി പ്രകാരം എട്ട് വകുപ്പുകളിൽ 22 വിഭാഗങ്ങളിലായി 2605 സ്ഥാപനങ്ങൾ മാതൃകാ സ്ഥാപനങ്ങളാക്കി മാറ്റും. ആശുപത്രികളും സ്കൂളുകളും റവന്യൂ ഓഫീസുകളും പോലീസ് സ്റ്റേഷനുകളും രജിസ്ട്രേഷൻ ഓഫീസുകളും ഇതിലുൾപ്പെടും.

ഒക്ടോബറിൽ പദ്ധതി പ്രവർത്തനം ആരംഭിക്കാനാണുദ്ദേശിക്കുന്നതെന്ന് ഉമ്മൻചാണ്ടി അറിയിച്ചു.

വിശാലമായ ആസൂത്രണം, പദ്ധതികൾക്ക് സ്ഥലം ഏറ്റെടുക്കൽ, പൊതുസേവന സംവിധാനം കാര്യക്ഷമമാണെന്ന് ഉറപ്പുവരുത്തൽ, വിവരങ്ങൾ എളുപ്പത്തിൽ കിട്ടുന്നതിന് സർക്കാർ ഓഫീസുകളെ പരസ്പരം ബന്ധിപ്പിക്കൽ എന്നിങ്ങനെയുള്ള നടപടികളോടൊപ്പം ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ചീഫ് സെക്രട്ടറി ബാബു ജേക്കബ് ചൂണ്ടിക്കാട്ടി.





# ഗാന്ധിജി കണ്ട

അജിത് വെണ്ണിയൂർ

**അഞ്ച് തവണയേ ഗാന്ധിജി കേരളം സന്ദർശിച്ചിട്ടുള്ളു. പക്ഷേ ഈ നാടിനെക്കുറിച്ച് അദ്ദേഹം എഴുതിയതും പറഞ്ഞതും ഗാന്ധിസാഹിത്യ സമുച്ചയത്തിലെ ആയിരത്തിലധികം പുറങ്ങളിൽ പരന്നുകിടക്കുന്നു. കേരളത്തെ അദ്ദേഹം അത്രയ്ക്കിഷ്ടപ്പെട്ടിരുന്നു.**

"തിരുവിതാംകൂർ ഒരു സുവർണോദ്യാനമാണ്. കൊച്ചി ഒരു ജലകന്യകയെപ്പോലെ സുന്ദരം. മലബാറിൽ സ്ത്രീകൾ അനുഭവിക്കുന്നിടത്തോളം സ്വാതന്ത്ര്യം ഇന്ത്യയിൽ മറ്റെങ്ങും തന്നെയില്ല."

കേരളം ഗാന്ധിജിക്ക് എന്നും വിസ്മയമായിരുന്നു. അഞ്ചു തവണയേ അദ്ദേഹം കേരളം സന്ദർശിച്ചിട്ടുള്ളു. പക്ഷെ ഈ നാടിനെക്കുറിച്ച് അദ്ദേഹം പറഞ്ഞതും എഴുതിയതും ഗാന്ധിസാഹിത്യസമുച്ചയത്തിലെ ആയിരത്തിലധികം പുറങ്ങളിലായി പരന്നുകിടക്കുന്നു.

കേരളക്കരയുടെ സൗന്ദര്യം ഗാന്ധിജിയെ തരളിതനാക്കി. വിദ്യാഭ്യാസവും സംസ്കാരവും അദ്ദേഹത്തിൽ ആദരവുണർത്തി. അയിത്തവും മദ്യത്തിന്റെ വ്യാപാരവും അദ്ദേഹത്തെ നിരാശനാക്കി. മാപ്പിള ലഹളയും വെള്ളപ്പൊക്കവും പകർച്ചവ്യാധികളും കണ്ട് അദ്ദേഹം ദുഃഖിച്ചു. രാഷ്ട്രീയ നാടകങ്ങളും അടിയൊഴുക്കുകളും ഗാന്ധിജിയെ പ്രകോപിപ്പിച്ചു. എല്ലാം അദ്ദേഹം അപ്പപ്പോൾ തന്നെ പ്രകടിപ്പിച്ചു. പക്ഷെ അവയ്ക്കെല്ലാമുപരിയായി കേരളം ഒരു ദൗർബല്യമായി അദ്ദേഹത്തിൽ ആദ്യന്തം നിലകൊണ്ടു.

"എന്റെ മനസ്സിലുള്ള തിരുവിതാംകൂറിന്റെ ചിത്രം ആകെക്കൂടി ഹൃദ്യമാണ്" - 1925-ൽ യങ് ഇന്ത്യയിൽ എഴുതിയ സാമാന്യം ദീർഘമായ ഒരു കുറിപ്പിൽ ഗാന്ധിജി പറഞ്ഞു.

"ഏതാനും പട്ടണങ്ങളും നിരവധി ഗ്രാമങ്ങളും ചേർന്ന സംസ്ഥാനമല്ല തിരുവിതാംകൂർ. അത് ഒരു വലിയ നഗരമാണെന്ന് തോന്നും. 40 ലക്ഷത്തിലേറെ സ്ത്രീപുരുഷന്മാർ അവിടെ പാർക്കുന്നു. മനോഹരങ്ങളായ കൊച്ചുകൊച്ചു വീടുകൾ പുള്ളികുത്തുന്ന കൊച്ചുകൊച്ചു കൃഷിസ്ഥലങ്ങളിലായി അവർ കഴിഞ്ഞുകൂടുന്നു. പല ഇന്ത്യൻ ഗ്രാമങ്ങളിലും കാണുന്നതുപോലുള്ള വൃത്തികേട് അൽപവും ഇല്ല."

തിരക്കിട്ട യാത്രയ്ക്കിടയിൽ താൻ കണ്ട കേരളത്തിന്റെ ചിത്രം ഒരു കാൻവാസിലെന്നപോലെ അദ്ദേഹം വരച്ചുകാട്ടുന്നു.

"മനോഹരമായ ജലഗതാഗത മാർഗ്ഗങ്ങൾ കൊണ്ടും അതുപോലെ മനോഹരമായ റോഡുകൾകൊണ്ടും തിരുവിതാംകൂർ അനുഗൃഹീതമാണ്. 7625 ചതുരശ്രമൈലാണ് വിസ്തീർണം. അതിന്റെ പകുതിയും മലകളും കാടുകളുമാണ്. വടക്കേ അറ്റത്തുകൂടിയാണ് ഞാൻ പ്രവേശിച്ചത്. വൈക്കം ഏതാണ്ട് വടക്കേ അതിർത്തിയിലാണ്. അങ്ങോട്ടേയ്ക്ക് ചെല്ലേണ്ടത് മനോഹരമായ ഒരു ജലമാർഗത്തിൽക്കൂടിയാണ്. അതിന്റെ ഇരുകരകളും സസ്യഭൂയിഷ്ഠമാണ്. പ്രധാനമായും തെങ്ങുതന്നെ."

"തെക്കേ അറ്റത്തെ കന്യാകുമാരി വരെ അവർ എന്നെക്കൊണ്ടുപോയി. അവിടെ ഭാരതമാതാവിന്റെ പാദങ്ങളെ സമുദ്രം നിത്യവും ആദരപൂർവ്വം കഴുകിത്തുടയ്ക്കുന്നു. മനോഹരമായി സംവിധാനം ചെയ്തിട്ടുള്ള ഒരു ഉദ്യാനത്തിന്റെ ഒരറ്റം മുതൽ മറ്റൊരറ്റം വരെ സഞ്ചരിക്കുന്ന പ്രതീതിയാണ് യാത്രാവേളയിൽ എനിക്കുണ്ടായത്."

മലബാറിലൂടെയുള്ള ഒരു യാത്രയ്ക്കു ശേഷം ഗാന്ധിജി എഴുതി. "മലബാറിൽ സ്ത്രീകൾ അനുഭവിക്കുന്ന സ്വാതന്ത്ര്യം ഇന്ത്യയിൽ മറ്റെങ്ങും തന്നെയില്ല. അവിടത്തെ നിയമങ്ങളും ആചാരങ്ങളും അവർക്കു വേണ്ടുവോളം സംരക്ഷണം നൽകുന്നുണ്ട്... മലബാറിലെ സ്ത്രീകൾ എന്നിൽ സീതയുടെ ഓർമ്മകളുണർത്തി. ഇന്ത്യയിലെങ്ങുമുള്ള കാടുകളും മേടുകളുമെല്ലാം തന്റെ മനോഹരമായ പാദങ്ങൾകൊണ്ട് പരിപൂരിതമാക്കിയ സന്ദർഭത്തിൽ മലബാറിലെ സ്ത്രീകളെപ്പോലെ ആയിരിക്കണം വേഷം ധരിച്ചിരിക്കാൻ ഇടയുള്ളത്. എന്നെ സംബന്ധിച്ചിടത്തോളം അവരുടെ ശുഭ്രവസ്ത്രം ആന്തരമായ സംശുദ്ധിയുടെ മുദ്രയാണ്."

വിദ്യാഭ്യാസത്തിന്റെയും സാക്ഷരതയുടെയും കാര്യത്തിൽ കേരളത്തിന്റെ നേട്ടങ്ങളെ പ്രശംസിക്കുന്നതിനൊപ്പം തന്റെ

# കേരളം

ആശങ്കകളും അദ്ദേഹം തിരുവിതാംകൂറിനെ കുറിച്ചുള്ള കുറിപ്പിൽ പ്രകടിപ്പിക്കുകയു ണ്ടായി.

"തിരുവിതാംകൂർ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ മുന്നറ്റത്തു നിൽക്കുകയാണ്. 1922-ൽ അവിടത്തെ സാക്ഷരത ആയിരത്തിന് 244 എന്ന തോതി ലാണ് - പുരുഷൻ : 330, സ്ത്രീ : 150 - ഈ നിരക്ക് സ്ത്രീപുരുഷന്മാരുടെയിടയിൽ ദിനംപ്രതിയെന്നോണം വർദ്ധിച്ചുകൊണ്ടി രിക്കുകയാണ്. അത്ഭുതകരമായ ഈ പുരോഗതിയിൽ പിന്നോക്ക വർഗക്കാരും അവരുടെ പങ്കുവഹിക്കുന്നുണ്ട്. എന്നാൽ ഈ വിദ്യാഭ്യാസത്തിന്റെ ഫലമായി സാഹ ചര്യങ്ങളോട് പൊതുവെ അതൃപ്തിയാണ് ഉണ്ടാവുന്നതെങ്കിൽ, ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷയൊന്നും കൂടാതെ ഭൂതകാല ത്തോടുള്ള ബന്ധം വിച്ഛേദിക്കുകയാണ് അതിന്റെ ഫലമെങ്കിൽ, ഉദ്യോഗത്തിനു വേണ്ടിയുള്ള ഒരു പരക്കംപാച്ചിലാണ് സംഭ വിക്കുന്നതെങ്കിൽ, ഒരു സുപ്രഭാതത്തിൽ മനോഹരമായ ഈ എടുപ്പ് ഒന്നാകെ ഇടിഞ്ഞു താഴെവീഴും. ഹൃദയത്തിന്റെയും ഹസ്തത്തിന്റെയും സംസ്കാരം കൂടാതെ യുള്ള സാക്ഷരത്വ വികസനം എന്നെ ആകർഷിക്കുന്നില്ല....."

അയിത്തത്തിന്റെ രൂക്ഷത ഗാന്ധിജിയെ വല്ലാതെ വേദനിപ്പിച്ചു. 1927-ൽ തിരുവന ന്തപുരത്തു നടത്തിയ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു.

"തിരുവിതാംകൂറിൽ ആദ്യം വന്നതിൽ പിന്നീട് ഈ മനോഹരമായപ്രദേശം സന്ദർശിക്കുന്നതിന് ഞാൻ തുടരെത്തുടരെ ആളുകളെ അയച്ചിട്ടുണ്ട്. ഇവിടത്തെ പ്രകൃതിസൗന്ദര്യം, സ്ത്രീകളുടെ ലാളി ത്യവും സ്വാതന്ത്ര്യവും, വിദ്യാഭ്യാസം എല്ലാം തന്നെ ആദ്യസന്ദർശനത്തിൽ തന്നെ വല്ലാതെ വശീകരിച്ചു. എന്നാൽ ഈ ചിന്താബന്ധങ്ങളൊക്കെ എനിക്കു നൽകുന്ന ആഹ്ലാദം, ഒന്നോർക്കുമ്പോൾ അപ്പാടെ നശിച്ചുപോകുന്നു. തിരുവിതാം കൂറിലാണ് അയിത്തം അതിന്റെ ഭീകരരൂപം കൈക്കൊണ്ടിട്ടുള്ളത്...."

അയിത്തോച്ചാടനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ ഗാന്ധിജി 1925-ലും 1927-ലും റീജന്റ് മഹാറാണിയെ സന്ദർശിച്ചു. ശ്രീനാരായണഗുരുവിനെ ശിവ ഗിരി മഠത്തിൽ പോയിക്കണ്ടു. അയ്യങ്കാ ളിയെ അദ്ദേഹത്തിന്റെ ജന്മനാടായ വെങ്ങാ നൂരിൽ ചെന്ന് അനുമോദിച്ചു. രാജകുടും ബത്തെ സന്ദർശിച്ചശേഷം ഒരു പ്രസംഗ ത്തിൽ ഗാന്ധിജി പറഞ്ഞു.

"തിരുവിതാംകൂർ രാജകുടുംബാംഗങ്ങ ളുടെ ലളിതമായ ജീവിതരീതി എന്നെ വശീ കരിച്ചിരിക്കുന്നു. എനിക്ക് ഇന്ത്യയിലെ പല രാജാക്കന്മാരെ കുറിച്ചും അറിയാം. അതു കൊണ്ട് തിരുവിതാംകൂർ രാജകുടുംബം ഇത്രകണ്ട് ലളിതമായ ഒരു ജീവിതരീതി യാണ് സ്വീകരിച്ചിരിക്കുന്നതെന്ന് കരുതാൻ ഞാൻ സന്നദ്ധനായിരുന്നില്ല. എന്നെ വള രെയധികം ആകർഷിച്ച ഒരു വസ്തുത ഇവിടെ പരസ്യമായി പ്രസ്താവിക്കുന്നില്ലെ ങ്കിൽ ഒരു മര്യാദകേടായി തീരുമെന്നാണ് എന്റെ വിചാരം." (1925 മാർച്ച് 14)

### ഗുരുവും ഗാന്ധിയും

ശ്രീനാരായണഗുരുവിനെ സന്ദർശിച്ച ശേഷം 1925 മാർച്ച് 13-ന് തിരുവനന്തപു രത്ത് നടത്തിയ പ്രസംഗത്തിൽ ഗാന്ധിജി പറഞ്ഞു.

"ശ്രീനാരായണഗുരു സ്വാമിയെ കാണു ന്നതിനുള്ള സന്ദർഭം എനിക്കു ലഭിച്ചു. അദ്ദേഹത്തിനുപോലും വൈക്കത്തെ റോഡുകളിൽ കൂടി സഞ്ചരിക്കുന്നതിനുള്ള സ്വാതന്ത്ര്യമില്ലെന്നോർത്തപ്പോൾ എനിക്ക് ലജ്ജ തോന്നി. ഞാൻ അദ്ദേഹത്തിന്റെ അതിഥിയായിരുന്നു. ശിവഗിരിമഠം മഹത്വ മുള്ളതാണ്; സുന്ദരമാണ്. അവിടത്തെ ശുചിത്വവും ചിട്ടകളും എനിക്കിഷ്ടമായി. ചില പുലയക്കുട്ടികൾ സംസ്കൃതം പാരാ യണം ചെയ്യുന്നതു ഞാൻ കേട്ടു. ചുരുക്കം പണ്ഡിതർക്ക് മാത്രമെ അത്രഭംഗിയായി പാരായണം ചെയ്യാൻ കഴിയൂ. അവിടെവച്ച് പ്രധാനികളായ നിരവധി ഈഴവസഹോദ രന്മാരെ കാണാൻ എനിക്ക് സാധിച്ചു. ഈ നാട്ടിലെ ഏറ്റവും സമുന്നതരായ വ്യക്തി കളെപ്പോലെ അവർ കഴിവും വൃത്തിയുമു ള്ളവരാണ്. അവർക്ക് വൈക്കത്തെ റോഡു കളിൽ കൂടി സഞ്ചരിക്കാൻ സ്വാതന്ത്ര്യമി ല്ലെന്ന വസ്തുത എന്റെ മനബോധ ത്തെയും ദേശീയ ബോധത്തെയും മനുഷ്യ ത്വത്തെ തന്നെയും വ്രണപ്പെടുത്തുന്നു."

ഈ യോഗത്തിൽ വച്ചാണ് ഗാന്ധിജി ഹിന്ദുമതത്തെക്കുറിച്ചുള്ള തന്റെ വിവാദവി ഷയമായ നിലപാടുകൾ വ്യക്തമാക്കിയത് - അദ്ദേഹം പറഞ്ഞു.

"തീണ്ടലും തൊടീലും ഹിന്ദുമത ത്തിന്റെ അവിഭാജ്യഭാഗമാണെന്ന് ബോദ്ധ്യ പ്പെട്ടാൽ അന്ന് ആ മതം കൈവിടാൻ ഞാൻ ഒട്ടും മടിക്കുകയില്ല. ആരൊക്കെ എതിർത്തു പറഞ്ഞാലും ഞാൻ എന്നെ ഒരു സനാതന ഹിന്ദുവായാണ് പരിഗണി ക്കുന്നത്. ഹൈന്ദവാചാരങ്ങൾ പഠിച്ചും പരി ശീലിച്ചുമാണ് ഞാൻ വളർന്നുവന്നത്. മൃഗീ യമായ ഈ ആചാരത്തിനെതിരായി എന്റെ ആത്മാവ് ഒട്ടാകെ തിളച്ചുയരുകയാണ്. ഓരോ ബ്രാഹ്മണനോടും തൊട്ടുകൂടാത്ത വർഗത്തിൽ പെടാത്ത ഓരോ അബ്രാഹ്മ ണനോടും എനിക്ക് അപേക്ഷിക്കാനുള്ളത് എന്നെപ്പോലെ തന്നെ അവരും ഈ അനീതി വച്ചുപൊറുപ്പിക്കരുതെന്നാണ്."

തിരുവനന്തപുരം നഗരത്തിന്റെ ശുചിത്വം ഗാന്ധിജിയെ ഏറെ വിസ്മയിപ്പി ച്ചു. 1925 മാർച്ച് 14ന് നഗരസഭ നൽകിയ സ്വീകരണയോഗത്തിൽ അദ്ദേഹം അതു വെളിപ്പെടുത്തി.

"മദ്രാസിൽ വച്ച് ഞാൻ പറഞ്ഞു, ഞാൻ എന്നെത്തന്നെ ഒരു തോട്ടിയായി പരിഗണിക്കാൻ ആഗ്രഹിക്കുന്നു എന്ന്. ഇവിടെ വൃത്തികെട്ട ചാളകൾ ഉണ്ടോ എന്നു ഞാൻ അന്വേഷിച്ചു. ഉണ്ടെങ്കിൽ നേരിട്ടു കാണണം എന്നുണ്ടായിരുന്നു. എന്നാൽ തീരെ വൃത്തികെട്ട സ്ഥലങ്ങ ളൊന്നും കണ്ടില്ല.... ഈ പട്ടണത്തിന്റെ വൃത്തിയും വെടിപ്പും നിങ്ങൾ സൂക്ഷിക്ക ണം."

തൃശ്ശിനാപ്പള്ളി സന്ദർശിച്ചപ്പോഴുണ്ടായ വേദനിപ്പിക്കുന്ന അനുഭവങ്ങൾ വിവരിച്ചു കൊണ്ട് അദ്ദേഹം കൂട്ടിച്ചേർത്തു. "ഇന്ത്യ യിൽ രോഗം പിടിച്ച് ആളുകൾ മരിക്കേണ്ട കാര്യമില്ല. കാരണം നമുക്ക് എന്നും സൂര്യ പ്രകാശം ഉണ്ട്. എന്നാൽ നാം സൂര്യനെ തടുത്തു നിർത്തുകയും സൂര്യപ്രകാശ ത്തിൽ നിന്ന് ഒഴിഞ്ഞു മാറുകയും ചെയ്യു ന്നു. എന്നിട്ട് ഇരുട്ടുമുറികളിലിരുന്ന് മുരടി ക്കുന്നു. ശുദ്ധവായു നാം ഒരിക്കലും ശ്വസി ക്കാറില്ല. ഇവിടെ (തിരുവിതാംകൂറിൽ) ഈ മനോഹരമായ പ്രദേശത്ത് ജനങ്ങൾ നാടെങ്ങും ചിന്നിച്ചിതറിക്കിടക്കുന്ന കൊച്ചു കൊച്ചു വീടുകളിൽ താമസിക്കുന്നതുകണ്ട് എനിക്ക് സന്തോഷം തോന്നുന്നു."

1925 മാർച്ച് 12-ന് കൊല്ലത്ത് നഗരസഭ നൽകിയ മംഗളപത്രത്തിന് മറുപടി പറ യവെ ഗാന്ധിജി പറഞ്ഞു.

"ഞാൻ തിരുവിതാംകൂറിലെ സ്ത്രീകളെ പ്രേമിച്ചു തുടങ്ങിയിരിക്കുന്നു. തമിഴ്നാട്ടിലെ സ്ത്രീകളെപ്പോലെ നീണ്ട നീണ്ട വസ്ത്രമൊന്നും അവർക്ക് വേണ്ട. ശരീരാച്ഛാദനം കൊണ്ടുമാത്രം വേണ്ടത്ര മാന്യത നേടാമെന്ന് അവർ കരുതുന്നു. അവരുടെ വെണ്മയുള്ള വസ്ത്രം എന്നെ വശീകരിച്ചിരിക്കുന്നു. അതവരുടെ മനഃശു ദ്ധിയുടെ മുദ്രയും പ്രതീകവും ആണെ ന്നാണ് എന്റെ വിചാരം."

അദ്ദേഹം തുടർന്നു. "എന്നാൽ എനിക്ക്



**"തിരുവിതാംകൂറിലെ പരിഷ്കർത്താക്കൾ തൊട്ടുകൂടായ്മയ്ക്കെതിരായി നല്ല പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്. ഈ തിന്മയെ മതത്തിന്റെ കാഴ്ചപ്പാടിൽ നിന്ന് ചിന്തിക്കുന്തോറും ഹിന്ദുമതത്തിന്റെ സുന്ദരമായ മുഖത്ത് പതിഞ്ഞിട്ടുള്ള കളങ്കമാണത് എന്ന വിചാരം എന്നിൽ രൂഢമൂലമാവുന്നു"**

പരാതിയുണ്ട്. അവർ ഉടുക്കുന്നത് മാഞ്ചസ്റ്ററിലോ അഹമ്മദാബാദിലോ ഉണ്ടാക്കിയ കട്ടിമുണ്ടാണ്. ആസാമിലെ സഹോദരികളെ അനുകരിക്കണമെന്നാണ് എനിക്ക് അവരോട് പറയാനുള്ളത്. ആസാമിലെ ഓരോ സ്ത്രീക്കും നെയ്ത്ത് അറിയാം. ആസാമിലെ ഓരോ വീട്ടിലും കൈത്തറിയുണ്ട്. നിങ്ങളോടെല്ലാം – സ്ത്രീകളോടും പുരുഷന്മാരോടും – എനിക്ക് അപേക്ഷിക്കാനുള്ളത് കൈകൊണ്ടു നെയ്ത ഖദർ ധരിക്കണം എന്നാണ്. അപ്പോൾ നിങ്ങൾക്ക് ഈ രാജ്യത്തെ ഏറ്റവും ദരിദ്രരായ ആളുകളോട് നേരിട്ട് ബന്ധം സ്ഥാപിക്കാൻ കഴിയും. ഈ വിനീതമായ ഉപദേശം നിങ്ങൾ ദയാപൂർവ്വം കൈക്കൊള്ളുമെങ്കിൽ ഇത് സമൃദ്ധമായ ഒരു രാജ്യമായിത്തീരുന്നത് നിങ്ങൾക്ക് കാണാനൊക്കും."

എന്നാൽ 1927-ൽ എറണാകുളം സന്ദർശിച്ചപ്പോൾ ഗാന്ധിജിക്ക് ഇക്കാര്യത്തിൽ സന്തോഷകരമായ ഒരനുഭവം ഉണ്ടായി. ഒക്ടോബർ പതിമൂന്നിന് എറണാകുളത്തു ചേർന്ന യോഗത്തിൽ അദ്ദേഹം അതു വെളിപ്പെടുത്തുകയും ചെയ്തു.

"....നേത്യാരമ്മയുടെ സഹോദരി ശ്രീമതി രത്നം ഭംഗിയായി നൂറ്റെടുത്ത നൂൽക്കഴികൾ എനിക്കുതന്ന കാര്യം എടുത്തു പറയേണ്ടിയിരിക്കുന്നു. നൂലിൽ ഒരു ഭാഗം നേത്യാരമ്മ തന്നെ നൂറ്റതാണത്രെ. മഹാരാജാവിന്റെ കുടുംബത്തിൽ ഖാദിക്കു ലഭിച്ചിരിക്കുന്ന ഈ സ്ഥാനമായിരിക്കണം എറണാകുളത്ത് ഇത്രയ്ക്ക് അനുകൂലമായ അന്തരീക്ഷം ഉണ്ടാക്കിയിരിക്കുന്നത്."

1926 ഏപ്രിൽ ഒന്നിന് തിരുവനന്തപുരത്ത് കൂടിയ ക്ഷേത്രപ്രവേശന സമ്മേളനത്തിന് നൽകിയ സന്ദേശത്തിൽ ഗാന്ധിജി ആവർത്തിച്ചു.

"തിരുവിതാംകൂറിലെ പരിഷ്കർത്താക്കൾ തൊട്ടുകൂടായ്മയ്ക്കെതിരായി നല്ല പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്. ഈ തിന്മയെ മതത്തിന്റെ കാഴ്ചപ്പാടിൽ നിന്ന് ചിന്തിക്കുന്തോറും ഹിന്ദുമതത്തിന്റെ സുന്ദരമായ മുഖത്ത് പതിഞ്ഞിട്ടുള്ള കളങ്കമാണത് എന്ന വിചാരം എന്നിൽ രൂഢമൂലമാവുന്നു. അതുകൊണ്ട് തൊട്ടുകൂടാത്തവർ മറ്റ് ഹിന്ദുക്കൾക്കുള്ള എല്ലാ അവകാശങ്ങൾക്കും – ക്ഷേത്രപ്രവേശനവും ഹിമാലയ പ്രവേശനവും ഉൾപ്പെടെ – അർഹരാകുന്നതുവരെ പരിഷ്കർത്താക്കൾ വിശ്രമിക്കുകയില്ല എന്ന് ഞാൻ ആശിക്കുന്നു."

1927-ൽ പാലക്കാട് ഹരിജൻ ബാലമന്ദിരമായ ശബരി ആശ്രമം സന്ദർശിച്ച ശേഷം ചെയ്ത പ്രസംഗത്തിൽ ഗാന്ധിജി പറഞ്ഞു.

"ഇത്ര മനോഹരമായ ഒരു പ്രദേശത്ത് അയിത്തം നികൃഷ്ടമായ രീതിയിലാണ് കാണപ്പെടുന്നത്. ഇത്ര സങ്കീർണമായ ജാതിവിഭാഗങ്ങൾ ഉണ്ടെന്ന് എനിക്കറിയില്ലായിരുന്നു. ഏതായാലും ഇത് ഒരു ഭീകര സത്വമാണെന്ന് ഞാൻ മനസിലാക്കുന്നു.... നമുക്ക് ഈശ്വരൻ ബുദ്ധിയും ചില പ്രത്യേക അവകാശങ്ങളും നൽകി അനുഗ്രഹിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ നാട്ടിലെ ഏറ്റവും പാവപ്പെട്ടവരും അധഃസ്ഥിതരുമായ ആളുകളുടെ ദാസന്മാർ മാത്രമാണ് നാമെന്ന് നാം മനസ്സിലാക്കണം. അതുണ്ടായാൽ ഇപ്പോഴുള്ള ഈ പ്രശ്നങ്ങൾ പലതും ഞൊടിയിടകൊണ്ട് അപ്രത്യക്ഷമാവും."

കേരളത്തിലേക്കുള്ള അവസാനത്തെ പര്യടനത്തിന്റെ അന്ത്യഘട്ടത്തിൽ കന്യാകുമാരിയിൽ സമുദ്രത്തിന് അഭിമുഖമായിരുന്നുകൊണ്ട് ഗാന്ധിജി 'ഹരിജനി'ലേക്കുള്ള കുറിപ്പ് തയ്യാറാക്കി. ഇക്കുറി തിരുവിതാകൂറിലെ തീർത്ഥാടനം എന്നാണ് അദ്ദേഹം അതിന് തലക്കെട്ടിട്ടത്.

ക്ഷേത്രപ്രവേശന വിളംബരത്തിന്റെ ആഘോഷം തിരുവിതാംകൂറിലെങ്ങും തിരയടിക്കുന്ന വേളയിലായിരുന്നു ആ തീർത്ഥാടനം. 1937 ജനുവരിയിൽ അദ്ദേഹം എഴുതി.

"തീർത്ഥാടനത്തിന്റെ മൂന്നാം ദിവസമാണ് ഇന്ന്. ഞാൻ മാനസികമായി സ്വമേധയാ തന്നെ ഒരു തൊട്ടുകൂടാത്തവനായി തീർന്നിരിക്കുകയാണ്. തൊട്ടുകൂടാത്ത സഹജാതർക്ക് പ്രവേശനം നിഷേധിക്കപ്പെട്ടിട്ടുള്ള ക്ഷേത്രങ്ങളിൽ ഞാൻ പോകാറില്ല. അതുകൊണ്ട് ആ നിരോധനം നീക്കിയതുകൊണ്ടുള്ള ആനന്ദം ഞാൻ അവരെപ്പോലെത്തന്നെ അനുഭവിക്കുന്നു."

"തിരുവനന്തപുരത്തെ മഹാക്ഷേത്രം ഞാൻ സന്ദർശിച്ചത് അങ്ങേയറ്റത്തെ അത്ഭുതാദരങ്ങളോടെയാണ്. ജിജ്ഞാസയുടെ സ്ഥാനത്ത് സംവത്സരങ്ങളുടെ ശൂന്യത നികത്തുന്ന എന്തോ ഒന്ന് കടന്നുവന്നതുപോലെ തോന്നുന്നു, ഈ വരികൾ കുറിക്കുമ്പോൾ. ഇരുപതുവർഷം മുമ്പ് മദ്രാസിലെ കത്തീഡ്രൽ സന്ദർശിച്ചപ്പോൾ എനിക്ക് അനുഭവപ്പെട്ട മനഃശ്ശാന്തി ഞാൻ ഓർത്തുപോകുന്നു. ബിഷപ്പ് വൈറ്റ്ഹെഡും ഞാനും മാത്രമേ അന്നവിടെ ഉണ്ടായിരുന്നുള്ളു. തിരുവനന്തപുരത്തെ ക്ഷേത്രത്തിൽ ഞങ്ങളുടെ സംഘത്തെ പ്രതീക്ഷിച്ച് ആയിരക്കണക്കിനാളുകൾ കൂടിയിരുന്നു. എന്നാൽ ശബ്ദമോ ബഹളമോ ഒന്നുമുണ്ടായിരുന്നില്ല. ഇന്നലത്തെ തൊട്ടുകൂടാത്തവരും ധാരാളമുണ്ടായിരുന്നു. പക്ഷെ അവരെ തിരിച്ചറിയാൻ സാധിച്ചില്ല. എല്ലാവരും ഒരേതരം വസ്ത്രമാണ് ധരിച്ചിരുന്നത് – ഒറ്റമുണ്ടും തോർത്തും."


"കത്തീഡ്രൽ സന്ദർശിച്ചപ്പോഴത്തെ മനഃശ്ശാന്തിയെ കുറിച്ചുപറഞ്ഞുവല്ലോ. എങ്കിലും ഇത് വ്യത്യസ്തം തന്നെ. അവിടത്തെ പശ്ചാത്തലം ശൂന്യമാണ്. പത്മനാഭസ്വാമി ക്ഷേത്രത്തിലാകട്ടെ അതിനൊരു പശ്ചാത്തലമുണ്ട്. ജനക്കൂട്ടം ബഹളമുണ്ടാക്കുകയോ ഭക്തിപ്രകടനം നടത്തുകയോ ചെയ്തിരുന്നെങ്കിൽ എനിക്ക് ഈ മനഃശാന്തി ലഭിക്കുമായിരുന്നില്ല. തൂവെള്ള വസ്ത്രം ധരിച്ച് നിശ്ശബ്ദമായി ഭക്തിപൂർണമായ മനസോടെ ആ അർദ്ധനഗ്നരായ ആളുകൾ അങ്ങനെ അണിയണിയായി നിന്ന ആ കാഴ്ച മനസ്സിൽ പതിച്ച മുദ്ര മരണംവരെ മാഞ്ഞുപോകില്ല."

"വിശാലമായ ക്ഷേത്രത്തിലേക്കുള്ള പ്രവേശനമാകട്ടെ ആത്മാവിനെ കോരിത്തരിപ്പിക്കുക തന്നെ ചെയ്തു. .....എല്ലാം ദിവാസ്വപ്നം പോലെ തോന്നി. തിരുവിതാംകൂറിലെ മഹാരാജാക്കന്മാർക്കുവേണ്ടി പ്രത്യേകം നിർമ്മിച്ച ക്ഷേത്രമാണ് സന്ദർശിക്കുന്നത്. അതും ഇന്നലെവരെ പ്രവേശനം നിഷേധിക്കപ്പെട്ടിരുന്ന തൊട്ടുകൂടാത്തവരോടൊപ്പം. ആ സാഹചര്യങ്ങളും ക്ഷേത്രത്തിലെ മനോഹരമായ ആ ബിംബവും എന്റെ മനസ്സിൽ സൃഷ്ടിച്ച വികാരത്തെ പതിന്മടങ്ങ് തീക്ഷ്ണമാക്കി."

"പണ്ട് പലരും എന്നോടു പറഞ്ഞു. നിങ്ങൾക്കൊരു പക്ഷെ വടക്കേ ഇന്ത്യയിൽ ക്ഷേത്രങ്ങൾ തുറന്നുകൊടുക്കാൻ സാധിച്ചുവെന്നുവരും. എന്നാൽ തിരുവിതാംകൂറിലോ കൊച്ചിയിലോ അത് സാധിക്കുകയില്ല. രണ്ടും യാഥാസ്ഥിതികത്വത്തിന്റെ കോട്ടകളാണ്. ഇന്നിതാ അതിൽ ഒരു കോട്ട അസുലഭമായ മഹാമനസ്കതയോടെ, മാന്യതയോടെ കീഴടങ്ങിയിരിക്കുന്നു. ആ മഹാമനസ്കതയുടെയും മാന്യതയുടെയും ആത്മാർത്ഥത എതിർപ്പുകളെ ഇല്ലാതാക്കിയിരിക്കുന്നു..."

# പണ്ഡിറ്റ് കറുപ്പൻ
## എഴുത്തും ഇടപെടലും

എം.ആർ. രേണുകുമാർ



സാഹിത്യരംഗത്തും സാമൂഹികരംഗത്തും തമസ്കരിക്കാൻ കഴിയാത്ത കീഴാളമുദ്രകൾ പതിപ്പിച്ച് കടന്നുപോയ പണ്ഡിറ്റ് കറുപ്പന്റെ ജീവിതം കേരളത്തിന്റെ നവോത്ഥാനചരിത്രത്തിലെ ശ്രദ്ധേയമായ അദ്ധ്യായമാണ്.

സാഹിത്യകാരൻ, സംസ്കൃതപണ്ഡിതൻ, ഭാഷാധ്യാപകൻ, നിയമസഭാസാമാജികൻ, അധഃകൃത സംരക്ഷകൻ, സാമുദായിക പ്രവർത്തകൻ, സാമൂഹിക പരിഷ്കർത്താവ് എന്നീ നിലകളിൽ അനന്യവും അനിഷേധ്യവുമായ സ്ഥാനമാണ് പണ്ഡിറ്റ് കെ.പി. കറുപ്പനുള്ളത്. ഒരേ സമയം സാഹിത്യത്തിലും സാമൂഹികരംഗത്തും സവിശേഷമുദ്രകൾ പതിപ്പിച്ച കറുപ്പന്റെ ജീവിതം സമാന്തരങ്ങളില്ലാത്ത ചരിത്ര യാഥാർത്ഥ്യമാണ്. ജാതീയ ഉച്ചനീചത്വങ്ങളും സാമ്പത്തിക അസമത്വങ്ങളും സാമൂഹിക അനാചാരങ്ങളും കൊടികുത്തി വാണിരുന്ന പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലും ജാതിഹിന്ദുക്കൾക്കെതിരെ എഴുത്തിനാലും പ്രവൃത്തിയാലും പടവാളുയർത്തിയ കറുപ്പന്റെ ഇടപെടലുകളെ തമസ്കരിക്കുവാൻ എല്ലാ കാലത്തും സവർണ്ണ വിഭാഗങ്ങൾ ശ്രമിച്ചിരുന്നു. എന്നിരുന്നാലും അസാമാന്യ പ്രതിഭയാൽ അനുഗ്രഹീതനായിരുന്ന കറുപ്പൻ സകല പ്രതിബന്ധങ്ങളെയും തരണം ചെയ്ത് വിദ്യാഭ്യാസം നേടുകയും സാമൂഹിക പ്രതിബദ്ധതയും വിമർശനവും നിറഞ്ഞ എഴുത്തിനാൽ കീഴാള ജനതയെ പ്രബുദ്ധരാക്കുകയും സവർണ്ണ ഹിന്ദുവിഭാഗങ്ങളെ ചൊടിപ്പിക്കുകയും ചെയ്തു.

വിദ്യാസമ്പാദനം, കവിതാപരിചരണം, അവശജനോദ്ധാരണം എന്നിവയായിരുന്നു കറുപ്പന്റെ കർമ്മപദ്ധതികൾ. സാമൂഹിക പരിഷ്കരണത്തിന്റെയും ജാതിവിരുദ്ധ പോരാട്ടങ്ങളുടെയും അവർണ്ണ–കീഴാളധാരയിൽ ശ്രദ്ധേയമായ സ്ഥാനമാണ് പണ്ഡിറ്റ് കറുപ്പൻ അലങ്കരിക്കുന്നത്. കാവ്യലോകത്ത് അദ്ദേഹം മഹാകവികളായ ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരുടെ നിരയിലാണ് എണ്ണപ്പെടുന്നത്. മലയാളത്തിലെ വരമൊഴിസാഹിത്യത്തിൽ കീഴാളപ്രതിനിധാനത്തെ ആദ്യമായി അടയാളപ്പെടുത്തിയ എഴുത്തുകാരൻ കൂടിയാണ് കറുപ്പൻ. അദ്ദേഹത്തിന്റെ ജീവിതം, എഴുത്ത്, സാമൂഹിക പ്രവർത്തനം എന്നിവയെക്കുറിച്ച് ചില കാര്യങ്ങൾ അവതരിപ്പിക്കാനുള്ള ശ്രമമാണ് ചുവടെ നടത്തുന്നത്.

### ജീവിതം

പഴയ കൊച്ചി നാട്ടുരാജ്യത്തിലെ കണയന്നൂർ താലൂക്കിൽ ഉൾപ്പെട്ട ചേരാനല്ലൂർ ഗ്രാമമാണ് കറുപ്പന്റെ ജന്മദേശം. അത്തോപൂജാരി എന്ന പേരിൽ പ്രസിദ്ധനായിരുന്ന

പപ്പുവിന്റെയും പെണ്ണമ്മയുടെയും മൂന്ന് മക്കളിൽ രണ്ടാമനായി 1885 മെയ് മാസം 24-ന് ആയിരുന്നു അദ്ദേഹത്തിന്റെ ജനനം. മുത്തച്ഛൻ അപ്പി വൈദ്യർ വിഷ ചികിത്സയിൽ വിദഗ്ധനായിരുന്നു. ജ്യേഷ്ഠൻ കുട്ടപ്പൻ ചെറുപ്പത്തിൽ തന്നെ സന്യാസവൃത്തി സ്വീകരിച്ച് ആനന്ദയോഗി എന്ന പേരിൽ പ്രസിദ്ധനായി. അനിയത്തി പൊന്നമ്മ.

മാതുലപുത്രനായ അഴീക്കൽ വേലു വൈദ്യരുടെ കീഴിൽ അഞ്ചാം വയസിൽ എഴുത്തിനിരുന്ന കറുപ്പൻ വടക്കേവാലത്തു പപ്പു ആശാനിൽ നിന്ന് സിദ്ധരൂപവും അമരകോശവും ശ്രീരാമോദന്തവും ഹൃദിസ്ഥമാക്കി. ചേറായി മംഗലപ്പിള്ളി കൃഷ്ണനാശാനിൽ നിന്ന് ശ്രീകൃഷ്ണ വിലാസവും രഘുവംശവും പഠിച്ചു. അന്നമനട രാമപ്പൊതുവാളിൽ നിന്നും മാഘവും നൈഷധവും ഭോജചമ്പുവും സ്വായത്തമാക്കി. അക്കാലത്തെ അനൗപചാരിക സർവ്വകലാശാലയായിരുന്ന കൊടുങ്ങല്ലൂർ കോവിലകത്ത് പ്രവേശിക്കുവാനും സംസ്കൃതത്തിൽ ഉപരിപഠനം നടത്താനും വിജ്ഞാനദാഹിയായ കറുപ്പന് അവസരം കിട്ടിയിരുന്നു.

കേരളീയ കലാസാഹിത്യ ശാസ്ത്രങ്ങളുടെ നളന്ദയെന്നോ തക്ഷശിലയെന്നോ വിശേഷിപ്പിക്കാമായിരുന്ന ഒരിടമായിരുന്നു അന്ന് കൊടുങ്ങല്ലൂർ കോവിലകം. മഹാകവികൾ, പണ്ഡിതന്മാർ, വൈയാകരണന്മാർ, ആലങ്കാരികന്മാർ, മീമാംസകർ തുടങ്ങിയവർ അവിടെ സമ്മേളിച്ചിരുന്നു. ഇത്തരത്തിലുള്ള സാംസ്കാരിക വിഭവങ്ങളാൽ സമ്പന്നമായിരുന്ന കോവിലകവുമായുള്ള ബന്ധമാണ് കറുപ്പന്റെ പിൽകാല ഉയർച്ചകൾക്കെല്ലാം നിദാനമായത്. കൊടുങ്ങല്ലൂർ കോവിലകത്ത് വിദ്യാർത്ഥിയായിരിക്കുമ്പോഴാണ് കറുപ്പൻ തൃശൂർ സാഹിത്യസമ്മേളനത്തിൽ സംസ്കൃതത്തിൽ സ്വാഗത പ്രസംഗം നടത്തുന്നതും തദ്വാരാ സഹൃദയരുടെ പ്രശംസയും യാഥാസ്ഥിതികരുടെ അപ്രീതിയും പിടിച്ചുപറ്റുന്നതും ഇക്കാലത്ത് കൊച്ചിരാജാവ് രാമവർമ്മയുമായി ഉണ്ടായ പരിചയം കറുപ്പനെ പണ്ഡിതനായ രാമപിഷാരടിയുടെ അടുത്തെത്തിച്ചു. അങ്ങനെയാണ് കറുപ്പൻ എറണാകുളം മഹാരാജാസ് കോളേജിൽ ആദ്യം സംസ്കൃതവിദ്യാർത്ഥിയായും പിന്നീട് അധ്യാപകനായും മാറുന്നത്. 1905-ൽ കൊച്ചിസർക്കാരിന്റെ സംസ്കൃതത്തിലും മലയാളത്തിലുമുള്ള പണ്ഡിറ്റ് ബിരുദങ്ങൾ കരസ്ഥമാക്കിയ കറുപ്പൻ ഇരുപതാമത്തെ വയസ്സിൽ കോൺവെന്റ് ഹൈസ്കൂളിൽ സംസ്കൃത മുൻഷിയായി ജോലിയിൽ പ്രവേശിച്ചു.

1908-ൽ ആയിരുന്നു കറുപ്പന്റെ വിവാഹം. കൊച്ചി കായലിലെ പനമ്പുകാട് ദ്വീപുനിവാസിയായ ചൂതംപറമ്പിൽ കുഞ്ഞമ്മയായിരുന്നു വധു. ഇവർ പിന്നീട് സർക്കാർ സ്കൂളിലെ സംഗീതാധ്യാപികയായി മാറുകയുണ്ടായി. ഏറെ വൈകാതെ തന്നെ കറുപ്പന് സർക്കാർ ജോലി കിട്ടി; ഫിഷറീസ് വകുപ്പിൽ ഗുമസ്തനായി. പിന്നീട് എറണാകുളം കാസ്റ്റ് സർക്കാർ ഹൈസ്കൂളിൽ സംസ്കൃതാധ്യാപകനായി. അവർണ്ണ വിദ്യാർത്ഥികൾക്ക് പ്രവേശനം പോലുമില്ലാതിരുന്ന ഒരു സ്കൂളിൽ അവർണ്ണനായ ഒരാൾ അധ്യാപകനാകുന്നത് ആദ്യമായിരുന്നു. 1917-ൽ കറുപ്പന് എറണാകുളത്തുനിന്നും തൃശൂർക്ക് സ്ഥലംമാറ്റം ലഭിച്ചു. 1918-ൽ കൊച്ചിരാജാവ് അദ്ദേഹത്തിന് 'കവിതിലകൻ' എന്ന ബഹുമതി സമ്മാനിച്ചു. വള്ളത്തോൾ, ഉള്ളൂർ തുടങ്ങിയവർക്കും ഇതേവർഷം 'കവിതിലകൻ' ബഹുമതി ലഭിച്ചിരുന്നു. 1922-ൽ കറുപ്പൻ എറണാകുളം ഗേൾസ് ഹൈസ്കൂളിലേക്ക് തിരിച്ചുവന്നു. 1925-ൽ ആയിരുന്നു കൊച്ചിയിൽ ജനപ്രാതിനിധ്യമുള്ള നിയമസഭ ഉടലെടുക്കുന്നത്. ഇതേ തുടർന്ന് കറുപ്പൻ വാല (അരയ) സമുദായത്തെ പ്രതിനിധീകരിച്ച് നിയമസഭയിൽ എം.എൽ.സി. ആയി. 1935-ൽ ദീർഘ നാളത്തെ ഇടവേളയ്ക്കു

സമൂഹത്തിൽ നിലനിന്നു വരുന്ന ജാതിവ്യത്യാസത്തെ ഉന്മൂലനം ചെയ്യാതെ അവർണ്ണ സമുദായങ്ങൾക്ക് മോചനമില്ലെന്ന് മനസ്സിലാക്കിയ പണ്ഡിറ്റ് കറുപ്പൻ രാജാക്കന്മാർക്ക് മംഗളമെഴുതിയ അതേ തൂലികയെത്തന്നെ പടവാളാക്കാൻ മുതിർന്നതിന്റെ ഉദാഹരണമാണ് ജാതിക്കുമ്മി എന്ന നാടകം.

ശേഷം കറുപ്പൻ - കുഞ്ഞമ്മ ദമ്പതികൾക്ക് ഒരു പെൺകുഞ്ഞ് ജനിച്ചു. പാർവതി എന്ന പേരിൽ അറിയപ്പെട്ട ഇവർ പിന്നീട് എറണാകുളം സെന്റ് തെരാസസ് കോളേജിൽ അധ്യാപികയായി മാറുകയുണ്ടായി. വിദ്യാഭ്യാസകാലം തൊട്ടേ ചില അസുഖങ്ങൾ കറുപ്പനെ അലട്ടിയിരുന്നു. 1937-ൽ അദ്ദേഹം ഹൃദ്രോഗബാധിതനാവുകയും 1938-ൽ തന്റെ അമ്പത്തി മൂന്നാമത്തെ വയസ്സിൽ പൂസരി രോഗം ബാധിച്ചു മരണമടയുകയും ചെയ്തു.

**സാഹിത്യം**

കറുപ്പന്റെ ജീവിതത്തിൽ നിന്ന് സാഹിത്യത്തെ മാത്രം വേർതിരിച്ചെടുക്കുന്നത് ശ്രമകരമായിരിക്കും. അത്രമേൽ അദ്ദേഹത്തിന്റെ ജീവിതം സാഹിത്യവും സാമൂഹിക ഇടപെടലുകളുമായി ഇഴചേർന്നു കിടക്കുന്നു. നന്നേ ചെറുപ്പം മുതൽക്കേ കറുപ്പൻ കവിതയെഴുതാൻ തുടങ്ങിയിരുന്നു. പതിനൊന്നാം വയസിൽ ഗുരുവായ വേലു വൈദ്യരെക്കുറിച്ച് 'സ്തോത്രമന്ദാരം' എന്നൊരു ശ്ലോകം രചിച്ചുകൊണ്ടായിരുന്നു തുടക്കം. 'ലങ്കാമർദ്ദനം' എന്ന നാടകമെഴുതുമ്പോൾ കറുപ്പന് പന്ത്രണ്ട് വയസ് മാത്രമേ ഉണ്ടായിരുന്നുള്ളു. എറണാകുളത്തും തൃപ്പൂണിത്തുറയിലുമുള്ള പണ്ഡിതരും എഴുത്തുകാരും സഹൃദയരുമായുള്ള നിരന്തരസമ്പർക്കം പുസ്തകങ്ങളെഴുതി പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് തന്നെ കവിയെന്ന ഖ്യാതി കറുപ്പന് നേടിക്കൊടുത്തിരുന്നു. 'ജാതിക്കുമ്മി', 'ബാലാകലേശം', 'ഉദ്യാനവിരുന്ന് അഥവാ ഒരു ധീവരന്റെ ആവലാതി' എന്നിവയാണ് കറുപ്പന്റെ ശ്രദ്ധേയരചനകൾ.

“സമൂഹത്തിൽ നിലനിന്നു വരുന്ന ജാതിവ്യത്യാസത്തെ ഉന്മൂലനം ചെയ്യാതെ അവർണ്ണ സമുദായങ്ങൾക്ക് മോചനമില്ലെന്ന് മനസ്സിലാക്കിയ പണ്ഡിറ്റ് കറുപ്പൻ രാജാക്കന്മാർക്ക് മംഗളമെഴുതിയ അതേ തൂലികയെത്തന്നെ പടവാളാക്കാൻ മുതിർന്നതിന്റെ ഉദാഹരണമാണ് ജാതിക്കുമ്മി എന്ന നാടകം.” ജാതിക്കുമ്മിക്ക് ശേഷമാണ് കുമാരനാശാന്റെ 'ദുരവസ്ഥ' (1922) പ്രസിദ്ധീകരിക്കപ്പെടുന്നത്. 1912-ൽ എഴുതുകയും 1914-ൽ പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്ത ജാതിക്കുമ്മിയാണ് ജാതിഭേദത്തിനെതിരെ രചിക്കപ്പെട്ട ആദ്യത്തെ സമ്പൂർണ്ണ കാവ്യം. നൂറ്റിനാപ്പത്തിയൊന്ന് പാട്ടുകളുള്ള ഈ കുമ്മി ഒരു സ്വതന്ത്രകൃതിയല്ല. എ.ഡി. ഒമ്പതാം ശതകത്തിൽ ശ്രീശങ്കരാചാര്യർ രചിച്ച 'മനീഷാപഞ്ചകം' എന്ന ലഘുകാവ്യത്തെ ഉപജീവിച്ചെഴുതിയ നാടകമാണ് ജാതിക്കുമ്മി. കാശിയിലെത്തിയ ജ്ഞാനിയായ ആചാര്യർ ഒരു ചണ്ഡാലനോട് വഴി മാറാനാവശ്യപ്പെടുന്നതും, ചണ്ഡാലന്റെ മറുപടികേട്ട് ആചാര്യരുടെ ജ്ഞാനഗർവ്വ് അടങ്ങുന്നതുമാണ് കൃതിയുടെ പ്രമേയം. മനീഷാപഞ്ചകത്തിന്റെ കാവ്യസാരം നാടൻ ശീലുകളിലൂടെ ആവിഷ്കരിക്കാനാണ് കറുപ്പൻ ജാതിക്കുമ്മിയിലൂടെ ശ്രമിക്കുന്നത്.

കൊച്ചി മഹാരാജാവ് രാമവർമ്മയുടെ ഷഷ്ടിപൂർത്തിയാഘോഷങ്ങളുടെ ഭാഗമായി 1912-ൽ നടന്ന നാടകമത്സരത്തിലേക്ക് കറുപ്പൻ എഴുതിയ നാടകമാണ് 'ബാലാകലേശം'. സംസ്കൃത ക്ലാസിക് നാടകങ്ങളുടെ സാങ്കേതികനിയമം പാലിച്ചുകൊണ്ടാണ് ഈ നാടകം രചിക്കപ്പെട്ടത്. മൂന്ന് അങ്കത്തിൽ ഒതുങ്ങുന്ന നാടകം 'ബാല' എന്ന നായികയുടെയും 'കലേശൻ' എന്ന നായകന്റെയും പേരുകളുടെ ചേർപ്പാണ്. ബാലയിൽ കൊച്ചിരാജ്യത്തെയും കലേശനിൽ കൊച്ചിരാജാവിനെയും പ്രതീകാത്മകമായി ഉൾച്ചേർത്തിരിക്കുന്നു. മത്സരത്തിൽ കറുപ്പന്റെ നാടകം ഒന്നാമതായി. ഇതേത്തുടർന്ന്, അപ്പൻ തമ്പുരാന്റെ നേതൃത്വത്തിലുള്ള കൊച്ചിസാഹിത്യസമാജം 'ബാലാകലേശം' പ്രസിദ്ധീകരിച്ചു. എന്നാൽ ബാലാകലേശത്തെ നിശിതമായി വിമർശിച്ചുകൊണ്ട് സ്വദേശാഭിമാനി രാമകൃഷ്ണപിള്ള രംഗത്തുവന്നു. പിള്ളയെ പ്രതിരോധിച്ചുകൊണ്ട് കറുപ്പന്റെ സുഹൃത്തായ ടി.കെ. കൃഷ്ണമേനോനും.

ഇരുവരും തമ്മിൽ പത്രദ്വാരാ നടന്ന സംവാദം ഏതാണ്ട് ഒന്നരവർഷത്തോളം നീണ്ടുനിന്നു. ഇത് പിന്നീട് 'ബാലാകലേശസംവാദം' എന്ന പേരിൽ ഒരു പുസ്തകത്തിന് കളമൊരുക്കുകയും ചെയ്തു.

കറുപ്പന്റെ മറ്റൊരു പ്രശസ്ത കൃതിയാണ്, 'ഉദ്യാനവിരുന്ന് അഥവാ ഒരു ധീവരന്റെ ആവലാതി'. രാമവർമ്മ മഹാരാജാവിന്റെ പ്രതിമയുടെ അനാച്ഛാദനത്തോടനുബന്ധിച്ച് നടന്ന ഉദ്യാനവിരുന്നിൽ വിവിധ തുറകളിലുള്ള പ്രമുഖരെ ക്ഷണിച്ചിരുന്നെങ്കിലും അക്കൂട്ടത്തിൽ കറുപ്പനെ ഉൾപ്പെടുത്തിയിരുന്നില്ല. ഈ വിവേചനവുമായി ബന്ധപ്പെട്ട അമർഷമാണ് ഉദ്യാനവിരുന്ന് (1925) എന്ന കാവ്യമായി മാറിയത്. മനസ്സ് ചുട്ട തൂവൽ കണ്ണീരിൽ മുക്കി എഴുതിയ കാവ്യമാണ് ഉദ്യാനവിരുന്നെന്ന് മഹാകവി ഉള്ളൂർ എഴുതുന്നു. ശാർദ്ദൂല വിക്രീഡിതത്തിൽ ഇരുപത്തിയഞ്ച് ശ്ലോകങ്ങളടങ്ങുന്നതാണ് ഈ കാവ്യം. കറുപ്പന്റെ ഉദ്യാനവിരുന്ന് പ്രസിദ്ധീകരിക്കപ്പെട്ടതിന് ശേഷമാണ് മേലിൽ സർക്കാരിന്റെ ഔദ്യോഗിക ചടങ്ങുകളിൽ എം.എൽ.സി. ആയിട്ടുള്ള യാതൊരാളെയും ഒഴിച്ചു നിർത്താൻ പാടില്ലെന്ന് മഹാരാജാവ് ഉത്തരവിറക്കുന്നത്.

മേൽപ്പറഞ്ഞവ കൂടാതെ നിരവധി കൃതികൾ കറുപ്പൻ രചിച്ചിട്ടുണ്ട്. ശകുന്തള അഥവാ നിരാകൃതയായ നായിക, ശാകുന്തളം വഞ്ചിപ്പാട്ട്, കൈരളി കൗതുകം (കവിതകൾ – മൂന്ന് ഭാഗം) ബാലോദ്യാനം (ബാലസാഹിത്യം), കാവ്യപേടകം, ദീനസ്വരം എന്നിവയാണ് അവയിൽ പ്രധാനപ്പെട്ടവ. ബാലോദ്യാനം, സാഹിത്യകൗതുകം എന്നീ പുസ്തകങ്ങൾ സർക്കാർ പാഠപുസ്തകങ്ങളാക്കിയിരുന്നു. എ.ആർ. രാജരാജവർമ്മ, ബാലഗംഗാധര തിലകൻ, ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരു, ടി.കെ. മാധവൻ, ബ്രഹ്മാനന്ദ ശിവയോഗി, റാവു ബഹാദൂർ, വി.വി. ഗോവിന്ദൻ (മലബാറിലെ അരയവംശോദ്ധാരിണി സഭയുടെ സൂത്രധാരൻ) തുടങ്ങിയവരുടെ മരണാനന്തരം കറുപ്പനെഴുതിയ ചരമഗീതങ്ങളും ഏറെ ശ്രദ്ധിക്കപ്പെട്ടവയാണ്. ഒരു നാടകകൃത്തെന്ന നിലയിലും കറുപ്പന് സാഹിത്യചരിത്രത്തിൽ നിർണായകസ്ഥാനമുണ്ട്. ലങ്കാമർദ്ദനം, എഡ്വേർഡ് വിജയം, ഭാഷാഭൈമിപരിണയം, പഞ്ചവടി ധ്രുവചരിതം, സംഗീതനൈഷധം, ഉലൂപോഖ്യാനം എന്നിവയാണ് കറുപ്പന്റെ ഇതരനാടകങ്ങൾ. ഗവേഷണ-നിരൂപണ രംഗത്തും കറുപ്പൻ സംഭാവനകൾ നൽകിയിട്ടുണ്ട്. 'സാമുദായിക ഗാനകലകൾ' എന്ന കൃതി ഇതിനുദാഹരണമാണ്.

**സാമൂഹികം**

ജാതിക്കുമ്മിയും ബാലാകലേശവും കറുപ്പന്റെ പ്രശസ്തിയെ അതിന്റെ ഉച്ചകോടിയിലെത്തിച്ചു. സവർണ്ണർ അദ്ദേഹത്തിന്റെ വ്യക്തിപ്രഭയിൽ വിസ്മയം പൂണ്ടപ്പോൾ, അവർണ്ണർ അദ്ദേഹത്തെ വഴിയും വഴികാട്ടിയുമായി കണ്ടു. സാമൂഹ്യമായ അസമത്വദൂരീകരണത്തിന് സാഹിത്യത്തെ മാത്രം ആശ്രയിച്ചിരുന്നാൽ പോരെന്നു മനസ്സിലാക്കിയ അദ്ദേഹം ഒളിഞ്ഞും തെളിഞ്ഞും ജനങ്ങളിലേക്കിറങ്ങിച്ചെന്ന് സംഘടനാപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരുന്നു. ജാതിയുടെ തിക്താനുഭവങ്ങൾ തന്നെ സംബന്ധിച്ചിടത്തോളം തുലോം കുറവായിരുന്നെങ്കിലും അടിമത്തമനുഭവിക്കുന്ന സ്വസമൂഹത്തിന്റെ ദുർഗതിയിൽ ബോധ്യവും സഹാനുഭൂതിയുമുള്ള ആളായിരുന്നു കറുപ്പൻ. എഴുത്തും സാമൂഹിക പ്രവർത്തനവും സമഞ്ജസിപ്പിച്ചുകൊണ്ട് കറുപ്പൻ ശ്രീനാരായണഗുരുവിന്റെയും അയ്യൻകാളിയുടെയും പ്രവർത്തനങ്ങളുടെ ചുവടുപിടിച്ച് കൊച്ചിയിൽ ധീവരരുടെ സമുദായ സംഘടന കെട്ടിപ്പടുത്തു. ഇപ്രകാരം രൂപം കൊണ്ടവയാണ് അരയവംശോദ്ധാരണി സഭയും, ജ്ഞാനോദയ സഭയും. സ്വസമുദായത്തിന്റെ പ്രശ്നത്തിൽ മാത്രമായിരുന്നില്ല കറുപ്പൻ ശ്രദ്ധയൂന്നിയത്. കൊച്ചിയിലെ പുലയരുടെ ജീവിത പുരോഗതിയിൽ അവഗണിക്കാനാവാത്ത സ്ഥാനമാണ് കറുപ്പനുള്ളത്. മുളവുകാട്, പനമ്പുകാട് എന്നിവിടങ്ങളിലെ പുലയരുടെ ഇടയിലാണ് കറുപ്പൻ പ്രവർത്തനങ്ങളാരംഭിക്കുന്നത്. 1925 മുതൽ കറുപ്പൻ പുലയർക്കിടയിൽ സഹകരണ പ്രസ്ഥാനവുമായി മുന്നിട്ടിറങ്ങി. അക്കാലത്തെ കറുപ്പന്റെ പ്രവർത്തനങ്ങളുമായി സഹകരിച്ചിരുന്നവരിൽ പ്രമുഖർ കൃഷ്ണാതി, ചാഞ്ചൻ, വള്ളോൻ എന്നിവരായിരുന്നു. ഇവരിൽ ചാഞ്ചനും, വള്ളോനും പിന്നീട് കൊച്ചിനിയമസഭയിൽ എം.എൽ.സി.മാരാവുകയുണ്ടായി. കറുപ്പന്റെ വീട്ടിൽ അന്തേവാസിയായി നിന്നുകൊണ്ടായിരുന്നു കെ.പി. വള്ളോൻ വിദ്യാഭ്യാസം ചെയ്തിരുന്നത്.

1923-ൽ കറുപ്പൻ ദീനസ്വരം എന്നൊരു പുസ്തകം എഴുതി പ്രസിദ്ധീകരിച്ചു. പുലയരുടെ ജീവിത കഷ്ടപ്പാടുകളിൽ നിന്ന് മെനഞ്ഞെടുത്ത ഒരു രചനയായിരുന്നു അത്. കടുത്ത വിവേചനങ്ങൾ നിലനിന്നിരുന്ന അക്കാലത്ത് പൊതുസ്ഥലങ്ങളിൽ പുലയർക്ക് പ്രവേശനമുണ്ടായിരുന്നില്ല. ആകയാൽ അവർക്ക് യോഗങ്ങൾ കൂടാനും മറ്റും കഴിഞ്ഞിരുന്നില്ല. ഈ പ്രശ്നത്തെ മറികടക്കാനാണ് 1915-ൽ കറുപ്പൻ കൃഷ്ണാതിയുടെ നേതൃത്വത്തിൽ വള്ളങ്ങൾ കൂട്ടിക്കെട്ടി കായൽപ്പരപ്പിൽ വലിയ ചങ്ങാടമുണ്ടാക്കി പുലയരുടെ യോഗം സംഘടിപ്പിക്കുന്നത്. ഈ യോഗമാണ് പിന്നീട് സമസ്ത കൊച്ചി പുലയ മഹാസഭയായി മാറുന്നത്.

കറുപ്പന്റെ കറയറ്റ അധഃകൃത പ്രേമം പരമ്പരാഗതമായ അവരുടെ നാടൻ പാട്ടുകളിലേക്കും കലകളിലേക്കും ഇറങ്ങിച്ചെല്ലാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചിരുന്നു. നാടൻപാട്ടുകളിൽ നിറഞ്ഞുനിൽക്കുന്ന കലാഭംഗിയും സാമൂഹികവിമർശനവും അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. ഇതിന്റെ ഫലമാണ് അദ്ദേഹത്തിന്റെ 'സാമുദായിക ഗാനകലകൾ' എന്ന കൃതി. 1934-ൽ കറുപ്പൻ ചെയ്ത ചാത്തുപ്പണിക്കർ സ്മാരക പ്രഭാഷണത്തിന്റെ പുസ്തകരൂപമാണിത്. ഇതിൽ ചെറുമർപാട്ട്, വട്ടിപ്പാട്ട്, ഐവർ നാടകം, പുള്ളുവൻ പാട്ട്, വഞ്ചിപ്പാട്ട് തുടങ്ങിയ പതിനാലു തരം നാടൻ പാട്ടുകളുടെ അവതരണവും പഠനവും ഉൾപ്പെടുത്തിയിട്ടുണ്ട്. സാമൂഹിക നവോത്ഥാന യജ്ഞത്തിന്റെ ഭാഗമായി ജീവിതത്തിന്റെ മുഖ്യധാരയിൽ പെടാത്ത ജനതയുടെ കലാപാരമ്പര്യം സംരക്ഷിക്കാൻ നടത്തുന്ന ആദ്യശ്രമമായിരുന്നു അത്. അധഃകൃതരുടെ ആത്മീയ ഉന്നമനത്തിനായി കറുപ്പൻ ക്ഷേത്രങ്ങളും സ്ഥാപിക്കുന്നുണ്ട്. പനമ്പുകാട്ടുള്ള ശക്തിധാര ക്ഷേത്രവും പൊന്നാരിമംഗലത്തുള്ള സുബ്രഹ്മണ്യ ക്ഷേത്രവും ഇതിനുദാഹരണങ്ങളാണ്.

കറുപ്പൻ എം.എൽ.സി. ആയിരിക്കുമ്പോഴാണ് അദ്ദേഹത്തിന്റെ ശ്രമങ്ങളുടെ ഫലമായി കൊച്ചിരാജാവ് കീഴാളരുടെ ക്ഷേമത്തിനായി 1927-ൽ അധഃകൃത സംരക്ഷണവകുപ്പ് ആരംഭിക്കുന്നത്. വിദ്യാഭ്യാസ വകുപ്പിന്റെ ഉപവകുപ്പായിരുന്നു അത്. കറുപ്പനായിരുന്നു വകുപ്പിന്റെ അധഃകൃത ഉപസംരക്ഷകൻ. ഈ നിലയിൽ പ്രവർത്തിക്കുമ്പോഴാണ് കറുപ്പൻ കൊച്ചിയിലെ പുലയർ, വേട്ടുവർ, പടന്നക്കണക്കർ, ഉള്ളാടന്മാർ, നായാടികൾ മുതലായവർക്കായി ക്ഷേമസംഘങ്ങളും പരസ്പര സഹായസഹകരണ സംഘങ്ങളും സ്ഥാപിക്കുന്നത്. കൊറ്റനല്ലൂർ പടന്ന പരസ്പര സഹായസഹകരണസംഘം, അരണാട്ടുകര വേട്ടുവ പരസ്പര സഹായസഹകരണ സംഘം, നെട്ടൂർ ഉള്ളാട കോളനി എന്നിവ ഈ വിധം രൂപം കൊണ്ടവയാണ്.

"സമന്വയമാണ് സംസ്കാരം എന്ന പക്ഷക്കാരനായിരുന്നു കറുപ്പൻ. അയിത്തം ആചരിക്കുന്ന സവർണ്ണരുമായി സംഘർഷത്തിനു പോകാതെ ജാതിഭേദവിചാരം തെറ്റാണെന്ന് അവരെ ബോധ്യപ്പെടുത്തുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനരീതി". സവർണ്ണർ എന്ന് പൊതുവിൽ വിവക്ഷിക്കപ്പെടുന്നവരിൽ നിന്നും എല്ലാ അർത്ഥത്തിലും തിക്താനുഭവങ്ങൾ ആയിരുന്നില്ല അദ്ദേഹത്തിന് ലഭിച്ചത്. വിദ്യാഭ്യാസവും, തൊഴിലും, നേടാൻ കഴിഞ്ഞതുൾപ്പെടെയുള്ള കറുപ്പന്റെ ജീവിത പുരോഗതികൾ ഇതാണ് കാണിക്കുന്നത്. എന്നാൽ സവർണ്ണരുമായി സഹവർത്തിത്വം പുലർത്തുന്നതോടൊപ്പം ജാതിഭേദവിചാരത്തിനെതിരായുള്ള സമരവും അദ്ദേഹം തുടരുന്നുണ്ട്. ജാതിഭേദ വിചാരത്തിന്റെ അയുക്തികതയെയും അധാർമ്മികതയെയും കാവ്യവിഷയമാക്കിയ കറുപ്പൻ സാമൂഹികവിമർശനവും സാമൂഹിക പ്രതിബദ്ധതയും തന്റെ ഇടപെടലുകളിൽ സമഞ്ജസിപ്പിച്ചിരുന്നു. സാഹിത്യത്തിലും സാമൂഹിക പരിഷ്കരണ രംഗത്തും തമസ്കരിക്കാനാവാത്ത വിധത്തിൽ കീഴാളമുദ്രകൾ പതിപ്പിച്ച് കേരളത്തിന്റെ നവോത്ഥാന ഭൂപടത്തിൽ ശ്രദ്ധേയവും മൗലികവുമായ ഇടം കണ്ടെത്തിയ പണ്ഡിറ്റ് കെ.പി. കറുപ്പന്റെ ഇടപെടലുകൾ കാലാനുസൃതമായി വായിക്കപ്പെടേണ്ടതും പഠിക്കപ്പെടേണ്ടതുമുണ്ട്.

# പൈതൃകത്തിന്റെ കരുത്തിൽ ടൂറിസം

പ്രകൃതിയുടെ വശ്യസൗന്ദര്യത്തോടൊപ്പം പാരമ്പര്യത്തിന്റെ ആരോഗ്യസംരക്ഷണവും സംയോജിക്കുമ്പോൾ ദൈവത്തിന്റെ നാട് ദേശാന്തര പര്യടനക്കാർക്ക് പ്രിയങ്കരമാകുന്നു.

കെ. സത്യകൻ

ആയുർവേദ പാരമ്പര്യം പേറുന്ന കേരളം, അതിന്റെ ധന്യമായ ഔഷധസസ്യ ഉദ്യാനങ്ങളോടും അനുകൂലമായ പ്രകൃതിയോടും കൂടി, വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കാൻ മാതൃകാപരമായ രീതിയിൽ അണിഞ്ഞൊരുങ്ങി നിൽക്കുന്നു. 'ദൈവത്തിന്റെ സ്വന്തം നാട്ടി'ലെ കൊച്ചി-പെരിയാർ-കോവളം എന്ന ത്രികോണ സുഖവാസ കേന്ദ്രങ്ങളിലേക്ക് - ബീച്ചുകൾ, തടാകങ്ങൾ, തോട്ടങ്ങൾ - കണ്ണോടിക്കുന്ന ഏതൊരാൾക്കും ഒരു കാര്യം ബോധ്യപ്പെടും. സംസ്ഥാനത്തിന്റെ ഏറ്റവും വലിയ ടൂറിസ്റ്റ് ആകർഷണങ്ങളെ ഇവ ആലിംഗനം ചെയ്യുന്നു.

ഒരു ദേശാന്തര പര്യടനക്കാരന് തികച്ചും അനുയോജ്യമായ വിധത്തിൽ ആയുർവേദ ചികിത്സയേയും സുഖവാസി മാതൃകയിലുള്ള ജീവിതത്തേയും സമന്വയിപ്പിച്ച കേരളത്തിന്റെ പ്രഥമ സവിശേഷതയ്ക്കുള്ള അർഹത 'സോമതീരം' (സോമതീരം ആയൂർവേദിക് ബീച്ച് റിസോർട്ട്) അവകാശപ്പെടുന്നു. ഏറ്റവും നല്ല ആയുർവേദ കേന്ദ്രത്തിനുള്ള സംസ്ഥാന അവാർഡ് കരസ്ഥമാക്കിയ ഈ സ്ഥാപനം പതിനൊന്ന് വർഷങ്ങൾക്കുമുമ്പാണ് ആരംഭിച്ചത്. കോവളത്തിന്റെ തെക്കൻ പ്രദേശത്തെ മനോഹരമായ കുന്നിൻചരിവുകൾ നിറഞ്ഞ പതിനെട്ട് ഏക്കർ ഭൂമിയിലായി അറുപത് കോട്ടേജുകൾ വിനോദസഞ്ചാരികൾക്കായി ഒരുക്കിയിരിക്കുന്നു. ആയൂർവേദ ചികിത്സയെ ഗൗരവതരമായി പരിഗണിക്കുന്ന ഈ സ്ഥാപനത്തിൽ 24 ചികിത്സാമുറികളും ആറ് ഡോക്ടർമാരും നാൽപ്പതിലേറെ തെറാപ്പിസ്റ്റുകളുമുണ്ട്. ആയൂർവേദ ചികിത്സയിൽ വൈദഗ്ധ്യം, പ്രവർത്തനശേഷി, വീര്യം, ഹിതകരം എന്നിവയുടെ അത്ഭുതകരമായ സംയോജനം ഇവർ കാഴ്ചവയ്ക്കുന്നു.

തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്ന് നാൽപത് മിനിറ്റ് മാത്രം യാത്ര ചെയ്ത് എത്താവുന്ന ദൂരത്തിലാണ് കടലോര പ്രദേശത്തെ പത്ത് ഏക്കർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന കോവളത്തെ സൂര്യസമുദ്ര ബീച്ച് ഗാർഡൻ റിസോർട്ട്. ഇരുപത്തിയഞ്ച് ഗസ്റ്റ് റൂമുകൾ അടങ്ങുന്ന ഈ സുഖവാസകേന്ദ്രത്തിന്റെ സവിശേഷത, ഗ്രാമ്യമായ തറവാട് വീടുകൾ എന്ന നിലയ്ക്കാണ് അവ നിർമ്മിച്ചിരിക്കുന്നത് എന്നതാണ്. ഇവിടത്തെ റെസ്റ്റാറന്റ് വിതരണം ചെയ്യുന്ന കടൽ മത്സ്യത്തോടൊപ്പമുള്ള ആഹാരത്തിന് ഉപയോഗിക്കുന്ന പച്ചക്കറികൾ ഇവിടെത്തന്നെയുള്ള പച്ചക്കറി തോട്ടത്തിൽ നിന്നുള്ളവയാണെന്ന പ്രത്യേകതയുമുണ്ട്.

ഒക്ടഗോൺ റൂം ആണ് ഇവിടുത്തെ പ്രമുഖമായ മുറികളുടെ ഒരു സെറ്റ്. മനോഹരമായ സമുദ്രകാഴ്ചകളിലേക്ക് തുറക്കുന്ന വലിയ വാതായനങ്ങളും ഉയർന്ന മട്ടുപ്പാവും ഇതിന്റെ പ്രധാന സവിശേഷതയാണ്.

സൂര്യസമുദ്രയുടെ ആയൂർവേദ കേന്ദ്രത്തിലെ ചികിത്സാരീതികളിൽ ഒന്ന് കിഴിയാണ്. ഇതിനുപുറമേ 'കർമപൂരം', 'തർപ്പണം' എന്നീ ചികിത്സാരീതികളും ഇവിടെ നടത്തപ്പെടുന്നു.

ഏലക്കുന്നുകൾ ഹരിതാഭ പകരുന്ന തോട്ടങ്ങളും പെരിയാർ തടാകവും അതിലെ ആനകളും വലയം ചെയ്യുന്ന വനങ്ങളും ഉൾക്കൊള്ളുന്ന സുഗന്ധദ്രവ്യങ്ങളുടെ പരിമളം നിറഞ്ഞ തേക്കടിയിലെ 'സ്പൈസ് ഗ്രാമം' ഇക്കോളജിക്കൽ അവബോധമുണർത്തുന്ന മറ്റൊരു സുഖവാസ കേന്ദ്രമാണ്. ഈ സുഖവാസകേന്ദ്രത്തിന്റെ സവിശേഷത, ഇത് എയർ കണ്ടീഷനിംഗിനെ പുറന്തള്ളുന്നുവെന്നതാണ്. അതുപോലെ തന്നെ, സംഗീതത്തിനുവേണ്ടി ഇലക്ട്രോണിക് ഉപകരണങ്ങളെ ആശ്രയിക്കേണ്ടി വരുന്നില്ല. തേക്കടിയിലെത്തുന്ന ദേശാന്തര പര്യടനക്കാരെ കിളികൾ താരാട്ട് പാടി ഉറക്കുന്നു. ഇവിടത്തെ കിളിപ്പാട്ടിന് പകരം വയ്ക്കാൻ ഒരു പൈപ്പ് സംഗീതത്തിനും കഴിയില്ല. അതിമനോഹരമായ മലഞ്ചരിവുകൾ ദാനം നൽകിയ എട്ട് ഏക്കർ സ്ഥലത്തായി നിർമ്മിച്ചിട്ടുള്ള അൻപത്തി രണ്ട് കോട്ടേജുകൾ ഇവിടെയുണ്ട്. ഇവിടത്തെ ആയുർവേദ കേന്ദ്രം, ഔഷധച്ചെടികൾ നിറഞ്ഞ ഉദ്യാനങ്ങൾകൊണ്ട് വലയം ചെയ്യപ്പെട്ടിരിക്കുന്നു. ഈ കേന്ദ്രത്തിന്റെ അകത്തളങ്ങൾ വളരെ വിശാലവും കൂടുതൽ വായു സഞ്ചാരയോഗ്യവുമാണ്. മറ്റ് പല ആയൂർവേദ കേന്ദ്രങ്ങളെയും പോലെ, ഇവിടെയും, മുൻകാലങ്ങളിൽ ആയൂർവേദ ഭിഷഗ്വരന്മാർ മരുന്നുകളുടെ പ്രദർശനമാതൃക ഒരുക്കിയിരുന്നതുപോലെ, കൺസൾട്ടിംഗ് മുറിയിൽ വലിയ ഒരു 'മെഡിസിനൽ ചെസ്റ്റ്' സജ്ജമാക്കിയിട്ടുണ്ട്. ഗ്ലാസ് ഭരണികളിലും കുപ്പികളിലുമായി മരുന്നിന് ഉപയോഗിക്കുന്ന ഔഷധച്ചെടികളും അവയുടെ വേരുകളും പ്രദർശിപ്പിച്ചിട്ടുണ്ട്.



സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം വിഭാഗങ്ങളുണ്ട്. ഓരോ വിഭാഗത്തിലും മസാജ് മുറികൾ, ചികിത്സാ മുറികൾ, ഹെർബൽ ബാത്ത്റൂമുകൾ എന്നിവ ഒരുക്കിയിട്ടുണ്ട്. യൂറോപ്പ്, അമേരിക്ക, ഏഷ്യ എന്നിവിടങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികൾക്ക് പുറമേ, ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ധാരാളം ടൂറിസ്റ്റുകൾ ഇവിടം സന്ദർശിച്ചു വരുന്നു. ഷാറൂക്ഖാൻ, പ്രീതി സിന്റ എന്നീ പ്രശസ്തരായ സിനിമാ താരങ്ങൾ ഈയിടെ ഇവിടം സന്ദർശിച്ച ഇന്ത്യയിൽ നിന്നുള്ള വിനോദസഞ്ചാരികളിൽ ഉൾപ്പെടുന്നു. മസാജ് ചികിത്സാരീതി സമയം പാഴാക്കലാ

ണെന്ന് വിശ്വസിച്ചിരുന്ന ഷാറൂക്ഖാൻ, ഇവിടത്തെ സന്ദർശനത്തിനുശേഷം തന്റെ മുൻ അഭിപ്രായം ഉപേക്ഷിച്ചതായി വെളിപ്പെടുത്തുകയുണ്ടായി.

പെരിയാർ ടൈഗർ റിസർവിന് വളരെ അകലെയല്ലാതെ ആറ് ഏക്കർ തോട്ടത്തിൽ, വാസനദ്രവ്യം സുഗന്ധം പരത്തുന്ന പശ്ചാത്തലത്തിൽ മനോഹരമായ 'ഷാലിമാർ സ്പൈസ് ഗാർഡൻ റിസോർട്ട്' സ്ഥിതി ചെയ്യുന്നു. ആരെയും വശീകരിക്കുന്ന ഇവിടത്തെ യൂറോ-ചിക് പാർപ്പിടം രൂപകൽപന ചെയ്തത് ഇറ്റാലിയൻ ആർക്കിടെക്റ്റായ മരിയാ ആഞ്ജലാ ഫേൻഹോഫ് ആയിരുന്നു. ഇവിടുത്തെ ആയുർവേദ കേന്ദ്രം പതിവായി യൂറോപ്യൻ ടൂറിസ്റ്റുകൾക്ക് ആതിഥ്യമരുളിപ്പോരുന്നു.

ഇന്ത്യാ ഗവണ്മെന്റിന്റെ ടൂറിസം വകുപ്പ് അവാർഡ് നൽകി പ്രശംസിച്ച കേരളത്തിലെ ഏറ്റവും പ്രസിദ്ധമായ ഒരു സുഖവാസകേന്ദ്രമാണ് കേരനിരകൾ നിറഞ്ഞ 'കുമരകം'. വേമ്പനാട് കായലിന് അഭിമുഖമായി സ്ഥിതിചെയ്യുന്ന ഈ സുഖവാസകേന്ദ്രത്തിൽ ധാതുലവണങ്ങൾ അടങ്ങിയിട്ടുള്ള ഉറവ് ഒരു പ്രത്യേകതയാണ്. പാരമ്പര്യ രീതിയിൽ സജ്ജീകരിച്ചിട്ടുള്ള ആയുർവേദ കേന്ദ്രത്തിൽ മസാജ്-ട്രീറ്റ്മെന്റ് മുറികൾ, സ്റ്റീംബാത്ത്, സെമി ഔട്ട്-ഡോർ മസാജ് റൂം (ചവിട്ടിത്തിരുമ്മിന്) എന്നിവയ്ക്ക് പുറമേ, ശരീര ഭാരം കുറയ്ക്കുന്നതിനുള്ള 13 ദിവസത്തെ ഒരു പ്രോഗ്രാം കൂടി ഉൾപ്പെടുന്നു. ഇതിനുവേണ്ടിയുള്ള സ്റ്റാഫിന്റെ കൂട്ടത്തിൽ ഒരു ഫിസിയോ





തെറാപ്പിസ്റ്റ്, യോഗാ ടീച്ചർ തുടങ്ങിയവർ ഉൾപ്പെടുന്നു.

കിഴക്കിന്റെ വെനീസ് എന്ന വിശേഷണം നേടിയ ആലപ്പുഴപട്ടണത്തിൽ നിന്ന് പതിനഞ്ച് കിലോമീറ്റർ അകലെ, മോഹിപ്പിക്കുന്ന കേരളത്തിന്റെ കായലുകളിൽ നിന്ന് അകലെയല്ലാതെ, ആകർഷണീയമായ 'മാരാരി ബീച്ച് റിസോർട്ട്' സ്ഥിതി ചെയ്യുന്നു. ഒരു മത്സ്യബന്ധന ഗ്രാമത്തിന്റെ പ്രതീതി ജനിപ്പിക്കുന്ന, ഓലമേഞ്ഞ മേൽക്കൂരകളോട് കൂടിയ ആധുനിക രീതിയിൽ നിർമ്മിച്ചിട്ടുള്ള കോട്ടേജുകൾ നിറഞ്ഞ ഈ സുഖവാസകേന്ദ്രം, ആയുർവേദ ചികിത്സയെ ഗൗരവത്തോടെയാണ് സമീപിക്കുന്നത്. ഈ സുഖവാസ കേന്ദ്രത്തിലേക്കുള്ള പ്രവേശന കവാടത്തിലെ സ്വീകരണ കൗണ്ടർ പിന്നിട്ടാൽ ഉടൻ ഒരു താമരക്കുളത്തിലേക്കാണ് ഒരു ടൂറിസ്റ്റിന് പ്രവേശിക്കേണ്ടി വരിക. അതിന് പിന്നിലായി ആയുർവേദ കേന്ദ്രം പ്രവർത്തിക്കുന്നു. പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം പ്രത്യേകം മസാജ് മുറികളും  ചികിത്സാമുറികളും സ്റ്റീംബാത്ത് മുറികളും ഒരുക്കിയിട്ടുള്ള ഇവിടെ യോഗാ ക്ലാസിനുള്ള സൗകര്യവുമുണ്ട്. മാരാരി ബീച്ച് റിസോർട്ടിനെ ബീച്ചിൽ നിന്ന് വേർതിരിക്കുന്നത് കേരം തിങ്ങും തോപ്പുകളാണ്.

വശ്യസുന്ദരമായ വേമ്പനാട്, കായലിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന കായലോരം ലേക്ക് റിസോർട്ടിലേക്ക് ആലപ്പുഴ കായലോര പട്ടണത്തിൽ നിന്ന് സ്പീഡ് ബോട്ടിൽ രണ്ട് മിനിട്ട് യാത്രകൊണ്ട് എത്തിച്ചേരാം. ഏറെ പഴക്കമുള്ള ആയുർവേദ ചികിത്സാരീതികൾ ഇവിടുത്തെ ആയുർവേദ കേന്ദ്രം പ്രദാനം ചെയ്യുന്നു. ഇവയിൽ അഞ്ച് തെറാപ്പി പാക്കേജുകൾ ഉൾപ്പെടുന്നു. ഏഴ് ദിവസം മുതൽ മൂന്നാഴ്ചക്കാലം നീണ്ടുനിൽക്കുന്ന ചികിത്സയിൽ 'പഞ്ചകർമ്മ'യും ഉൾപ്പെടുന്നു. കായലോരം സുഖവാസകേന്ദ്രത്തിലെ ചികിത്സയും താമസവും തികച്ചും ശാന്തത നിറഞ്ഞ സാഹചര്യത്തിലാണെന്നതാണ് ഇവിടുത്തെ പ്രത്യേകത.

ആരോഗ്യത്തിന്റേതും, പൈതൃകത്തിന്റേതുമായ ഒരു സംയോജനം പ്രദാനം ചെയ്യുന്നു 250 വർഷത്തെ പഴക്കമുള്ള 'മലബാർ ഹൗസ്'. ഇൻഡോ ജർമ്മൻ സംയുക്ത സംരംഭത്തിലുള്ള മലബാർ ഹൗസ് നൽകുന്ന സ്വസ്ഥമായ തെറാപ്പി, കേരളത്തിന്റെ പൗരാണികമായ രണാസക്തകലയായ കളരിപ്പയറ്റിനെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. കളരി ഗുരുക്കന്മാരാണ് ഇതിന് നേതൃത്വം നൽകുന്നത്; ഒപ്പം യോഗ്യത നേടിയ ആയൂർവേദ ഭിഷഗ്വരന്മാരും.

ഈ സുഖവാസകേന്ദ്രങ്ങൾ വിനോദസഞ്ചാരികൾക്ക്, 'ദൈവത്തിന്റെ സ്വന്തം നാട്' ഏറെ പ്രിയങ്കരമാക്കി തീർക്കുന്നു.



# ക്രിസ്ത്യൻ ഫോക്‌ലോർ പഠനം

ഡോ.എം.വി. വിഷ്ണുനമ്പൂതിരി

മാനവജീവിത സംസ്കാരങ്ങൾ പരിതോവസ്ഥകൾക്കനുഗുണമായി രൂപപ്പെടുന്നവയാണ്. ജീവിത സാഹചര്യങ്ങളും പ്രാകൃതിക വ്യത്യാസങ്ങളുമനുസരിച്ച് സംസ്കാരത്തിൽ മാറ്റങ്ങൾ ഉണ്ടാകാതിരുന്നാലേ അത്ഭുതമുള്ളു. ഒരു സംസ്കാരം/ജനസമൂഹം ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് വ്യാപിക്കുവാനുള്ള സാഹചര്യമുണ്ടാകുമ്പോൾ ആ പ്രദേശത്ത് നിലവിലുള്ള ജീവിതസംസ്കാരങ്ങളുമായി ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ ബന്ധപ്പെടാതിരിക്കില്ല. സാമൂഹികവും ഭൗതികവും വാങ്മയവുമായ സംസ്കാരങ്ങളുടെ 'ഗണ'ങ്ങളെല്ലാം വ്യത്യയത്തിനു വിധേയമാകാം. ഇത്തരം മാറ്റങ്ങളെ തിരിച്ചറിയുകയെന്നത് ജനസംസ്കാരപഠനത്തിൽ പ്രസക്തിയുള്ള വിഷയമാണ്. ഈ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ക്രിസ്ത്യാനികളുടെ ജീവിതസംസ്കാരങ്ങളെ കുറിച്ചുള്ള അന്വേഷണം വിലപ്പെട്ടതാകാതിരിക്കയില്ല. ഭാഷാപരമായി മാത്രമല്ല, സാമൂഹിക-ഭൗതിക സംസ്കൃതികളിലും ശ്രദ്ധേയമായ മാറ്റങ്ങൾ കാണാമെന്നത് ഈ തിരിച്ചറിവിന്റെ പ്രസക്തിയെയാണ് സൂചിപ്പിക്കുന്നത്.

കേരളത്തിലെ ക്രൈസ്തവ ദേവാലയങ്ങളായ പള്ളികളുടെ നിർമ്മാണത്തിൽ കേരളീയവാസ്തുവിദ്യയുടെ സ്വാധീനം എത്രമാത്രമുണ്ടെന്നത് കണ്ടറിയേണ്ടതാണ്. ഉത്സവാഘോഷച്ചടങ്ങുകളിൽ ജൈന-ബുദ്ധ-ഹൈന്ദവ മതസംസ്കൃതികളുടെ നിഴലാട്ടമില്ലെന്ന് കരുതാൻ ന്യായമില്ല. പ്രാകൃതിക പരിതോവസ്ഥകൾ വരുത്തുന്ന വ്യതിയാനങ്ങൾക്ക് പ്രത്യക്ഷോദാഹരണമാണ് 'ഓശാനപ്പെരുന്നാൾ'. ശ്രീയേശു വിജയശ്രീലാളിതനായി ജറുസലേം നഗരത്തിൽ പ്രവേശിച്ച ദിനത്തിന്റെ ഓർമ്മക്കായിട്ടാണല്ലൊ അത് കൊണ്ടാടുന്നത്. ജറുസലേമിൽ എത്തിയ ക്രിസ്തുദേവനെ അവിടത്തെ ജനങ്ങൾ എതിരേറ്റത് ഈന്തപ്പനയോലകളും അവിടെ ലഭിച്ചിരുന്ന മറ്റ് ഇലകളും ഏന്തിക്കൊണ്ടായിരുന്നുവത്രെ. കേരളത്തിലെ ക്രിസ്ത്യാനികൾ ആ സംഭവത്തെ അനുസ്മരിക്കുന്നത് 'കുരുത്തോലപ്പെരുന്നാൾ' എന്ന പേരിലാണ്. ഇവിടെയുള്ളവർ കുരുത്തോലകളേന്തിക്കൊണ്ടാണ് ഘോഷയാത്ര ചെയ്യുന്നത്.

### ക്രിസ്ത്യാനികളുടെ കലകൾ

കേരളത്തിലെ ക്രിസ്ത്യാനികളുടെ സംസ്കാരത്തെയും കലകളെയും സാഹിത്യത്തെയും കുറിച്ച് ചിന്തിക്കുമ്പോൾ ഇവിടെയുണ്ടായ മതപരിവർത്തനത്തിന്റെ ചരിത്രം കൂടി നോക്കേണ്ടതായി വരാം. കേരളത്തിലെ പരമ്പരാഗതമായ കലാസംസ്കൃതിയുടെ അംശങ്ങൾ ക്രൈസ്തവ കലകളെ ധന്യമാക്കിയിട്ടുണ്ട്. എങ്കിലും, അവയുടെ ഉള്ളടക്കത്തിൽ ക്രൈസ്തവ മതസംബന്ധിയായ ആശയങ്ങളാണ് കാണുക. പലപ്പോഴും അവ സംസ്കാര സമന്വയത്തിന്റെ പ്രതീകങ്ങളായി നിലകൊള്ളുന്നു. കേരളത്തിലെ ക്രിസ്ത്യാനികളുടെ ഇടയിൽ പ്രാചുര്യത്തിലുള്ള ഏതാനും കലാരൂപങ്ങളെ അവലോകനം ചെയ്യാം.

### മാർഗ്ഗംകളി

ക്രിസ്ത്യാനികളുടെ ഒരു വിനോദകലയാണ് മാർഗ്ഗംകളി. കേരളബ്രാഹ്മണരുടെ ഇടയിൽ പ്രാചുര്യത്തിലുണ്ടായിരുന്ന സംഘക്കളി (പാനേങ്കളി)യുടെ ഒരനുകരണമാണ് മാർഗ്ഗംകളി എന്നൊരഭിപ്രായമുണ്ട്. രാജ്യരക്ഷാർത്ഥം ആയുധം ധരിച്ച പ്രാചീന ക്രിസ്ത്യാനികൾ വിനോദത്തിനായി മാർഗ്ഗംകളിയിൽ ഏർപ്പെട്ടുപോന്നിരുന്നുവത്രെ.

മാർഗ്ഗം എന്ന പദത്തിന് ക്രിസ്തുദേവന്റെ മാർഗ്ഗം (ക്രിസ്തുമതം) എന്നാണ് അർത്ഥമെടുക്കേണ്ടത്. ക്രിസ്തുമാർഗ്ഗപ്രചരണാർത്ഥം രചിക്കപ്പെട്ട പാട്ടുകൾ പാടിക്കൊണ്ടുള്ള കളിയാണ് മാർഗ്ഗം കളി. അതുകൊണ്ടാണ് ആ കലാപ്രകടനത്തിന് ആ പേരുണ്ടായത്. അഞ്ഞൂറു വർഷത്തിലേറെ പ്രാചീനത കൽപിക്കാവുന്ന കലയാണിത്. പീറ്റർ മഫേയ് എന്ന ജസ്വീറ്റു ചരിത്രകാരൻ 1589-ൽ പ്രസിദ്ധീകരിച്ച ഒരു ലത്തീൻ ഗ്രന്ഥത്തിൽ കേരളത്തിലെ ക്രിസ്ത്യാനികളുടെ കൈയും ചുവടുമൊപ്പിച്ചുകൊണ്ടുള്ള ഈ വിനോദകലയെക്കുറിച്ച് സൂചനയുണ്ടത്രെ. സുറിയാനി ക്രിസ്ത്യാനികളാണ് മാർഗ്ഗംകളിയിൽ കൂടുതൽ ഏർപ്പെടുന്നത്. മതഭക്തിക്കും കായികശേഷിക്കും ഉത്തമദൃഷ്ടാന്തമാണ് ഈ കലാപ്രകടനം.

മാർഗ്ഗംകളിയുടെ ആരംഭകാലത്തെ ഉദ്ദേശ്യമെന്തായിരുന്നുവെന്നതിനെകുറിച്ച് അഭിപ്രായ ഭിന്നതയുണ്ടാകാം. എന്നാൽ, പിൽക്കാലത്ത് വിവാഹം തുടങ്ങിയ മംഗളാവസരങ്ങളിൽ മാർഗ്ഗംകളി ഒഴിച്ചുകൂടാത്ത ഒരു ചടങ്ങായി തീർന്നുവെന്ന് വ്യക്തമാണ്. ശ്രീയേശുവിന്റെ സങ്കൽപത്തിൽ ഒരു നിലവിളക്ക് കൊളുത്തിവെച്ച്, അതിനു ചുറ്റും ചുവടുവെച്ചുകൊണ്ടും ചില ആംഗ്യങ്ങൾ കാണിച്ചുകൊണ്ടും പാട്ടുകൾ പാടിക്കൊണ്ടും കളിക്കുകയാണ് മാർഗ്ഗംകളിയുടെ സ്വഭാവം. പന്ത്രണ്ടു പേർക്ക് അതിൽ പങ്കെടുക്കാം. നിന്നുകൊണ്ടും വട്ടംചുറ്റിക്കൊണ്ടും ഇരുന്നുകൊണ്ടുമുള്ള കളികളുണ്ട്. കളിക്കാർ മുണ്ടാണ് ഉടുക്കുക. ഒരു മുണ്ട് തലയിലും കെട്ടും. തലക്കെട്ടിൽ ഒരു മയിൽപ്പീലി തിരുകാറുണ്ട്. കഴുത്തിൽ ഉത്തരീയം ധരിക്കും. പാട്ടുകൾ പാടിക്കൊണ്ടുള്ള നർത്തനങ്ങൾക്കു ശേഷം വാളും പരിചയുമെടുത്ത് ആയുധവിദ്യകൾ പ്രകടിപ്പിക്കും.

മാർഗ്ഗംകളിക്ക് പാടുവാൻ പ്രത്യേകം പാട്ടുകളുണ്ട്. ക്രിസ്തുദേവന്റെ ശിഷ്യനായ മാർത്തോമ്മായുടെ കേരളപ്രവേശവും അദ്ദേഹത്തിന്റെ മതപരിവർത്തന സംരംഭങ്ങളുമാണ് മാർഗ്ഗംകളിപ്പാട്ടുകൾക്ക്



ചവിട്ടുനാടകം

ക്രൈസ്തവ മതവിശ്വാസത്തിന്റെ പശ്ചാത്തലത്തിൽ കേരളീയ പാരമ്പര്യ കലാംശങ്ങൾ ഉൾക്കൊണ്ട് വളർന്നുവന്നവയാണ് ക്രൈസ്തവകലകൾ പലതും. ക്രൈസ്തവ സംസ്കൃതിയുടെ സ്വാധീനം കേരള സംസ്കാരത്തെയും സ്വാധീനിച്ചിട്ടുണ്ട്. അതിനാൽ ക്രിസ്ത്യൻ ഫോക്‌ലോർ പഠനം ഒരു സാംസ്കാരിക കൂട്ടായ്മയുടെ അനന്യതയെ കുറിച്ചുള്ള അന്വേഷണമാണ്.

പ്രധാന വിഷയം. മതേതര വിഷയങ്ങളെ പുരസ്കരിച്ചും പ്രാദേശികമായി പാട്ടുകളുണ്ടായിട്ടുണ്ട്.

## പരിചമുട്ടിക്കളി

ആയോധനപരമായ കലാപ്രകടനമാണ് പരിചമുട്ടിക്കളി. വാളും പരിചയുമിളക്കിക്കൊണ്ട് ഏതാനുംപേർ വട്ടമിട്ടുനിന്ന് വെട്ടും തടയും നടത്തുകയാണ് അതിന്റെ പ്രത്യേകത. കേരളത്തിലെ വിവിധ സമുദായക്കാർക്കിടയിൽ പരിച കളിക്ക് പ്രാചുര്യമുണ്ട്. ക്രിസ്ത്യാനികൾക്കിടയിൽ ഇന്നും ഈ കല സജീവമായി നിലനിൽക്കുന്നു. അവർക്കിടയിൽ പെരുന്നാൾ, കല്യാണം തുടങ്ങിയ വിശേഷാവസരങ്ങളിൽ ഈ കലാപ്രകടനം ഒഴിച്ചുകൂടാത്തതത്രെ. തോമാശ്ലീഹായുടെയും മറ്റും ചരിതങ്ങൾ അവർ പരിചമുട്ടിക്കളിക്ക് പാടാറുണ്ട്.

## കമ്പടികളി

കേരളത്തിന്റെ നാനാഭാഗങ്ങളിലും പ്രാചുര്യമുള്ള വിനോദകലയാണ് കമ്പടികളി. കോൽകളി, കോലടികളി എന്നിങ്ങനെയുള്ള പേരുകളിലും അത് അറിയപ്പെടുന്നു. വർഗ്ഗഭേദവും ദേശഭേദവുമനുസരിച്ച് കമ്പടികളിക്ക് വ്യത്യാസം കാണാം. എട്ടോ പത്തോ ജോഡി യുവാക്കൾ അനുഗുണമായ വേഷസംവിധാനത്തോടുകൂടി കളിക്കുന്ന കായികവിനോദ കലയാണത്. ചില ങ്കയിട്ടതോ ഇടാത്തതോ ആയ കോലുകൾ (കമ്പുകൾ) കളിക്കാർ ഉപയോഗിക്കും. ചുറ്റിക്കോൽ, തെറ്റിക്കോൽ, ഇരുന്നുകളി, തടുത്തുകളി, ചവിട്ടിച്ചുറ്റൽ, വട്ടക്കോൽ തുടങ്ങിയ അറുപതിൽപരം ഇനങ്ങൾ കമ്പടികളിയിലുണ്ടത്രെ. ഓരോ കളിക്കും പ്രത്യേകം താളവട്ടങ്ങളാണുള്ളത്. താളങ്ങൾ വായ്ത്താരിയായി പഠിച്ചിരിക്കും. ആ താളങ്ങൾക്കനുഗുണമായ ഗാനങ്ങളാണ് പാടുന്നത്.

## വട്ടക്കളി

ക്രിസ്ത്യാനികളുടെ ഇടയിൽ കല്യാണത്തോടനുബന്ധിച്ചുള്ള ഒരു വിനോദകലാപ്രകടനമാണ് വട്ടക്കളി. കല്യാണ നാളിലും തുടർന്നുള്ള രണ്ടു മൂന്നു ദിവസങ്ങളിലും കളികൾ നടത്തും. മതപരമായ ഗാനങ്ങളാണ് വട്ടക്കളിപ്പാട്ടുകളധികവും. ക്നാനായിത്തോമ്മാ കൊടുങ്ങല്ലൂരിൽ കുടിയേറി വാസമുറപ്പിച്ചതും, പിന്നീട് മെത്രാന്മാർ വന്നതും മറ്റും വട്ടക്കളിപ്പാട്ടുകളിൽ ആഖ്യാനം ചെയ്യുന്നുണ്ട്. വധൂവരന്മാരെ വിശേഷവസ്ത്രാഭരണാദികൾ അണിയിക്കുന്നതായി വർണ്ണിക്കുന്ന പാട്ടുകളും കുറവല്ല. മംഗല്യം വട്ടക്കളി, ആദംവട്ടക്കളി, വാടിമനം വട്ടക്കളി, പൂർവ്വയാസേപ്പ് വട്ടക്കളി എന്നിങ്ങനെ അനേകം വട്ടക്കളിപ്പാട്ടുകൾ പ്രാചുര്യത്തിലുണ്ടായിരുന്നു.

## ചവിട്ടുനാടകം

കൊടുങ്ങല്ലൂർ മുതൽ അമ്പലപ്പുഴ വരെയുള്ള ക്രിസ്ത്യാനികളുടെ ഇടയിൽ ഒരു കാലത്ത് വളരെ പ്രാചുര്യമുണ്ടായിരുന്ന കലാരൂപമാണ് ചവിട്ടുനാടകം. അധികം കനമില്ലാത്ത പലകകൾ ഉയരത്തിൽ നിരത്തി തട്ടിട്ട്, അതിന്മേൽ നിന്ന് താളത്തോടെ ചവിട്ടിക്കളിക്കുന്നതു കൊണ്ടാണ് ചവിട്ടു നാടകം എന്നു പേരുണ്ടായത്. പാട്ടിനൊത്ത് ചുവടുവെച്ചുകൊണ്ടുള്ള ആട്ടവും ചാട്ടവും അതിന്റെ പ്രത്യേകതയത്രെ. കളരിയഭ്യാസം ചെയ്തവർക്കേ ചവിട്ടുനാടകത്തിൽ പങ്കെടുക്കുവാൻ കഴിയുകയുള്ളൂ.

ചവിട്ടുനാടകത്തിൽ പ്രധാന വേഷങ്ങൾക്ക് പ്രത്യേകതരം ഉടുപ്പ്, കിരീടം, തൊപ്പി എന്നിവ അണിയും. പട്ടാളവേഷങ്ങൾക്ക് കോഴിപ്പൂവ് വെച്ച തൊപ്പിയാണ് പതിവ്. കാലുറകൾ ധരിക്കും. മുഖം മിനുക്കും; മീശവെയ്ക്കും.

സംഗീതം, അഭിനയം, നൃത്തം, സംഭാഷണം, താളമേളങ്ങൾ എന്നിവ ചവിട്ടുനാടകത്തിന്റെ മുഖ്യഘടകങ്ങളാണ്. ചെണ്ടയും കൈമണിയുമാണ് പിന്നണിവാദ്യങ്ങൾ. പാട്ടുപാടുവാൻ പിന്നണിഗായകരും ഉണ്ടായിരിക്കും. കഥ മുഴുവൻ ഗാനരൂപത്തിലുള്ളതാണ്. വിരുത്തം, കവി, കാപ്പ്, തുയരം, കലിത്തുറ, ഇന്നിശൈ, ചിന്തു, ചൊല്ലു, കൊച്ചകം, വെൺപാ തുടങ്ങി പല വർണ്ണമട്ടുകളിൽ രചിക്കപ്പെട്ടവയാണ് ചവിട്ടുനാടകത്തിന്റെ ഗാനങ്ങൾ. താളക്രമങ്ങളെല്ലാം വായ്ത്താരിയായി പരിശീലിക്കണം.

ഈശ്വരപ്രാർത്ഥനയോടെയാണ് ചവി

ട്ടുനാടകം ആരംഭിക്കുക. കട്ടിയക്കാരൻ എന്നുവിളിക്കുന്ന വിദൂഷകവേഷം പിന്നീട് രംഗത്തുവരും. ആളുകളെ ചിരിപ്പിക്കുന്ന ഫലിതം കലർന്ന ഗാനങ്ങളാണ് ആ വേഷം പാടുക. കട്ടിയക്കാരന്റെ പുറപ്പാട് കഴിഞ്ഞാൽ ചവിട്ടുനാടകത്തിന്റെ കഥ ആരംഭിക്കും. നാടകാന്ത്യത്തിൽ നടന്മാരെല്ലാം ചേർന്ന് മംഗളം പാടും.


കമ്പടികളി

ചവിട്ടുനാടകത്തിലെ വേഷങ്ങളുടെ നർത്തന (ചവിട്ട്)വും പിന്നണിവാദ്യങ്ങളും മറ്റും കഥകളിയുമായി അതിനുള്ള ബന്ധത്തെ സൂചിപ്പിക്കുന്നവയത്രെ. യൂറോപ്യൻ രാജ്യങ്ങളിൽ പ്രാചുര്യമുള്ള ഓപ്പറാ എന്ന സംഗീതനാടകത്തിന്റെയും കേരളത്തിലെ കഥകളിയുടെയും സംയുക്തപാരമ്പര്യം ചവിട്ടുനാടകത്തിൽ പ്രതിഫലിക്കുന്നുണ്ടെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ചവിട്ടുനാടകരംഗത്ത് ചില പരിഷ്കാരങ്ങൾ വരുത്തുവാനുള്ള ശ്രമങ്ങൾ ചിലേടങ്ങളിൽ നടന്നുകൊണ്ടിരിക്കുകയത്രെ.

ഇവിടെ സൂചിപ്പിച്ച കേരളീയ ക്രൈസ്തവ കലകളെല്ലാം ഇവിടത്തെ കളരിസംസ്കാരവുമായി ഏറെക്കുറെ ബന്ധപ്പെടുന്നുണ്ട്. ആയോധനകലകളെന്ന് അവയിൽ ചിലതിനെ വിശേഷിപ്പിക്കാം. അതേസമയം ക്രൈസ്തവ മതവിശ്വാസത്തിന്റെ പശ്ചാത്തലത്തിലാണ് അവ വളർന്നിട്ടുള്ളത്. ആ നിലയിൽ അവ സാമുദായിക കലകളുമാണ്.

## ക്രിസ്ത്യാനികളുടെ പാട്ടുകൾ

കേരളത്തിലെ ക്രിസ്ത്യാനികളുടെ ഇടയിൽ പലതരത്തിലുള്ള പാട്ടുകൾ പ്രാചുര്യത്തിലുണ്ട്. ആരാധനപ്പാട്ടുകൾ, പള്ളിപ്പാട്ടുകൾ, കല്യാണപ്പാട്ടുകൾ, വിനോദപ്പാട്ടുകൾ എന്നിങ്ങനെ പല ഇനങ്ങളിൽപ്പെട്ടവയാണവ. മൈലാഞ്ചിപ്പാട്ട്, അന്തം ചാർത്തുപാട്ട്, അയനിപ്പാട്ട്, വാഴുപ്പാട്ട്, പന്തൽപാട്ട്, വാതിലടച്ചുപാട്ട്, അടച്ചു തുറപ്പാട്ട്, എണ്ണപ്പാട്ട്, കളിപ്പാട്ട്, വിളക്കുതൊടീൽപാട്ട് തുടങ്ങി അനേകം ഗാനങ്ങൾ കല്യാണപ്പാട്ടുകളിൽ പെടുന്നു. മാർഗ്ഗംകളി, പരിചമുട്ടിക്കളി, വട്ടക്കളി, കമ്പടിക്കളി എന്നിവയ്ക്ക് പാടുന്ന പാട്ടുകൾ വിനോദപരമാണെങ്കിലും മതസംബന്ധമായ പരാമർശങ്ങൾ അവയിലുണ്ട്. പള്ളികളെ സംബന്ധിക്കുന്ന പാട്ടുകളാണ് മറ്റൊരിനം. സമുദായചരിത്രം വിവരിക്കുന്ന ഗാനങ്ങളും കുറവല്ല. ചവിട്ടുനാടകത്തിനു പാടുന്ന 'വിരുത്ത'ങ്ങളും മറ്റു ഗാനരീതികളും ശ്രദ്ധേയങ്ങളാണ്. കേരളത്തിലെ ക്രിസ്ത്യാനികളുടെ പാട്ടുകൾ ഭാഷാപരമായും പ്രാധാന്യമർഹിക്കുന്നു. ശുദ്ധമലയാളപ്പാട്ടുകളും, തമിഴ് സംസ്കൃതപദങ്ങൾ കലർന്ന പാട്ടുകളും, വൈദേശിക പദങ്ങൾ പ്രയോഗിച്ചിട്ടുള്ള പാട്ടുകളും അവയിൽ കാണാം. കിളിപ്പാട്ട്, പാന, വഞ്ചിപ്പാട്ട് തുടങ്ങിയ കേരളഗാനമട്ടുകൾ (രീതികൾ) അവയിൽ പ്രയുക്തമായിട്ടുണ്ട്.

## ആത്മീയതലം

ഭാരതീയ-ഹൈന്ദവ സംസ്കൃതിയിലെ ആധ്യാത്മിക കൃതികളുടെ മൂല്യം കേരളത്തിലെ ക്രൈസ്തവ പാരമ്പര്യത്തിൽ അംഗീകരിക്കപ്പെട്ടതായി തോന്നുന്നു. ശ്രീവിഷ്ണുസഹസ്രനാമം, ലളിതാ സഹസ്രനാമം തുടങ്ങിയവയുടെ ചുവടുപിടിച്ചുകൊണ്ടുള്ളതാണ് ക്രിസ്തുസഹസ്രനാമസ്തോത്രം (ഐ.സി. ചാക്കോ) എന്നോർമ്മിക്കുക. മലയാളത്തിലെ 'പാന'യെന്ന കീർത്തനസാഹിത്യത്തിന്റെ സ്വാധീനവും ക്രൈസ്തവ എഴുത്തുകാരെ സ്വാധീനിച്ചിട്ടുണ്ട്. (കൂദാശപ്പാന, പുത്തൻപാന തുടങ്ങിയവ നോക്കുക).

ക്രിസ്തുമതം അടിസ്ഥാനപരമായി മന്ത്രവാദം, ആഭിചാരം തുടങ്ങിയവയെ അംഗീകരിക്കുന്നില്ല. എന്നാൽ, കേരള പരിസരത്തിൽ മാന്ത്രികകർമ്മങ്ങളുടെ സ്വാധീനം ഇല്ലെന്നു പറയുവാൻ കഴിയുകയില്ല. മന്ത്രവാദത്തിൽ വിശ്വസിക്കുന്നവർ കേരളത്തിലെ ക്രിസ്ത്യാനികളിൽ ഇല്ലെന്ന് തീർത്ത് പറയുവാൻ സാധിച്ചെന്നു വരില്ല. കടമറ്റത്തു കത്തനാരെപ്പോലുള്ള മഹാമന്ത്രികന്മാരുടെ പാരമ്പര്യം ഇവിടെ സ്മരണീയമാണ്.

## സംസ്കാരത്തിന്റെ അനന്യത

കേരളത്തിലെ ക്രൈസ്തവ സംസ്കാര പാരമ്പര്യം എല്ലാംകൊണ്ടും തിരിച്ചറിയേണ്ട ഒരു സംസ്കാരപഠനമേഖലയാണ്. പാശ്ചാത്യ ക്രൈസ്തവ പാരമ്പര്യങ്ങളിൽ നിന്ന് പല വ്യതിയാനങ്ങളും ഇവിടെ ഉണ്ടായിട്ടുള്ളതായി കണ്ടുകഴിഞ്ഞു. അതേസമയം, കേരളത്തിലെ മറ്റു ജനസമൂഹങ്ങളുടെ ജീവിതസംസ്കാരങ്ങൾ പൂർണ്ണമായി അനുസരിക്കുകയോ അനുകരിക്കുകയോ ചെയ്തു കാണുന്നുമില്ല. ആചാരത്തിൽ, അനുഷ്ഠാനത്തിൽ, ആരാധനയിൽ, സംസ്കാരക്രിയകളിൽ, പ്രാർത്ഥനയിൽ, ആഘോഷങ്ങളിൽ, ഉത്സവങ്ങളിൽ, വിശ്വാസങ്ങളിൽ, വിലക്കുകളിൽ, ഉടയാടകളിൽ, ആഭരണങ്ങളിൽ, ഭക്ഷ്യവസ്തുക്കളിൽ, പാട്ടുകളിൽ, പുരാവൃത്തങ്ങളിൽ, ഐതിഹ്യങ്ങളിൽ എന്നുവേണ്ട ജീവിതസംസ്കാരങ്ങളുടെ സർവ്വഘടകങ്ങളിലും കേരളത്തിലെ ക്രൈസ്തവർക്ക് സവിശേഷമായ പ്രത്യേകശൈലിയും സമ്പ്രദായങ്ങളുമുണ്ടെന്ന് സമ്മതിക്കാതിരിക്കാൻ പറ്റില്ല. ആ നിലയിൽ കേരളത്തിലെ ക്രിസ്ത്യാനികളുടെ സംസ്കാരം മറ്റുപ്രദേശങ്ങളിലുള്ളതിൽ നിന്ന് വ്യതിരിക്തമായി കാണേണ്ടതായി വരും. ക്രൈസ്തവ സംസ്കൃതി കേരളസംസ്കാരത്തെയും ബാധിച്ചിട്ടുണ്ട്. ക്രിസ്തുമസ് പോലുള്ള ആഘോഷങ്ങൾ ഇന്ന് ക്രിസ്ത്യാനികളുടെ മാത്രമല്ല. എല്ലാംകൊണ്ടും, ക്രിസ്ത്യൻ ഫോക്‌ലോറിനെക്കുറിച്ചുള്ള പഠനം സവിശേഷസംസ്കാരമുൾക്കൊള്ളുന്ന ഒരു കൂട്ടായ്മയുടെ അനന്യതയെക്കുറിച്ചുള്ള അന്വേഷണമാണെന്ന് തീർത്തുപറയാം. ●

1. എം.ഒ. ജോസഫ്, മാർഗ്ഗം കളിപ്പാട്ട് (പരിഷത് ത്രൈമാസികം പു.1 ല.4 പു.399) എറണാകുളം കൊ.വ.1108 എടവം.

2. പ്രൊഫ.കെ.ജെ. അഗസ്റ്റിൻ, ചവിട്ടുനാടകം (സാഹിത്യപരിഷത് ത്രൈമാസികം, പു.1 ല.2 പു. 183) എറണാകുളം കൊ.വ. 1108 വൃശ്ചികം.



# പാക്കനാരുടെ പരമ്പരകൾ

ടി.ആർ. തിരുവഴാംകുന്ന്

**മറ്റ് സാങ്കേതികവിദ്യകൾ കൈമുതലില്ലാത്തവർക്ക് പലപ്പോഴും പാരമ്പര്യ ത്തൊഴിലുകളാണ് അഭയമാകുന്നത്. എന്നാൽ നിരാലംബരുടെ ഈ നിസ്സഹായത ചൂഷണം ചെയ്യപ്പെടുകയാണ്.**

പീള നിറഞ്ഞ മിഴികൾ തുറക്കാൻ ശ്രമിച്ചുകൊണ്ട് തളർന്ന സ്വരത്തിൽ വൃദ്ധൻ ആ കഥപറഞ്ഞു: സ്വന്തം മകന്റെ ദാരുണ മരണകഥ. പതിവുപോലെ അന്നും അച്ഛനും മകനും ഈറ്റവെട്ടാൻ പോയി. ചീന്തിപ്പൊളിക്കാൻ സുഖമുള്ള കമ്പില്ലാത്ത, നല്ല ഈറ്റ സുലഭമായി മലയുടെ മുകളിലുണ്ട്. അവിടെ എത്തിച്ചേരാൻ പ്രയാസമാണ്. എന്നാലും സുഭിക്ഷമായി ഈറ്റ ലഭിക്കുമല്ലോയെന്നോർത്ത് പോകും. ചുമർപോലെ കുത്തനെയുള്ള ഭൂമി. അട്ടകൾ അരിച്ചുനടക്കുന്ന ചതുപ്പുനിലം. ഈർപ്പം വിടാത്ത, വഴുപ്പുള്ള കരിംപാറകൾ. നടക്കുമ്പോൾ കാലൊന്ന് വഴുതിയാൽ, കണ്ണൊന്ന് ചലിച്ചാൽ, മല കയറുന്നവൻ ചുവട്ടിലെത്തും. പിന്നെ ശവമാകും കാണേണ്ടിവരിക.

നട്ടുച്ചയ്ക്കുപോലും, നാണിച്ച് നമ്രശിരസ്സുമായിട്ടാണ് സൂര്യരശ്മികൾ ഘോരവനങ്ങളിൽ പ്രവേശിക്കുന്നത്. പടർന്നും ഉയർന്നും നിൽക്കുന്ന മാമരങ്ങൾ. അതിൽ ചുറ്റിപ്പിണഞ്ഞും തൂങ്ങിയും കിടക്കുന്ന വള്ളികൾ. കഴുത്തറ്റം ഉയരമുള്ള കുറ്റിക്കാടുകളും ഈഞ്ചപ്പുല്ലുകളും. ഇവയുടെ മറവിൽ, നിഴലിൽ, മരണം എന്നും പതിയിരിക്കും: പാമ്പുകളുടെ രൂപത്തിൽ, വന്യമൃഗങ്ങളുടെ രൂപത്തിൽ, കാട്ടാനകളുടെ രൂപത്തിൽ......

ഈറ്റവെട്ടുന്നതിന് പ്രധാന പ്രതിബന്ധം കാട്ടാനകളാണ്. കൂട്ടത്തോടെയാണെങ്കിൽ പേടിക്കാനില്ല. അവ ഒന്നിച്ച് ഒരേ വഴിക്ക് പോകും. ഒറ്റയാൻ അങ്ങനെയല്ല. അവൻ ഏതിലെ വരുമെന്നും പോകുമെന്നും ആർക്കും അറിയില്ല. ഒന്നുമാത്രമറിയാം: അവന്റെ കണ്ണിൽപെട്ടാൽ ആയുസ്



തീർന്നു!

നാലുപാടും ഭീതിദമായ ഘോരവനം. അതിനുള്ളിൽ സാന്ദ്രതയാർന്ന പച്ചപ്പോടെ ഇളംതലയാട്ടി നിൽക്കുന്നു ഈറ്റക്കൂട്ടങ്ങൾ. ഓരോരുത്തരും ഓരോ ഈറ്റക്കൂട്ടത്തെ ലക്ഷ്യമാക്കി നടന്നു. വൈകുന്നേരം കനത്ത ചുവടുമായി പ്രയാസപ്പെട്ട് മലയിറങ്ങി അടിവാരത്തെത്തി. വൃദ്ധനും വന്നു. കണ്ണൻ (വൃദ്ധന്റെ മകൻ) മാത്രം വന്നില്ല.

മലയിൽ ഇരുട്ട് പെയ്യാൻ തുടങ്ങി. ഒപ്പം മഞ്ഞും ശക്തിയായ കോടയും. തിരഞ്ഞു പോകാൻ നിവൃത്തിയില്ല. വൃദ്ധൻ വിളിച്ചു കൂവി: 'കണ്ണാ, കൂ......യ്', 'കണ്ണാ, കൂ.....യ്.'

വൃദ്ധന്റെ ശബ്ദം മലമുകളിൽ തട്ടി, പ്രതിധ്വനിയായി തിരിച്ചുവന്നു. കണ്ണന്റെ മറുകൂക്ക് മാത്രം വന്നില്ല.

അന്നു രാത്രി അടിവാരത്തിൽ തന്നെ കഴിച്ചുകൂട്ടി, വൃദ്ധൻ. കൂട്ടിന്, കടുത്ത വിശപ്പും കനത്ത ഉത്കണ്ഠയും. തൊലി ചുളുങ്ങിയ, എല്ലുന്തിയ, ആ ശരീരം തൊലി തുളയ്ക്കുന്ന തണുപ്പറിഞ്ഞില്ല. കാട്ടുമൃഗങ്ങളെ ഭയന്നില്ല. കാറ്റിൽ കരിയിലകൾ അനങ്ങുമ്പോഴും പച്ചിലത്തുമ്പുകൾ മഞ്ഞുതുള്ളികൾ വർഷിക്കുമ്പോഴും സദാ ഉറങ്ങാതെ ചെവിയോർത്തു കിടക്കുന്ന വൃദ്ധൻ വിചാരിക്കും: കണ്ണൻ വരുന്നുണ്ട്; കാൽപ്പെരുമാറ്റം കേൾക്കുന്നു....

കണ്ണൻ വന്നില്ല, ഭൂമി ഇരുട്ടിന്റെ ആവരണം അഴിച്ചെറിയാൻ തുടങ്ങുന്നു. വൃദ്ധൻ മലമുകളിലേക്ക് കയറി, തിരച്ചിൽ തുടങ്ങി. ഉച്ചയായപ്പോഴേക്കും ഒന്നു രണ്ടുപേർ സഹായത്തിനെത്തി. സന്ധ്യക്ക് അൽപം മുമ്പാണ് ശവം കണ്ടത്. ദുർഗന്ധം വമിക്കുന്ന ശവശരീരത്തിൽ കൈകൾ രണ്ടുമില്ല. അവ ദൂരെ ചീന്തിയെറിയപ്പെട്ടിരുന്നു.

ഒരു നിമിഷം ഞാനോർത്തു: ആനയുടെ കൊമ്പിനിടയിൽ, കൈകൾക്കിടയിൽ, ശരീരം പ്രാണവേദനയോടെ പിടയുന്നു. അപ്പോൾ മനസ്സ് എവിടെയാകും? മണ്ണപ്പം ചുട്ടുകളിക്കുന്ന അരുമക്കുഞ്ഞിന്റെ ഓമനമുഖത്തോ? ചട്ടിയിൽ വിളമ്പിയ കഞ്ഞി ഉറുമ്പരിക്കാതെ ഉറിയിൽ കയറ്റിവെച്ച് കാത്തിരിക്കുന്ന കാതരമിഴിയാളിലോ?

പറയക്കുടുംബങ്ങളിലെ പ്രായപൂർത്തിയായ പല പുരുഷന്മാരും അപമൃത്യുവിനിരയായിട്ടുണ്ട്. ചാത്തൻ, ചേന്തി, മുണ്ടൻ, കൊണ്ട, കേളൻ... ആ പട്ടിക വളരെ നീണ്ടതാണ്. പൊതിച്ചോർ കക്ഷത്തിലിറുക്കി, ഉറങ്ങിക്കിടക്കുന്ന കുഞ്ഞിന്റെ മൗനസമ്മതവും വാങ്ങി, പ്രഭാതം പൊട്ടിവിടരുന്നതിനുമുമ്പേ മലയിലേക്ക് കുതിക്കുന്ന ഈ നാടൻയൗവനങ്ങൾ വൈകുന്നേരം തിരിച്ചെത്തിയാൽ ഭാഗ്യം. ഇല്ലെങ്കിൽ കുഞ്ഞുങ്ങളുടെ നിർഭാഗ്യം. ഘാതകർ ആന മാത്രമല്ല, പാമ്പും കരടിയുമെല്ലാമുണ്ട്. അബദ്ധത്തിൽ, കാൽവഴുതിവീണ് അംഗഭംഗം സംഭവിക്കുന്നവരുമുണ്ട്. അവരുടെ അനന്തരജീവിതം ചത്തതിനു തുല്യമാണ്. ഇത്രയൊക്കെ അരോചകമാർന്ന അവസ്ഥയിലും ഈ നാടൻയുവാക്കൾക്ക് മലയിൽ പോകാൻ ആശങ്കയില്ല. മലയോട് വൈരാഗ്യമില്ല. അഥവാ വൈരാഗ്യം വിചാരിച്ചിട്ടെന്തുകാര്യം? മറ്റെന്തെങ്കിലും തൊഴിൽ ചെയ്യാൻവേണ്ടേ?

ഇതുവരെ പറഞ്ഞത് കേവലം പഴയ കഥ. അതായത് തലമുറകളിലൂടെ തുടങ്ങി, രണ്ട്-മൂന്ന് ദശാബ്ദങ്ങൾ മുമ്പുവരെ തുടർന്നുവന്ന സംഭവകഥ. ഇന്ന് സ്ഥിതിയാകെ മാറി. തങ്ങളുടെ പൂർവ്വികരനുഭവിച്ച കൊടിയ ക്ലേശങ്ങളുടെ കടുകുമണിപോലും ഇപ്പോഴത്തെ തലമുറയ്ക്ക് അജ്ഞാതമാണ്. ആരും അവരെ അതോർമ്മിപ്പിക്കുന്നത് അവർക്കിഷ്ടവുമല്ല.

മധ്യവയസ്സിനോട് വിട പറഞ്ഞവരും ആരോഗ്യമുള്ള വൃദ്ധരുമെല്ലാം ഇപ്പോഴും മലയിൽ പോകാനും ഈറ്റ ശേഖരിക്കാനും സന്നദ്ധരാണ്. പക്ഷെ മലയെവിടെ, വനമെവിടെ? കാടുംമലയും, കാൽനൂറ്റാണ്ട് മുമ്പുണ്ടായിരുന്നതിന്റെ കാൽഭാഗംപോലും ഇപ്പോഴില്ല. ഉള്ളവ ഒട്ടുമുക്കാലും, അനധികൃത കൈയേറ്റക്കാരുടെയും അധികൃത കുടിയേറ്റക്കാരുടെയും വരുതിയിലാണ്. മിച്ചം വരുന്ന വനംമാത്രം വനംവകുപ്പിന്റെ കീഴിലാണ്. ആ വനത്തിൽ പ്രവേശിക്കാൻ വനസംരക്ഷണസേന അനുവദിക്കുകയില്ല. ഒരമ്പതോ നൂറോ 'കൈമടക്കു'കൊടുത്താൽ വനത്തിൽ പ്രവേശിപ്പിച്ചെന്നും വരാം. അന്നന്നത്തെ അന്നത്തിന് മാർഗ്ഗമില്ലാതെ ഉഴലുന്നവർ 'അധീഷണലാ'യി അമ്പതോ നൂറോ സ്വരൂപിക്കുന്നതെങ്ങനെ?

ഇവിടെയാണ്, കേരളാ ബാംബു കോർപ്പറേഷന്റെ പ്രസക്തി അന്വർത്ഥമാകുന്നത്. ബാംബു കോർപ്പറേഷൻ സംസ്ഥാനതലത്തിൽ ഈറ്റ ശേഖരിക്കുന്നു, ഈറ്റത്തൊഴിലാളി കേന്ദ്രങ്ങളിൽ സബ്സിഡി നിരക്കിൽ സപ്ലൈ ചെയ്യുന്നു. ഈ കേന്ദ്രങ്ങളിൽ ഉത്പാദിപ്പിക്കുന്ന കൊട്ട, വട്ടി, മുറം, പരമ്പ് തുടങ്ങിയ സാമഗ്രികൾ നിർമ്മാതാക്കളിൽ നിന്നു വാങ്ങി, വിപണിയിൽ വിറ്റഴിക്കാനും ബാംബു കോർപ്പറേഷന് പദ്ധതിയുണ്ട്. ബാംബു കോർപ്പറേഷന്റെ മേഖലാ ഡിപ്പോകളുടെ ഉദ്ദേശ്യം ഇതാണത്രെ.

തീവില കൊടുത്ത് ഇവർ ഈറ്റ വാങ്ങുന്നു. മണിക്കൂറുകൾ ചെലവഴിച്ച്, അവ ചീന്തിപ്പൊളിച്ച്, മെടഞ്ഞ് പായും പരമ്പും വട്ടിയുമാക്കുന്നു. അവ കെട്ടിച്ചുമന്ന് കമ്പോളത്തിലെത്തിച്ചാലോ? ആവശ്യക്കാരില്ലതാനും. പ്ലാസ്റ്റിക് ഷീറ്റുകൾ, പ്ലാസ്റ്റിക് കൊട്ടകൾ ഇതൊക്കെയാണ് ഇന്ന് ആളുകൾക്കാവശ്യം. അവയ്ക്ക് അത്യാകർഷകത്വമുണ്ട്, ഭാരക്കുറവുണ്ട്. ഈട് നിൽക്കുകയും ചെയ്യും. അഴകും മാർദ്ദവവുമുള്ള ഈ യന്ത്രനിർമ്മിത വസ്തുക്കൾ, നാടൻ കൈകളുടെ കലാവിരുതിനെ അമ്പേ പരാജയപ്പെടുത്തുകയാണ്, തദ്വാരാ ഒരു പാരമ്പര്യത്തൊഴിലിനെ കൂടി നാമാവശേഷമാക്കുകയാണ്.

ഈ അടുത്ത ദശകങ്ങൾവരെ, ഓരോ ദേശങ്ങളിലും (വാർഡുകളിലും) ഓരോ പറയക്കുടുംബങ്ങൾക്ക് ചില അവകാശങ്ങളുണ്ടായിരുന്നു. ഓണം, വിഷു, തിരുവാതിര, കല്യാണാടിയന്തരാദികൾ - ഇത്തരം സന്ദർഭങ്ങളിൽ ആവശ്യാനുസരണം കൊട്ട, വട്ടി, മുറം, പായ തുടങ്ങിയ ഗൃഹോപകര

# മന്തുരോഗ


**ഡോ.ടി.കെ. സുമ**

അസോസിയേറ്റ് പ്രൊഫസർ,
ആലപ്പുഴ മെഡിക്കൽ കോളേജ്


ഭൂമുഖത്തുനിന്നും വസൂരിരോഗം 1977-ൽ പൂർണ്ണമായും ഉന്മൂലനം ചെയ്യാൻ സാധിച്ചതോടെ മറ്റു സാംക്രമിക രോഗങ്ങളുടെ നിർമാർജനവും ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയമായി. തത്ഫലമായി നിർമാർജനം ചെയ്യുവാൻ സാധ്യതയുള്ളതായി കേവലം ആറ് സാംക്രമിക രോഗങ്ങളാണ് ഉള്ളതെന്ന് ലോകാരോഗ്യസംഘടന കണ്ടെത്തി. അവയിൽ ഒന്നാണ് മന്തുരോഗം. ഈ രോഗം മൂലം ശരീരത്തിലെ ലിംഫ് വ്യവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ, കാര്യക്ഷമമായ രോഗനിർണ്ണയം, കൂടുതൽ ഫലവത്തായ നൂതന ചികിത്സാരീതി എന്നിവയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ഗവേഷണഫലമായി സമീപകാലങ്ങളിൽ ലഭ്യമായിട്ടുണ്ട്. ഇതിന്റെ തുടർച്ചയെന്നോണം ലോകാരോഗ്യസംഘടനയുടെ നിയമനിർമ്മാണസഭ മന്തുരോഗം ആഗോള തലത്തിൽ നിർമ്മാർജനം ചെയ്യപ്പെടേണ്ടതാണെന്ന പ്രമേയം 1977-ൽ പാസ്സാക്കി. 2020-ഓടെ മന്തുരോഗ നിർമാർജനം സാധിക്കണമെന്ന ഉദ്ദേശ്യത്തോടെ ലോകാരോഗ്യസംഘടന ആഗോള മന്തുരോഗ നിർമാർജന പദ്ധതിക്ക് 2000 ആണ്ടിൽ തുടക്കമിട്ടു. 2015-ഓടെ തന്നെ മന്തുരോഗ നിർമാർജനം യാഥാർത്ഥ്യമാക്കാനാണ് ഭാരതം ലക്ഷ്യമിടുന്നത്. സാമൂഹ്യ മരുന്നു വിതരണത്തിലൂടെ മന്തുരോഗം പകരുന്നത് തടയുക എന്നതാണ് ഈ പദ്ധതിയുടെ കാതലായ ഭാഗം.

**മന്തുരോഗ നിർമാർജനം എന്തിന്?**

ലോകത്തിൽ ഏകദേശം 120 ദശലക്ഷം പേർ മന്തുരോഗം ഉള്ളവരായി

# നിർമാർജനം എന്തിന്? എങ്ങനെ?



ആരോഗ്യപരിപാലന രംഗത്ത് നടപ്പിലാക്കിയിട്ടുള്ളതിൽ വച്ചേറ്റവും ചെലവു കുറഞ്ഞതും ഫലപ്രദവുമായ പദ്ധതിയാണ് മന്തുരോഗ നിർമാർജന പദ്ധതി. എല്ലാവരിലും മന്തുരോഗനിർണ്ണയം അസാധ്യമാണെന്നതും ഈ പദ്ധതിയുടെ പ്രാധാന്യത്തെ വർദ്ധിപ്പിക്കുന്നു.

കണക്കാക്കപ്പെട്ടിട്ടുണ്ട്. 40 ശതമാനം മന്തു രോഗം വരാൻ സാധ്യതയുള്ളവരിൽ 50 ശതമാനവും ഭാരതത്തിലാണ്. രണ്ടു തരത്തിലുള്ള മന്തുരോഗമാണ് നമ്മുടെ രാജ്യത്ത് കണ്ടുവരുന്നത്. ഇതിൽ വുച്ചറേറിയ ബാങ്ക്രോഫ്ടി എന്ന ഇനം 17 സംസ്ഥാനങ്ങളിലും ആറ് കേന്ദ്രഭരണ പ്രദേശങ്ങളിലും കാണുന്നു. രണ്ടാമത്തെ ഇനമായ ബ്രൂഗിയ മലായി കേരളത്തിലെ ചില ഭാഗങ്ങളിലും മറ്റ് ഏഴ് സംസ്ഥാനങ്ങളിലും മാത്രമായി കാണപ്പെടുന്നു. ഇന്ത്യയിൽ മന്തുരോഗമുള്ളവരിൽ രക്തത്തിൽ മൈക്രോഫൈലേറിയ എന്നറിയപ്പെടുന്ന കുഞ്ഞുവിരകൾ ഉള്ളവർ 31.26 ദശലക്ഷവും കൈകാലുകളിൽ വീക്കം ഉള്ളവർ 7.44 ദശലക്ഷവും വൃഷണസഞ്ചിയുടെ ചുറ്റും വെള്ളം കെട്ടിനിൽക്കുന്ന അവസ്ഥയായ ഹൈഡ്രോസീൽ ഉള്ളവർ 12.88 ദശലക്ഷവുമാണ്. രോഗമുള്ളവരിൽ കൂടെക്കൂടെയുണ്ടാകുന്ന മന്തുപനി ഏകദേശം 40.65 ദശലക്ഷം പ്രാവശ്യം ഉണ്ടാകുന്നതായി കാണപ്പെട്ടിട്ടുണ്ട്. വർഷംതോറും ഈ രോഗംമൂലം 3600 കോടി രൂപയുടെ സാമ്പത്തികനഷ്ടം ഭാരതത്തിൽ ഉണ്ടാകുന്നു.

കൂടിയ വീക്കം മൂലം കൈകാലുകളെ വികലമാക്കുന്ന എലിഫന്റിയാസിസ് എന്ന അവസ്ഥ രോഗിയുടെ ദൈനംദിന പ്രവൃത്തികൾക്ക് തടസ്സമാകുന്നു. ഗുഹ്യഭാഗങ്ങൾക്കുണ്ടാകുന്ന വൈകല്യം ലൈംഗിക പ്രശ്നങ്ങൾക്കും, ലജ്ജ, ഭയം എന്നിവയ്ക്കും കാരണമാകുന്നു. കൂടെക്കൂടെയുണ്ടാകുന്ന മന്തുപനിമൂലം രോഗി അവശത അനുഭവിക്കുകയും അടിയന്തര ചികിത്സ തേടേണ്ടി വരികയും ചെയ്യുന്നു.

**മന്ത് പകരുന്നത്**

മനുഷ്യശരീരത്തിലെ ലിംഫ് കുഴലുകളിൽ അഥവാ ലസികാനാളികളിൽ വളരുന്ന വളരെ നേർത്ത മന്തുവിരകൾ മൂലമുണ്ടാകുന്നതും കാലക്രമേണ കൈകാലുകളിലും ഗുഹ്യഭാഗങ്ങളിലും വീക്കം ഉണ്ടാക്കുന്നതുമാണ് മന്തുരോഗം. ഉഷ്ണമേഖലാ രാജ്യങ്ങളിൽ സാധാരണ കണ്ടുവരുന്ന ഈ രോഗം കൊതുകുകളിലൂടെയാണ് പകരുന്നത്. ഈ രോഗം കൂടുതലായി കണ്ടുവരുന്നത് അവികസിത രാജ്യങ്ങളിലും വികസ്വര രാജ്യങ്ങളിലുമാണ്. മാത്രമല്ല സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെയാണ് ഈ രോഗം പ്രധാനമായും ബാധിക്കുന്നത്.

ഗുഹ്യഭാഗങ്ങൾ, കക്ഷം, ചുരുക്കം ചിലപ്പോൾ സ്തനങ്ങൾ എന്നിവിടങ്ങളിലെ ലിംഫ് കുഴലുകളിൽ വലിയ മന്തുവിരകൾ ഏകദേശം 10 വർഷം വരെ ജീവിക്കുന്നു. ലസികാനാളികളിൽ പൂർണ്ണവളർച്ചയെത്തുന്ന വലിയ മന്തുവിരകൾ പ്രത്യുത്പാദനം നടത്തി ലക്ഷക്കണക്കിന് മൈക്രോഫൈലേറിയ എന്നറിയപ്പെടുന്ന കുഞ്ഞുവിരകളെ ഉത്പാദിപ്പിക്കുന്നു. രാത്രി 10 മണിക്കും പുലർച്ചെ രണ്ട് മണിക്കും ഇടയ്ക്ക് നടത്തുന്ന രക്തപരിശോധനയിലൂടെ ഒരു പരിധിവരെ ഇവയെ കണ്ടെത്തുവാൻ സാധിക്കും. രക്തത്തിൽ കുഞ്ഞുവിരകൾ ഉള്ള ഒരാളെ കൊതുകു കടിക്കുമ്പോൾ കുഞ്ഞുവിരകൾ കൊതുകിലേക്ക് കടന്ന് ഏഴ് മുതൽ 21 ദിവസംകൊണ്ട് പൂർണ്ണ വളർച്ചയെത്തിയ ലാർവ ആയിത്തീരുന്നു. ഇവ കൊതുക് കടിക്കുന്നതിലൂടെ മനുഷ്യശരീരത്തിൽ കടക്കുകയും ലിംഫ് കുഴലുകളിൽ വളർച്ച പ്രാപിച്ച് വലിയ മന്തുവിരകളാകുകയും ചെയ്യുന്നു.

ക്യൂലക്സ് വിഭാഗത്തിൽപ്പെട്ട കൊതുകുകൾ പരത്തുന്ന വുച്ചറേറിയ ബാങ്ക്രോഫ്ടിയും മാൻസോണിയ കൊതുകുകളിലൂടെ പകരുന്ന ബ്രൂഗിയ മലായിയുമാണ് ഭാരതത്തിൽ കാണപ്പെടുന്ന രണ്ടുതരം മന്തുവിരകൾ. മലിനജലം കെട്ടിക്കിടക്കുന്ന കുഴികൾ, കുളങ്ങൾ, സെപ്റ്റിക് ടാങ്കുകൾ, വെള്ളം കെട്ടിനിൽക്കുന്ന ഉപയോഗശൂന്യമായ ടയറുകൾ, ടിന്നുകൾ എന്നിവയിലാണ് ക്യൂലക്സ് കൊതുകുകൾ പെരുകുന്നത്. എന്നാൽ മാൻസോണിയ ആകട്ടെ പിസ്റ്റിയ, ഐക്കോർണിയ, സിൽവാനിയ എന്നീ

---

ണങ്ങൾ അവർ കാഴ്ചവെയ്ക്കും. മുസ്ലീം വീടുകളിൽ നിസ്കാരപ്പായകളാവും നൽകുന്നത്. ഈ വ്യവസ്ഥിതിയുടെ മെച്ചമിതായിരുന്നു. പറയർക്ക് സ്വന്തം ഉത്പന്നങ്ങൾ വിറ്റഴിക്കാൻ വേണ്ടി വിപണികൾ അന്വേഷിച്ച് അലയേണ്ടിയിരുന്നില്ല. മാത്രവുമല്ല, 'ചരക്കി'ന് എന്നും നല്ല 'ഡിമാന്റ്' യിരുന്നു താനും.

സ്വാതന്ത്ര്യപ്രാപ്തിയോടടുത്ത പതിറ്റാണ്ടുകളിൽ സമൂഹമധ്യത്തിൽ ചില പുതിയ വിശ്വാസങ്ങളുണ്ടായി; നിർവ്വചനങ്ങളുണ്ടായി. 'അവകാശം' അടിമത്തത്തിന്റെ വകഭേദമായി വ്യാഖ്യാനിക്കപ്പെട്ടു. പരിഷ്കാരത്തിനുവേണ്ടിയെങ്കിലും എല്ലാ അവകാശങ്ങളും ലംഘിക്കപ്പെട്ടു. കാലയാപനത്തിന് മാർഗമുണ്ടായിരുന്നവർക്ക് കാൽച്ചങ്ങലകളൊഴിച്ച് മറ്റൊന്നും ഈ സമ്പ്രദായംമൂലം നഷ്ടമായില്ല. അഷ്ടിക്ക് വകയില്ലാത്തവന്റെ കാര്യം കഷ്ടമായി.

ഈറ്റപ്പണി കൈത്തൊഴിലാക്കിയ മറ്റൊരു വിഭാഗം മനുഷ്യരുണ്ട്: കവറകൾ. പറയരെപ്പോലെ, കുടിലുകളിൽ പട്ടിണിയും ദാരിദ്ര്യവും സഹിച്ച് ഇവർ ജീവിക്കുന്നു. ഉപജീവനമാർഗം ഈറ്റയാണെങ്കിലും ഇതര ഈറ്റത്തൊഴിലാളികളായ പറയരുമായി കവറകൾ കൂടിക്കഴിയുകയോ വിവാഹബന്ധത്തിലേർപ്പെടുകയോ പതിവില്ല.

ഈറ്റപ്പണിയിൽ ലാഭേച്ഛയില്ല. ഉണ്ടാകുമെന്ന വിശ്വാസവുമില്ല. എങ്കിൽ, എന്തിനീ തൊഴിൽ ചെയ്യുന്നു? ഉത്തരം: മറ്റെന്തു തൊഴിൽ ചെയ്യും? സാമ്പത്തിക ശേഷിയുടെയും സാങ്കേതിക വിദ്യാഭ്യാസത്തിന്റെയും അഭാവം മറ്റെല്ലാ തൊഴിൽ രംഗങ്ങളും അപ്രാപ്യമാക്കുന്ന മനുഷ്യന്റെ ഏക അഭയകേന്ദ്രം പാരമ്പര്യത്തൊഴിലുകളാണ്. മധ്യവയസ് കഴിഞ്ഞവർ മാത്രമാണ് ഇത്തരം തൊഴിലുകളിൽ ഇന്ന് ഏർപ്പെടു

ശേഷം 37-ാം പേജിൽ





മാർക്കും വളരെ അമൂല്യമായ ഒരാഹാരമാണിത്. ഗർഭിണികൾ പതിവായി പാലക്ചീര അവരുടെ ആഹാരപ്പട്ടികയിൽ പെടുത്തിയാൽ ഫോളിക് ആസിഡിന്റെ കുറവ് നികത്താം. പെട്ടെന്ന് സംഭവിച്ചേക്കാവുന്ന ബ്രെയിൻ ഹെമറേജ്, ഗർഭമലസൽ എന്നിവ തടയാനും പാലക്ചീര കഴിക്കുകതന്നെ വേണം. പാലക്ചീരയുടെ നീരും തേങ്ങാവെള്ളവും തുല്യ അളവിലെടുത്ത് യോജിപ്പിച്ചത് ദിവസവും ഒന്നോ രണ്ടോ തവണ കുടിക്കുന്നത് മൂത്രാശയത്തിലെ ക്രമക്കേടുകൾക്ക് ഉത്തമമാണ്. നൈട്രേറ്റിന്റെയും പൊട്ടാസ്യത്തിന്റെയും സംയോജിത പ്രവർത്തനമാണ് ഫലം നൽകുന്നത്. ഈ രോഗം വരൾച്ച മൂലമുണ്ടാകുന്ന മൂത്രം കുറയൽ പ്രശ്നത്തിനുത്തമമാണ്.

പാലക്ചീരയുടെ പുതുമ നഷ്ടപ്പെടാത്ത ഇല കുറച്ച്, രണ്ട് ടീസ്പൂൺ ഉലുവ, ഒരു നുള്ള് അമോണിയം ക്ലോറൈഡ്, അൽപം തേൻ എന്നിവ ഒന്നിച്ചരച്ചത് ബ്രോങ്കൈറ്റിസിന് പറ്റിയ ഒരു ടോണിക് തന്നെ! ആസ്ത്മ, വരണ്ട ചുമ, തൊണ്ടയ്ക്കുള്ളിലെ അസ്വസ്ഥതകൾ എന്നിവയ്ക്കും യോജിച്ച ഒരു ഗൃഹവൈദ്യമാണിത്. ഇത് കഴിയ്ക്കുന്നത് മൂലം ഉള്ളിലെ കഫം മാറ്റി ശ്വാസകോശങ്ങളിൽ ആരോഗ്യമുള്ള കോശങ്ങൾ രൂപീകരിക്കപ്പെടുകയും ശ്വസനേന്ദ്രിയങ്ങളിലുണ്ടാകുന്ന അണുബാധയെ ചെറുക്കുവാനുള്ള ശക്തി കൂട്ടുകയും ചെയ്യുന്നു. ഒരു ദിവസം 30 മി.ലി. വരെ ഇത് സേവിക്കണം.

പാലക്ചീരയുടെ 92.1 ശതമാനവും ഈർപ്പമാണ്. ആകയാൽ പാകം ചെയ്യുമ്പോൾ വെള്ളം ചേർക്കേണ്ടതില്ല. ഉപയോഗിക്കുന്നതിനു മുൻപ് പലതവണ നല്ല വെള്ളത്തിൽ കഴുകേണ്ടതാണ്. ഇലയിൽ തങ്ങിനിൽക്കുന്ന വെള്ളം കൂടിയാകുമ്പോൾ വേവാനാവശ്യത്തിന് ജലാംശം ആകും. ചെറുതീയിൽ വച്ചേ പാകം ചെയ്യാവൂ. നാരുവർഗ്ഗം അടങ്ങിയിരിക്കുന്നതിനാൽ മലശോധനയും സുഗമമാകും. അൽപം പാലക് ജ്യൂസ് ചെറുതായി ചൂടാക്കി ചെറുചൂട് വെള്ളം അൽപം ചേർത്ത് നേർമ്മയാക്കി വായിൽകൊണ്ടാൽ ടോൺസിലൈറ്റിസ്, ചുമ, തൊണ്ടകാറൽ എന്നിവക്കാശ്വാസം കിട്ടും. മൂത്രാശയത്തിൽ കല്ലുള്ളവർ പാലക്ചീരയുടെ ഉപയോഗം കുറയ്ക്കുന്നതാണ് ഉത്തമം. കാരണം പാലക്ചീരയിൽ വളരെ പൊടിയായ മണൽ അടങ്ങിയിരിക്കും. ഇത് മൂത്രാശയത്തിൽ കല്ലുകൾ രൂപാന്തരപ്പെടാൻ വഴിയൊരുക്കും. നേരത്തേ കല്ലുള്ളവർ ആണെങ്കിൽ കല്ലിന്റെ വലിപ്പം കൂടാനിട വരുത്തും.

പാലക്ചീരയിൽ രണ്ട് ശതമാനം പ്രോട്ടീനും 0.7 ശതമാനം കൊഴുപ്പും 1.7 ശതമാനം ധാതുക്കളും 0.6 ശതമാനം നാരുവർഗ്ഗവും 2.9 ശതമാനം കാർബോഹൈഡ്രേറ്റുകളും അടങ്ങിയിരിക്കുന്നു. കാത്സ്യം 73 മില്ലി ഗ്രാമും ഫോസ്ഫറസ് 21 മില്ലി ഗ്രാമും ജീവകം സി 28 മില്ലിഗ്രാമും ഇരുമ്പ് 10.9 മില്ലിഗ്രാമും ചെറിയ അളവിൽ വിറ്റാമിൻ ബികോംപ്ലക്സും അടങ്ങിയിരിക്കുന്നു. ●

30-ൽ നിന്ന് തുടർച്ച
**(പാക്കനാരുടെ പരമ്പര)**

ന്നത്. അവരുടെതന്നെ അനുഭവം കയ്പേറിയതാണ്. നോക്കുക: പൊന്നും വില നൽകി ഈറ്റ വാങ്ങി, രണ്ടു ദിവസം അഹോരാത്രം അധ്വാനിച്ചാൽ ഒരു പരമ്പുണ്ടാക്കാം. അല്ലെങ്കിൽ നാല് മുറമുണ്ടാക്കാം. ഈ പരമ്പിന്/മുറത്തിന് അമ്പതുരൂപ വില പറഞ്ഞാൽ ആർക്കും വേണ്ട: ഇതേ പരമ്പ്/മുറം ഇരുപത് രൂപയ്ക്ക് വാങ്ങാൻ കോളുകാരുണ്ട്. ഈ നിരക്കിൽ, സാധനം എത്രയുണ്ടെങ്കിലും വാങ്ങുകയും ചെയ്യും! നിരാലംബന്റെ നിസ്സഹായതയെ ചൂഷണം ചെയ്യുന്ന ഇത്തരം ബിസിനസ്സുകാരെ ഒഴിവാക്കാൻ ബാംബു കോർപ്പറേഷന് കഴിയും – ഇച്ഛാശക്തിയും ആർജ്ജവവുമുണ്ടെങ്കിൽ.

പട്ടികജാതി വിഭാഗത്തിലുൾപ്പെടുന്ന പറയരും കവറകളും നിലവിലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ വേണ്ടതുപോലെ വിനിയോഗിക്കുന്നില്ല; വിശിഷ്യ മലബാറിൽ. ഭൗതിക സാഹചര്യങ്ങൾ പ്രതികൂലമായതാണ് മുഖ്യകാരണം. എസ്.എസ്.എൽ.സി. എന്ന കടമ്പ കടക്കുന്നതുതന്നെ, ഇവരിൽ ആയിരത്തിലൊരുവനാണ്. കേവലം പ്രാഥമിക വിദ്യാഭ്യാസത്തിന്റെ പിൻബലവുമായി ജീവിതായോധനത്തിനിറങ്ങുന്നവർക്കെവിടെ വിജയം?



15–35 പ്രായപരിധിയിലുള്ള പറയയുവാക്കൾ ഈറ്റപ്പണിയിലേക്ക് ആകർഷിക്കപ്പെടുന്നില്ല. കനത്ത തൊഴിലില്ലായ്മയും തദ്വാരാ ദാരിദ്ര്യവും തിമിർത്താടുന്ന ഈ തൊഴിൽ മേഖലയോട് ആഭിമുഖ്യം പുലർത്തുന്നതെങ്ങനെ? യുവാക്കളായ ഈറ്റത്തൊഴിലാളികൾ പലരും പലവിധത്തിലുള്ള ഇതര ജോലികളിൽ വ്യാപൃതരാവുകയാണ്: ബസ്സിൽ, പ്രസ്സിൽ, പെയിന്റിംഗിൽ, നിർമ്മാണത്തൊഴിലുകളിൽ....

വരരുചിയെന്ന ബ്രാഹ്മണന്, പറയിയിൽ ജനിച്ച പന്ത്രണ്ട് മക്കളുടെ കഥ പ്രസിദ്ധമാണല്ലോ. 'പറയിപെറ്റ പന്തിരുകുല'ത്തിലെ പ്രമുഖനായ പാക്കനാരുടെ വംശപരമ്പരയെ നിലനിർത്തേണ്ടത്, സാമൂഹികമായ ജൈവശാസ്ത്രപരമായ ഒരനിവാര്യതയാണ്. ●

തീർന്നു!

നാലുപാടും ഭീതിദമായ ഘോരവനം. അതിനുള്ളിൽ സാന്ദ്രതയാർന്ന പച്ചപ്പോടെ ഇളംതലയാട്ടി നിൽക്കുന്നു ഈറ്റക്കൂട്ടങ്ങൾ. ഓരോരുത്തരും ഓരോ ഈറ്റക്കൂട്ടത്തെ ലക്ഷ്യമാക്കി നടന്നു. വൈകുന്നേരം കനത്ത ചുവടുമായി പ്രയാസപ്പെട്ട് മലയിറങ്ങി അടിവാരത്തെത്തി. വൃദ്ധനും വന്നു. കണ്ണൻ (വൃദ്ധന്റെ മകൻ) മാത്രം വന്നില്ല.

മലയിൽ ഇരുട്ട് പെയ്യാൻ തുടങ്ങി. ഒപ്പം മഞ്ഞും ശക്തിയായ കോടയും. തിരഞ്ഞുപോകാൻ നിവൃത്തിയില്ല. വൃദ്ധൻ വിളിച്ചുകൂവി: ‘കണ്ണാ, കൂ......യ്’, ‘കണ്ണാ, കൂ.....യ്.’

വൃദ്ധന്റെ ശബ്ദം മലമുകളിൽ തട്ടി, പ്രതിധ്വനിയായി തിരിച്ചുവന്നു. കണ്ണന്റെ മറുകൂക്ക് മാത്രം വന്നില്ല.

അന്നു രാത്രി അടിവാരത്തിൽ തന്നെ കഴിച്ചുകൂട്ടി, വൃദ്ധൻ. കൂട്ടിന്, കടുത്ത വിശപ്പും കനത്ത ഉത്കണ്ഠയും. തൊലി ചുളുങ്ങിയ, എല്ലുന്തിയ, ആ ശരീരം തൊലി തുളയ്ക്കുന്ന തണുപ്പറിഞ്ഞില്ല. കാട്ടുമൃഗങ്ങളെ ഭയന്നില്ല. കാറ്റിൽ കരിയിലകൾ അനങ്ങുമ്പോഴും പച്ചിലത്തുമ്പുകൾ മഞ്ഞുതുള്ളികൾ വർഷിക്കുമ്പോഴും സദാ ഉറങ്ങാതെ ചെവിയോർത്തു കിടക്കുന്ന വൃദ്ധൻ വിചാരിക്കും: കണ്ണൻ വരുന്നുണ്ട്; കാൽപ്പെരുമാറ്റം കേൾക്കുന്നു....

കണ്ണൻ വന്നില്ല, ഭൂമി ഇരുട്ടിന്റെ ആവരണം അഴിച്ചെറിയാൻ തുടങ്ങുന്നു. വൃദ്ധൻ മലമുകളിലേക്ക് കയറി, തിരച്ചിൽ തുടങ്ങി. ഉച്ചയായപ്പോഴേക്കും ഒന്നു രണ്ടുപേർ സഹായത്തിനെത്തി. സന്ധ്യക്ക് അൽപം മുമ്പാണ് ശവം കണ്ടത്. ദുർഗന്ധം വമിക്കുന്ന ശവശരീരത്തിൽ കൈകൾ രണ്ടുമില്ല. അവ ദൂരെ ചീന്തിയെറിയപ്പെട്ടിരുന്നു.

ഒരു നിമിഷം ഞാനോർത്തു: ആനയുടെ കൊമ്പിനിടയിൽ, കൈകൾക്കിടയിൽ, ശരീരം പ്രാണവേദനയോടെ പിടയുന്നു. അപ്പോൾ മനസ്സ് എവിടെയാകും? മണ്ണപ്പം ചുട്ടുകളിക്കുന്ന അരുമക്കുഞ്ഞിന്റെ ഓമനമുഖത്തോ? ചട്ടിയിൽ വിളമ്പിയ കഞ്ഞി ഉറുമ്പരിക്കാതെ ഉറിയിൽ കയറ്റിവെച്ച് കാത്തിരിക്കുന്ന കാതരമിഴിയാളിലോ?

പറയക്കുടുംബങ്ങളിലെ പ്രായപൂർത്തിയായ പല പുരുഷന്മാരും അപമൃത്യുവിനിരയായിട്ടുണ്ട്. ചാത്തൻ, ചേന്തി, മുണ്ടൻ, കൊണ്ട, കേളൻ... ആ പട്ടിക വളരെ നീണ്ടതാണ്. പൊതിച്ചോർ കക്ഷത്തിലിറുക്കി, ഉറങ്ങിക്കിടക്കുന്ന കുഞ്ഞിന്റെ മൗനസമ്മതവും വാങ്ങി, പ്രഭാതം പൊട്ടിവിടരുന്നതിനുമുമ്പേ മലയിലേക്ക് കുതിക്കുന്ന ഈ നാടൻയൗവനങ്ങൾ വൈകുന്നേരം തിരിച്ചെത്തിയാൽ ഭാഗ്യം. ഇല്ലെങ്കിൽ കുഞ്ഞുങ്ങളുടെ നിർഭാഗ്യം. ഘാതകർ ആന മാത്രമല്ല, പാമ്പും കരടിയുമെല്ലാമുണ്ട്. അബദ്ധത്തിൽ, കാൽവഴുതിവീണ് അംഗഭംഗം സംഭവിക്കുന്നവരുമുണ്ട്. അവരുടെ അനന്തരജീവിതം ചത്തതിനു തുല്യമാണ്. ഇത്രയൊക്കെ അരോചകമാർന്ന അവസ്ഥയിലും ഈ നാടൻയുവാക്കൾക്ക് മലയിൽ പോകാൻ ആശങ്കയില്ല. മലയോട് വൈരാഗ്യമില്ല. അഥവാ വൈരാഗ്യം വിചാരിച്ചിട്ടെന്തുകാര്യം? മറ്റെന്തെങ്കിലും തൊഴിൽ ചെയ്യാൻവേണ്ടേ?

ഇതുവരെ പറഞ്ഞത് കേവലം പഴയ കഥ. അതായത് തലമുറകളിലൂടെ തുടങ്ങി, രണ്ട്-മൂന്ന് ദശാബ്ദങ്ങൾ മുമ്പുവരെ തുടർന്നുവന്ന സംഭവകഥ. ഇന്ന് സ്ഥിതിയാകെ മാറി. തങ്ങളുടെ പൂർവ്വികരനുഭവിച്ച കൊടിയ ക്ലേശങ്ങളുടെ കടുകുമണിപോലും ഇപ്പോഴത്തെ തലമുറയ്ക്ക് അജ്ഞാതമാണ്. ആരും അവരെ അതോർമ്മിപ്പിക്കുന്നത് അവർക്കിഷ്ടവുമല്ല.

മധ്യവയസ്സിനോട് വിട പറഞ്ഞവരും ആരോഗ്യമുള്ള വൃദ്ധരുമെല്ലാം ഇപ്പോഴും മലയിൽ പോകാനും ഈറ്റ ശേഖരിക്കാനും സന്നദ്ധരാണ്. പക്ഷെ മലയെവിടെ, വനമെവിടെ? കാടുംമലയും, കാൽനൂറ്റാണ്ട് മുമ്പുണ്ടായിരുന്നതിന്റെ കാൽഭാഗം പോലും ഇപ്പോഴില്ല. ഉള്ളവ ഒട്ടുമുക്കാലും, അനധികൃത കൈയേറ്റക്കാരുടെയും അധികൃത കുടിയേറ്റക്കാരുടെയും വരുതിയിലാണ്. മിച്ചം വരുന്ന വനംമാത്രം വനംവകുപ്പിന്റെ കീഴിലാണ്. ആ വനത്തിൽ പ്രവേശിക്കാൻ വനസംരക്ഷണസേന അനുവദിക്കുകയില്ല. ഒരമ്പതോ നൂറോ ‘കൈമടക്കു’കൊടുത്താൽ വനത്തിൽ പ്രവേശിപ്പിച്ചെന്നും വരാം. അന്നന്നത്തെ അന്നത്തിന് മാർഗ്ഗമില്ലാതെ ഉഴലുന്നവർ ‘അഢീഷണലാ’യി അമ്പതോ നൂറോ സ്വരൂപിക്കുന്നതെങ്ങനെ?

ഇവിടെയാണ്, കേരളാ ബാംബു കോർപ്പറേഷന്റെ പ്രസക്തി അന്വർത്ഥമാകുന്നത്. ബാംബു കോർപ്പറേഷൻ സംസ്ഥാനതലത്തിൽ ഈറ്റ ശേഖരിക്കുന്നു, ഈറ്റത്തൊഴിലാളി കേന്ദ്രങ്ങളിൽ സബ്സിഡി നിരക്കിൽ സപ്ലൈ ചെയ്യുന്നു. ഈ കേന്ദ്രങ്ങളിൽ ഉത്പാദിപ്പിക്കുന്ന കൊട്ട, വട്ടി, മുറം, പരമ്പ് തുടങ്ങിയ സാമഗ്രികൾ നിർമ്മാതാക്കളിൽ നിന്നു വാങ്ങി, വിപണിയിൽ വിറ്റഴിക്കാനും ബാംബു കോർപ്പറേഷന് പദ്ധതിയുണ്ട്. ബാംബു കോർപ്പറേഷന്റെ മേഖലാ ഡിപ്പോകളുടെ ഉദ്ദേശ്യം ഇതാണത്രെ.

തീവില കൊടുത്ത് ഇവർ ഈറ്റ വാങ്ങുന്നു. മണിക്കൂറുകൾ ചെലവഴിച്ച്, അവ ചീന്തിപ്പൊളിച്ച്, മെടഞ്ഞ് പായും പരമ്പും വട്ടിയുമാക്കുന്നു. അവ കെട്ടിച്ചുമന്ന് കമ്പോളത്തിലെത്തിച്ചാലോ? ആവശ്യക്കാരില്ലതാനും. പ്ലാസ്റ്റിക് ഷീറ്റുകൾ, പ്ലാസ്റ്റിക് കൊട്ടകൾ ഇതൊക്കെയാണ് ഇന്ന് ആളുകൾക്കാവശ്യം. അവയ്ക്ക് അത്യാകർഷകത്വമുണ്ട്, ഭാരക്കുറവുണ്ട്. ഈട് നിൽക്കുകയും ചെയ്യും. അഴകും മാർദ്ദവവുമുള്ള ഈ യന്ത്രനിർമ്മിത വസ്തുക്കൾ, നാടൻ കൈകളുടെ കലാവിരുതിനെ അമ്പേ പരാജയപ്പെടുത്തുകയാണ്, തദ്വാരാ ഒരു പാരമ്പര്യത്തൊഴിലിനെ കൂടി നാമാവശേഷമാക്കുകയാണ്.

ഈ അടുത്ത ദശകങ്ങൾവരെ, ഓരോ ദേശങ്ങളിലും (വാർഡുകളിലും) ഓരോ പറയക്കുടുംബങ്ങൾക്ക് ചില അവകാശങ്ങളുണ്ടായിരുന്നു. ഓണം, വിഷു, തിരുവാതിര, കല്യാണാടിയന്തരാദികൾ - ഇത്തരം സന്ദർഭങ്ങളിൽ ആവശ്യാനുസരണം കൊട്ട, വട്ടി, മുറം, പായ തുടങ്ങിയ ഗൃഹോപകര

# മന്തുരോഗ

ഡോ.ടി.കെ. സുമ

അസോസിയേറ്റ് പ്രൊഫസർ,
ആലപ്പുഴ മെഡിക്കൽ കോളേജ്

ഭൂമുഖത്തുനിന്നും വസൂരിരോഗം 1977-ൽ പൂർണ്ണമായും ഉന്മൂലനം ചെയ്യാൻ സാധിച്ചതോടെ മറ്റു സാംക്രമിക രോഗങ്ങളുടെ നിർമാർജനവും ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയമായി. തത്ഫലമായി നിർമാർജനം ചെയ്യുവാൻ സാധ്യതയുള്ളതായി കേവലം ആറ് സാംക്രമിക രോഗങ്ങളാണ് ഉള്ളതെന്ന് ലോകാരോഗ്യസംഘടന കണ്ടെത്തി. അവയിൽ ഒന്നാണ് മന്തുരോഗം. ഈ രോഗം മൂലം ശരീരത്തിലെ ലിംഫ് വ്യവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ, കാര്യക്ഷമമായ രോഗനിർണ്ണയം, കൂടുതൽ ഫലവത്തായ നൂതന ചികിത്സാരീതി എന്നിവയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ഗവേഷണഫലമായി സമീപകാലങ്ങളിൽ ലഭ്യമായിട്ടുണ്ട്. ഇതിന്റെ തുടർച്ചയെന്നോണം ലോകാരോഗ്യസംഘടനയുടെ നിയമനിർമ്മാണസഭ മന്തുരോഗം ആഗോള തലത്തിൽ നിർമ്മാർജനം ചെയ്യപ്പെടേണ്ടതാണെന്ന പ്രമേയം 1977-ൽ പാസ്സാക്കി. 2020-ഓടെ മന്തുരോഗ നിർമാർജനം സാധിക്കണമെന്ന ഉദ്ദേശ്യത്തോടെ ലോകാരോഗ്യസംഘടന ആഗോള മന്തുരോഗ നിർമാർജന പദ്ധതിക്ക് 2000 ആണ്ടിൽ തുടക്കമിട്ടു. 2015-ഓടെ തന്നെ മന്തുരോഗ നിർമാർജനം യാഥാർത്ഥ്യമാക്കാനാണ് ഭാരതം ലക്ഷ്യമിടുന്നത്. സാമൂഹ്യ മരുന്നു വിതരണത്തിലൂടെ മന്തുരോഗം പകരുന്നത് തടയുക എന്നതാണ് ഈ പദ്ധതിയുടെ കാതലായ ഭാഗം.

**മന്തുരോഗ നിർമാർജനം എന്തിന്?**

ലോകത്തിൽ ഏകദേശം 120 ദശലക്ഷം പേർ മന്തുരോഗം ഉള്ളവരായി

# നിർമാർജനം എന്തിന്? എങ്ങനെ?

കണക്കാക്കപ്പെട്ടിട്ടുണ്ട്. 40 ശതമാനം മന്തുരോഗം വരാൻ സാധ്യതയുള്ളവരിൽ 50 ശതമാനവും ഭാരതത്തിലാണ്. രണ്ടു തരത്തിലുള്ള മന്തുരോഗമാണ് നമ്മുടെ രാജ്യത്ത് കണ്ടുവരുന്നത്. ഇതിൽ വുച്ച്‌റേറിയ ബാങ്ക്രോഫ്ടി എന്ന ഇനം 17 സംസ്ഥാനങ്ങളിലും ആറ് കേന്ദ്രഭരണ പ്രദേശങ്ങളിലും കാണുന്നു. രണ്ടാമത്തെ ഇനമായ ബ്രൂഗിയ മലായി കേരളത്തിലെ ചില ഭാഗങ്ങളിലും മറ്റ് ഏഴ് സംസ്ഥാനങ്ങളിലും മാത്രമായി കാണപ്പെടുന്നു. ഇന്ത്യയിൽ മന്തുരോഗമുള്ളവരിൽ രക്തത്തിൽ മൈക്രോഫൈലേറിയ എന്നറിയപ്പെടുന്ന കുഞ്ഞുവിരകൾ ഉള്ളവർ 31.26 ദശലക്ഷവും കൈകാലുകളിൽ വീക്കം ഉള്ളവർ 7.44 ദശലക്ഷവും വൃഷണസഞ്ചിയുടെ ചുറ്റും വെള്ളം കെട്ടിനിൽക്കുന്ന അവസ്ഥയായ ഹൈഡ്രോസീൽ ഉള്ളവർ 12.88 ദശലക്ഷവുമാണ്. രോഗമുള്ളവരിൽ കൂടെക്കൂടെയുണ്ടാകുന്ന മന്തുപനി ഏകദേശം 40.65 ദശലക്ഷം പ്രാവശ്യം ഉണ്ടാകുന്നതായി കാണപ്പെട്ടിട്ടുണ്ട്. വർഷംതോറും ഈ രോഗംമൂലം 3600 കോടി രൂപയുടെ സാമ്പത്തികനഷ്ടം ഭാരതത്തിൽ ഉണ്ടാകുന്നു.



> ആരോഗ്യപരിപാലന രംഗത്ത് നടപ്പിലാക്കിയിട്ടുള്ളതിൽ വച്ചേറ്റവും ചെലവു കുറഞ്ഞതും ഫലപ്രദവുമായ പദ്ധതിയാണ് മന്തുരോഗ നിർമാർജന പദ്ധതി. എല്ലാവരിലും മന്തുരോഗനിർണ്ണയം അസാധ്യമാണെന്നതും ഈ പദ്ധതിയുടെ പ്രാധാന്യത്തെ വർദ്ധിപ്പിക്കുന്നു.

കൂടിയ വീക്കം മൂലം കൈകാലുകളെ വികലമാക്കുന്ന എലിഫന്റിയാസിസ് എന്ന അവസ്ഥ രോഗിയുടെ ദൈനംദിന പ്രവൃത്തികൾക്ക് തടസ്സമാകുന്നു. ഗുഹ്യഭാഗങ്ങൾക്കുണ്ടാകുന്ന വൈകല്യം ലൈംഗിക പ്രശ്നങ്ങൾക്കും, ലജ്ജ, ഭയം എന്നിവയ്ക്കും കാരണമാകുന്നു. കൂടെക്കൂടെയുണ്ടാകുന്ന മന്തുപനിമൂലം രോഗി അവശത അനുഭവിക്കുകയും അടിയന്തര ചികിത്സ തേടേണ്ടി വരികയും ചെയ്യുന്നു.

**മന്ത് പകരുന്നത്**

മനുഷ്യശരീരത്തിലെ ലിംഫ് കുഴലുകളിൽ അഥവാ ലസികാനാളികളിൽ വളരുന്ന വളരെ നേർത്ത മന്തുവിരകൾ മൂലമുണ്ടാകുന്നതും കാലക്രമേണ കൈകാലുകളിലും ഗുഹ്യഭാഗങ്ങളിലും വീക്കം ഉണ്ടാക്കുന്നതുമാണ് മന്തുരോഗം. ഉഷ്ണമേഖലാരാജ്യങ്ങളിൽ സാധാരണ കണ്ടുവരുന്ന ഈ രോഗം കൊതുകുകളിലൂടെയാണ് പകരുന്നത്. ഈ രോഗം കൂടുതലായി കണ്ടുവരുന്നത് അവികസിത രാജ്യങ്ങളിലും വികസ്വര രാജ്യങ്ങളിലുമാണ്. മാത്രമല്ല സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെയാണ് ഈ രോഗം പ്രധാനമായും ബാധിക്കുന്നത്.

ഗുഹ്യഭാഗങ്ങൾ, കക്ഷം, ചുരുക്കം ചിലപ്പോൾ സ്തനങ്ങൾ എന്നിവിടങ്ങളിലെ ലിംഫ് കുഴലുകളിൽ വലിയ മന്തുവിരകൾ ഏകദേശം 10 വർഷം വരെ ജീവിക്കുന്നു. ലസികാനാളികളിൽ പൂർണ്ണവളർച്ചയെത്തുന്ന വലിയ മന്തുവിരകൾ പ്രത്യുത്പാദനം നടത്തി ലക്ഷക്കണക്കിന് മൈക്രോഫൈലേറിയ എന്നറിയപ്പെടുന്ന കുഞ്ഞുവിരകളെ ഉത്പാദിപ്പിക്കുന്നു. രാത്രി 10 മണിക്കും പുലർച്ചെ രണ്ട് മണിക്കും ഇടയ്ക്ക് നടത്തുന്ന രക്തപരിശോധനയിലൂടെ ഒരു പരിധിവരെ ഇവയെ കണ്ടെത്തുവാൻ സാധിക്കും. രക്തത്തിൽ കുഞ്ഞുവിരകൾ ഉള്ള ഒരാളെ കൊതുകു കടിക്കുമ്പോൾ കുഞ്ഞുവിരകൾ കൊതുകിലേക്ക് കടന്ന് ഏഴ് മുതൽ 21 ദിവസംകൊണ്ട് പൂർണ്ണവളർച്ചയെത്തിയ ലാർവ ആയിത്തീരുന്നു. ഇവ കൊതുക് കടിക്കുന്നതിലൂടെ മനുഷ്യശരീരത്തിൽ കടക്കുകയും ലിംഫ് കുഴലുകളിൽ വളർച്ച പ്രാപിച്ച് വലിയ മന്തുവിരകളാകുകയും ചെയ്യുന്നു.

ക്യൂലക്സ് വിഭാഗത്തിൽപ്പെട്ട കൊതുകുകൾ പരത്തുന്ന വുച്ച്‌റേറിയ ബാങ്ക്രോഫ്ടിയും മാൻസോണിയ കൊതുകുകളിലൂടെ പകരുന്ന ബ്രൂഗിയ മലായിയുമാണ് ഭാരതത്തിൽ കാണപ്പെടുന്ന രണ്ടുതരം മന്തുവിരകൾ. മലിനജലം കെട്ടിക്കിടക്കുന്ന കുഴികൾ, കുളങ്ങൾ, സെപ്റ്റിക് ടാങ്കുകൾ, വെള്ളം കെട്ടിനിൽക്കുന്ന ഉപയോഗശൂന്യമായ ടയറുകൾ, ടിന്നുകൾ എന്നിവയിലാണ് ക്യൂലക്സ് കൊതുകുകൾ പെരുകുന്നത്. എന്നാൽ മാൻസോണിയ ആകട്ടെ പിസ്റ്റിയ, ഐക്കോർണിയ, സിൽവാനിയ എന്നീ

---

ണങ്ങൾ അവർ കാഴ്ചവെയ്ക്കും. മുസ്ലീം വീടുകളിൽ നിസ്കാരപ്പായകളാവും നൽകുന്നത്. ഈ വ്യവസ്ഥിതിയുടെ മെച്ചമിതായിരുന്നു. പറയർക്ക് സ്വന്തം ഉത്പന്നങ്ങൾ വിറ്റഴിക്കാൻ വേണ്ടി വിപണികൾ അന്വേഷിച്ച് അലയേണ്ടിയിരുന്നില്ല. മാത്രവുമല്ല, ‘ചരക്കി’ന് എന്നും നല്ല ‘ഡിമാന്റാ’യിരുന്നു താനും.

സ്വാതന്ത്ര്യപ്രാപ്തിയോടടുത്ത പതിറ്റാണ്ടുകളിൽ സമൂഹമധ്യത്തിൽ ചില പുതിയ വിശ്വാസങ്ങളുണ്ടായി; നിർവ്വചനങ്ങളുണ്ടായി. ‘അവകാശം’ അടിമത്തത്തിന്റെ വകഭേദമായി വ്യാഖ്യാനിക്കപ്പെട്ടു. പരിഷ്കാരത്തിനുവേണ്ടിയെങ്കിലും എല്ലാ അവകാശങ്ങളും ലംഘിക്കപ്പെട്ടു. കാലയാപനത്തിന് മാർഗമുണ്ടായിരുന്നവർക്ക് കാൽച്ചങ്ങലകളൊഴിച്ച് മറ്റൊന്നും ഈ സമ്പ്രദായംമൂലം നഷ്ടമായില്ല. അഷ്ടിക്ക് വകയില്ലാത്തവന്റെ കാര്യം കഷ്ടമായി.

ഈറ്റപ്പണി കൈത്തൊഴിലാക്കിയ മറ്റൊരു വിഭാഗം മനുഷ്യരുണ്ട്: കവറകൾ. പറയരെപ്പോലെ, കുടിലുകളിൽ പട്ടിണിയും ദാരിദ്ര്യവും സഹിച്ച് ഇവർ ജീവിക്കുന്നു. ഉപജീവനമാർഗം ഈറ്റയാണെങ്കിലും ഇതര ഈറ്റത്തൊഴിലാളികളായ പറയരുമായി കവറകൾ കൂടിക്കഴിയുകയോ വിവാഹബന്ധത്തിലേർപ്പെടുകയോ പതിവില്ല.

ഈറ്റപ്പണിയിൽ ലാഭേച്ഛയില്ല. ഉണ്ടാകുമെന്ന വിശ്വാസവുമില്ല. എങ്കിൽ, എന്തിനീ തൊഴിൽ ചെയ്യുന്നു? ഉത്തരം: മറ്റെന്തു തൊഴിൽ ചെയ്യും? സാമ്പത്തിക ശേഷിയുടെയും സാങ്കേതിക വിദ്യാഭ്യാസത്തിന്റെയും അഭാവം മറ്റെല്ലാ തൊഴിൽ രംഗങ്ങളും അപ്രാപ്യമാക്കുന്ന മനുഷ്യന്റെ ഏക അഭയകേന്ദ്രം പാരമ്പര്യത്തൊഴിലുകളാണ്. മധ്യവയസ് കഴിഞ്ഞവർ മാത്രമാണ് ഇത്തരം തൊഴിലുകളിൽ ഇന്ന് ഏർപ്പെടു

**ശേഷം 37-ാം പേജിൽ**

ജലസസ്യങ്ങളുടെ വേരുകളെ ആശ്രയി ച്ചാണ് വളരുന്നത്.

**കൈകാലുകളിലെ വീക്കം**

വലിയ മന്തുവിരകൾ രോഗത്തിന്റെ തുടക്കത്തിൽ തന്നെ ലിംഫ് കുഴലുകളിൽ വ്യത്യാസങ്ങൾ ഉണ്ടാക്കുകയും ഇത് പിന്നീട് ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലെ വീക്കത്തിന് കാരണമാവുകയും ചെയ്യുന്നു. നമ്മുടെ നാട്ടിൽ കണ്ടുവരുന്ന കൈകാലുകളുടെ വീക്കം അഥവാ ലിം ഫെഡീമ, ഹൈഡ്രോസീൽ എന്നിവയുടെ മുഖ്യ ഹേതു മന്തുരോഗമാണ്. ഈ അസുഖമുള്ള വരിൽ പലപ്പോഴും മന്തുപനി ഉണ്ടാകുന്നു. കുളിര്, വിറയൽ, ശക്തിയായ പനി, തലവേദന, നീരുള്ളിടത്ത് ചുവന്ന തടിപ്പ്, വേദന എന്നിവയാണ് മന്തുപനിയുടെ ലക്ഷണങ്ങൾ. വീക്കം ബാധിച്ച അവയവത്തിലെ ചർമ്മത്തിൽ ഉണ്ടാകുന്ന ചെറിയ മുറിവുകൾ, പൊള്ളൽ, വളംകടി അഥവാ പൂപ്പൽ, വിണ്ടുകീറൽ എന്നിവയിലൂടെ ശരീരത്തിനുള്ളിൽ കടക്കുന്ന ബാക്ടീരിയ ആണ് മന്തുപനിക്ക് കാരണം. രോഗത്തിന്റെ തുടക്കത്തിൽ കൈകാലുകളിലുണ്ടാകുന്ന നീര് ഏതാനും ദിവസങ്ങൾകൊണ്ട് കുറയുമെങ്കിലും അകാലത്തുണ്ടാകുന്ന മന്തുപനിയുടെ ഫലമായി നീരുകൂടുകയും പിന്നീട് സ്ഥിരമായി നിലനിൽക്കുകയും ചെയ്യുന്നു. ക്രമേണ ചർമ്മത്തിന് കട്ടികൂടി ചെറിയ മുഴകളും വ്രണങ്ങളും ഉണ്ടാകുന്നതുവഴി ദുർഗന്ധത്തിന് വഴിയൊരുക്കുന്നു.

വുച്ചറേറിയ ബാങ്ക്രോഫ്ടി മൂലമുണ്ടാകുന്ന മന്ത് കൈകാലുകളെയും ജനനേന്ദ്രിയങ്ങളെയും ബാധിക്കുമ്പോൾ ബ്രൂഗിയ മലായി കൈകാലുകളിൽ മാത്രമാണ് കാണുന്നത്.

**കുട്ടികളിൽ മന്തുരോഗം**

മന്തുരോഗ ലക്ഷണങ്ങൾ പ്രകടമാവുന്നത് പ്രായമുള്ളവരിൽ ആണെങ്കിലും രോഗത്തിന്റെ തുടക്കം കുട്ടികളിലാണെന്ന് സമീപകാല പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. പത്തു വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് കൈകാലുകളിൽ നീര് ഉണ്ടാകുന്നത് താരതമ്യേന വിരളമാണെങ്കിലും മുതിർന്ന കുട്ടികളിൽ കൈകാലുകളിലെ വീക്കം, ഹൈഡ്രോസീൽ, മന്തുപനി എന്നിവ കാണാറുണ്ട്. വലിയ മന്തുവിരകളുടെ സാന്നിധ്യം തിരിച്ചറിയുവാൻ സാധിക്കുന്ന പുതിയ ആന്റിജൻ പരിശോധന വഴി രണ്ട് വയസ്സുള്ള കുട്ടികൾ വരെ രോഗബാധിതരാകാം എന്നു തെളിഞ്ഞിട്ടുണ്ട്. രോഗത്തിന്റെ ബാഹ്യലക്ഷണങ്ങൾ ഒന്നും തന്നെയില്ലാത്ത കുട്ടികളിൽ പോലും ലിംഫ്കുഴലുകൾക്ക് വികാസം ഉണ്ടാകുന്നതായി കണ്ടുവരുന്നു. ഇതാണ് ഭാവിയിലെ രോഗലക്ഷണങ്ങൾക്ക് നിദാനം.

**മന്തുരോഗത്തിന്റെ പ്രത്യേക പ്രശ്നങ്ങൾ**

പ്രാരംഭ ദശയിൽ തന്നെ ലിംഫ് കുഴലുകളിൽ ഉണ്ടാകുന്ന വ്യതിയാനം ഒരിക്കൽ സംഭവിച്ചാൽ പിന്നെ പൂർണ്ണമായി ചികിത്സിച്ചു മാറ്റാവുന്നതല്ല എന്നതാണ് ദുഃഖകരമായ വസ്തുത. അതുകൊണ്ട് ഒരിക്കൽ രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടാൽ പിന്നെ മന്തുരോഗം ചികിത്സകൊണ്ട് പൂർണ്ണമായും ഭേദമാക്കാൻ പ്രയാസമാണ്.



വലിയ മന്തുവിരകൾ ലിംഫ് കുഴലുകളിൽ വസിക്കുന്ന സമയത്ത് രോഗിക്ക് ബാഹ്യലക്ഷണങ്ങൾ ഒന്നും തന്നെ സാധാരണയായി കാണാറില്ല. ഈ അവസ്ഥയിൽ രക്തത്തിലെ കുഞ്ഞുവിരകളെ കണ്ടെത്തുന്നതിലൂടെ മാത്രമാണ് ഇവരിൽ രോഗനിർണ്ണയം സാധ്യമാകുന്നത്. മന്തുരോഗം വ്യാപകമായ പ്രദേശങ്ങളിലെ ബഹുഭൂരിഭാഗവും ഈ വിഭാഗത്തിൽപ്പെടുന്നു. ഇങ്ങനെയുള്ളവരിൽ നിന്നാണ് കൊതുകുകൾ മന്തുരോഗം പരത്തുന്നത്. മന്തുരോഗത്തിന്റെ ലക്ഷണങ്ങൾ പ്രകടമാവുമ്പോഴേക്കും മിക്കവാറും ആളുകളിൽ മൈക്രോഫൈലേറിയയോ വലിയ വിരകളോ കാണുകയില്ല. അതുകൊണ്ട് ഇവരിൽ നിന്ന് രോഗസംക്രമണം സാധാരണമല്ല. ഇതും എടുത്തു പറയേണ്ട ഒരു വസ്തുതയാണ്.

**സാമൂഹ്യ മരുന്നു വിതരണ പദ്ധതി**

ഒരു പ്രദേശത്തെ മന്തുരോഗ വ്യാപനം അവിടത്തെ ജനങ്ങളുടെ രക്തത്തിലെ കുഞ്ഞുവിരകളുടെ സാന്ദ്രത, രോഗം പരത്തുന്ന കൊതുകുകളുടെ സാന്നിധ്യം എന്നിവ ആശ്രയിച്ചാണ്. അതിനാൽ കൊതുകുകളെ നശിപ്പിക്കുക, കൊതുകു കടി ഏൽക്കാതെ സൂക്ഷിക്കുക, കൊതുകിനു രോഗം പരത്താൻ കഴിയാത്തവിധം രക്തത്തിലെ കുഞ്ഞുവിരകളുടെ സാന്ദ്രത കുറയ്ക്കുക എന്നീ മാർഗ്ഗങ്ങൾ മന്തുരോഗ നിവാരണത്തിന് ഉതകുന്നവയാണ്. കഴിഞ്ഞ കാലങ്ങളിൽ മന്തുരോഗ നിർമ്മാർജനത്തിന് അവലംബിച്ചിരുന്ന മാർഗ്ഗങ്ങൾ കൊതുകു നിവാരണം, രക്തത്തിൽ കുഞ്ഞുവിരകളുള്ള വ്യക്തികളെ കണ്ടുപിടിച്ച് ചികിത്സ നൽകുക എന്നിവയാണ്. പക്ഷെ ഈ രണ്ടു മാർഗ്ഗങ്ങളും പല കാരണങ്ങൾകൊണ്ട് മിക്ക രാജ്യങ്ങളിലും ഫലപ്രദമായില്ല.

വർഷത്തിലൊരു പ്രാവശ്യം ഒറ്റ ഡോസ് ഡൈ ഈതൈൽ കാർബമസിൻ (ഡി.ഇ.സി.), ആൽബൻഡസോൾ എന്നീ ഗുളികകൾ കഴിച്ചാൽ രക്തത്തിലെ കുഞ്ഞുവിരകളുടെ സാന്ദ്രത കുറയുകയും ഏകദേശം ഒരു വർഷത്തോളം ഫലം നീണ്ടുനിൽക്കുകയും ചെയ്യുമെന്ന് സമീപകാല പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിലും ഇങ്ങനെ ഒരു ഡോസ് മരുന്നു കഴിച്ചാൽ കുഞ്ഞുവിരകളുടെ സാന്ദ്രത വളരെ കുറഞ്ഞ് കൊതുകുകൾക്ക് രോഗം പരത്തുവാൻ സാധിക്കാതെ വരും. മന്തുവിരകളുടെ പ്രത്യുത്പാദനകാലം നാല് മുതൽ ആറ് വർഷം വരെ ആയതിനാൽ ഈ ഗുളികകൾ നാല് മുതൽ ആറ് വർഷം വരെ ഓരോ വർഷവും കൊടുക്കണം. ഈ പദ്ധതി വിജയകരമാകണമെങ്കിൽ സമൂഹത്തിലെ 80 ശതമാനം ആളുകളെങ്കിലും തുടർച്ചയായി അഞ്ച് വർഷത്തേക്ക് വർഷത്തിലൊരിക്കൽ വീതം ഗുളികകൾ കഴിച്ചിരിക്കണം.

**ഗുളികകൾ എന്തിനു കഴിക്കണം?**

മന്തുരോഗ നിർണ്ണയം സാധാരണയായി നടത്തിയിരുന്നത് രാത്രികാല രക്ത പരിശോധനയിലൂടെ കുഞ്ഞുവിരകളെ കണ്ടെത്തിയാണ്. പക്ഷെ ഇതിന് ഏറെ പരിമിതികളുണ്ട്. കുഞ്ഞുവിരകൾ രക്തത്തിൽ പ്രത്യക്ഷപ്പെടുന്നത് രാത്രി 10 മണിക്കും രണ്ട് മണിക്കും ഇടയിലാണ്. പലപ്പോഴും വിവിധ കാരണങ്ങളാൽ രക്തപരിശോധന നടത്തുന്നത് ഈ സമയത്തിന് വളരെ മുൻപെയാണ്. രോഗ



ഗുളികകളുടെ വിതരണം

ത്തിന്റെ പ്രാരംഭദശയിൽ പ്രത്യേകിച്ചും കുട്ടികളിൽ മൈക്രോഫൈലേറിയ രക്തത്തിൽ കണ്ടുവെന്നു വരികയില്ല. അതുകൊണ്ട് രക്തത്തിൽ മൈക്രോഫൈലേറിയ കണ്ടെത്തിയില്ല എന്ന കാരണം കൊണ്ടുമാത്രം ഒരാൾക്ക് രോഗമില്ലയെന്നു വരുന്നില്ല.

രക്തത്തിൽ മൈക്രോഫൈലേറിയ കാണാത്ത പലരിലും മന്തുവിരകളുടെ സാന്നിധ്യമുണ്ടെന്ന് ആന്റിജൻ ടെസ്റ്റ് എന്ന നൂതന പരിശോധനയിലൂടെ മനസ്സിലായിട്ടുണ്ട്. പക്ഷെ ഈ ടെസ്റ്റ് ചെലവേറിയതാണ്. അതിനാൽ സമൂഹത്തിലെ എല്ലാ ജനങ്ങളിലെയും രോഗനിർണ്ണയത്തിനായി ഈ ടെസ്റ്റ് പ്രയോജനപ്പെടുത്തുവാൻ സാധിക്കുകയില്ല. ഇക്കാരണങ്ങളാൽ സമൂഹത്തിലെ എല്ലാവരും മന്തുരോഗ നിവാരണത്തിനായി ഗുളികകൾ കഴിക്കേണ്ടത് ആവശ്യമാണ്.

**ഡി.ഇ.സി.**

കഴിഞ്ഞ 57 വർഷമായി ഉപയോഗത്തിലിരിക്കുന്ന മരുന്നാണ് ഡി.ഇ.സി. രക്തത്തിലെ മൈക്രോഫൈലേറിയയെ നശിപ്പിക്കുന്നതിന് ഈ മരുന്ന് വളരെ ഫലവത്താണ്. മുൻകാലങ്ങളിൽ 12 ദിവസത്തേക്കാണ് ഈ ഗുളികകൾ നൽകിയിരുന്നത്. എന്നാൽ ഒരു ഡോസ് ഗുളിക കൊണ്ടുതന്നെ 12 ദിവസം കഴിക്കുന്നതിനു തുല്യമായ ഫലം ലഭിക്കുമെന്ന് പുതിയ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.





വർഷത്തിലൊരിക്കൽ ഒരു ഡോസ് ഡി.ഇ.സി. കഴിച്ചാൽ രക്തത്തിലെ മൈക്രോഫൈലേറിയയുടെ സാന്ദ്രത ഒരു വർഷം വരെ വളരെയേറെ കുറയ്ക്കുവാൻ സാധിക്കുമെന്നത് മന്തുരോഗനിർമാർജന പദ്ധതിയുടെ ഫലപ്രാപ്തിക്ക് സഹായകരമായ വസ്തുതയാണ്. വ്യത്യസ്ത രാജ്യങ്ങളിലെ നിരവധി പഠനങ്ങളിലൂടെ ഡി.ഇ.സി. സാമൂഹ്യ മരുന്നു വിതരണ പദ്ധതിക്ക് അനുയോജ്യവും സുരക്ഷിതവുമാണെന്ന് തെളിഞ്ഞിട്ടുണ്ട്. രക്തത്തിൽ മൈക്രോഫൈലേറിയ ഉള്ളവരിൽ ഡി.ഇ.സി. കഴിക്കുമ്പോൾ ചെറിയ തോതിൽ പനി, തലവേദന, പേശിവേദന, തൊണ്ടവേദന, ചുമ എന്നീ ലക്ഷണങ്ങൾ കാണാറുണ്ട്. അവ കേവലം ഒന്നോ രണ്ടോ ദിവസം മാത്രം നീണ്ടുനിൽക്കുന്നതും മറ്റു മരുന്നുകൾ യാതൊന്നും കൂടാതെ തന്നെ ഭേദമാകുന്നതുമാണ്. വളരെ ചുരുക്കം പേരിൽ പാരസെറ്റമോൾ ഗുളിക ആവശ്യമായി വന്നേക്കാം. ഈ ലക്ഷണങ്ങൾ മൈക്രോഫൈലേറിയ നശിപ്പിക്കപ്പെടുന്നതു മൂലമുണ്ടാകുന്നതാണ്. ഗർഭിണികളിൽ പോലും ഡി.ഇ.സി. ഗുളിക സുരക്ഷിതമാണെന്ന് പ്രമാണഗ്രന്ഥങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

**ആൽബൻഡസോൾ**

കുടലിലെ വിരശല്യത്തിന് സാധാരണയായി ഉപയോഗിക്കുന്ന മരുന്നാണ് ആൽബൻഡസോൾ. വർഷത്തിലൊരിക്കൽ ഡി.ഇ.സിയോടൊപ്പം ആൽബൻഡസോളും കൂടികൊടുത്താൽ മൈക്രോഫൈലേറിയയുടെ സാന്ദ്രത വളരെ കുറയും. കൂടാതെ കുടലിലെ വിരകളെയും ഇതു നശിപ്പിക്കും.

**ആഗോള നിർമാർജന പദ്ധതി**

ലോകത്തിലാകെ മന്തുരോഗമുള്ള 83 രാജ്യങ്ങളിൽ 38ലും ഈ പദ്ധതി ഇപ്പോൾ നടപ്പിലുണ്ട്. മിക്കരാജ്യങ്ങളിലും ഡി.ഇ.സിയും ആൽബൻഡസോളും ഒരുമിച്ചാണ് നൽകുന്നത്. ഇതുവഴി സോളമൻ ഐലന്റ്, കോസ്റ്ററിക്കാ, സുറിനാം, ട്രിനിഡാഡ്, ടൊബാഗോ, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളിൽ മന്തുരോഗനിർമാർജനം ഒരു യാഥാർത്ഥ്യമായി കഴിഞ്ഞു.

2000-ൽ 12 രാജ്യങ്ങളിലെ 2.9 ദശലക്ഷം ആളുകൾക്ക് ഈ മരുന്നുകൾ വിതരണം ചെയ്യുകയുണ്ടായി. 2001-ൽ ഇത് 28.89 ദശലക്ഷമായി വർദ്ധിച്ചു. 2003-ലാകട്ടെ 38 രാജ്യങ്ങളിലായി 100 ദശലക്ഷം ആളുകൾക്ക് മരുന്നു വിതരണം നടത്തി. മൈക്രോഫൈലേറിയ നശിപ്പിക്കപ്പെടുമ്പോൾ ഉണ്ടാകുന്നതായ മേൽപ്പറഞ്ഞ പാർശ്വഫലങ്ങൾ ഒഴികെ മറ്റൊരു തരത്തിലുള്ള പാർശ്വഫലങ്ങളും ഡി.ഇ.സി. കൊണ്ടോ ആൽബൻഡസോൾ മൂലമോ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ലോകാരോഗ്യ സംഘടനയുടെ ഈ മരുന്നു വിതരണ പദ്ധതി തികച്ചും സുരക്ഷിതമാണ്.

ഭാരതത്തിൽ മാത്രമായി കഴിഞ്ഞ അഞ്ചു വർഷക്കാലം ഒൻപത് സംസ്ഥാനങ്ങളിലെ 29 ജില്ലകളിൽ 57.60 ദശലക്ഷം ആളുകൾക്ക് മരുന്നുകൊടുത്തു കഴിഞ്ഞു. പക്ഷെ മരുന്നു കഴിച്ചവർ നിർദ്ദിഷ്ട 80 ശതമാനത്തിലും വളരെ താഴെയാണ് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

മുൻപറഞ്ഞ പ്രകാരം സമൂഹത്തിലെ 80 ശതമാനം ആളുകളെങ്കിലും ഗുളിക കഴിച്ചാൽ മാത്രമേ മന്തുരോഗ നിർമാർജനം പദ്ധതി വിജയിക്കുകയുള്ളു. രോഗലക്ഷണങ്ങൾ യാതൊന്നും ഇല്ലാത്ത ആരോഗ്യവാന്മാരായ ആളുകളും ഈ ഗുളികകൾ കഴിച്ചിരിക്കണം. കാരണം സമൂഹത്തിലെ എല്ലാവരിലും മന്തുരോഗ നിർണ്ണയം നടത്തുന്നതിന് ഫലപ്രദമായ മാർഗ്ഗങ്ങളൊന്നും ഇപ്പോൾ നിലവിലില്ല.

മരുന്നിന്റെ പാർശ്വഫലങ്ങളെപ്പറ്റിയുള്ള ആശങ്ക ഇപ്പോൾ നിലവിലുണ്ട്. രക്തത്തിൽ മൈക്രോഫൈലേറിയയുള്ളവരിൽ മാത്രമാണ് ഡി.ഇ.സി. കൊണ്ട് നേരത്തെ പ്രസ്താവിച്ച പാർശ്വഫലങ്ങൾ ഉണ്ടാകുന്നത്. മൈക്രോഫൈലേറിയ നശിപ്പിക്കപ്പെടുന്നതു മൂലമാണ് ഈ പാർശ്വഫലങ്ങൾ ഉണ്ടാകുന്നത്. അതുകൊണ്ടുതന്നെ ഇത് സ്വാഗതാർഹമാണ്.

എല്ലാവരും മരുന്നു കഴിച്ചു എന്നു ഉറപ്പുവരുത്താൻ വോളണ്ടിയറുടെ മുന്നിൽ വച്ചുതന്നെ മരുന്നു കഴിക്കാൻ ആളുകളെ പ്രോത്സാഹിപ്പിക്കണം. എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം ഈ രോഗ നിർമാർജനത്തിന് അത്യന്താപേക്ഷിതമാണ്. അതിലൂടെ കുട്ടികളെയും ഈ രോഗത്തിൽ നിന്നും രക്ഷിക്കുവാൻ സാധിക്കും.

ആരോഗ്യ പരിപാലന രംഗത്ത് നടപ്പിലാക്കിയിട്ടുള്ളതിൽ വച്ച് ഏറ്റവും ചെലവു കുറഞ്ഞതും ഏറ്റവും ഫലപ്രദവുമായ ഒന്നാണ് മന്തുരോഗ നിർമാർജന പദ്ധതി. മന്തുരോഗം ഏറ്റവും കൂടുതലുള്ള രാജ്യമായതിനാൽ ഇന്ത്യയിലെ ഈ പദ്ധതിയുടെ വിജയത്തിലേക്ക് ഉറ്റുനോക്കുകയാണ് മറ്റെല്ലാ രാഷ്ട്രങ്ങളും.

2015-നു മുൻപുതന്നെ മന്തുരോഗം നിർമാർജനം ചെയ്ത ഒരു സംസ്ഥാനമാകുന്നതിനുള്ള എല്ലാ സാഹചര്യങ്ങളും കേരളത്തിലുണ്ട്. ഉയർന്ന സാക്ഷരത, കാര്യക്ഷമമായ ആരോഗ്യപരിപാലന രംഗം, സമൂഹത്തിലെ വ്യക്തികളിലെ രക്തത്തിലെ മൈക്രോഫൈലേറിയയുടെ ഇപ്പോഴത്തെ കുറഞ്ഞ സാന്ദ്രത എന്നിവ ഈ ലക്ഷ്യലെത്തിച്ചേരാൻ വളരെയേറെ സഹായിക്കും.



# തമോഗർത്തവും സ്റ്റീഫൻ ഹോക്കിങ്ങും

നക്ഷത്രങ്ങൾക്ക് ജനനവും മരണവുമുണ്ട്. സൂര്യന്റെ പിണ്ഡത്തെക്കാൾ പത്തുമടങ്ങ് പിണ്ഡമുള്ള ഭാരം വളരെകൂടിയ നക്ഷത്രങ്ങളുടെ മരണത്തിൽ നിന്നും രൂപം കൊള്ളുന്നതാണ് തമോഗർത്തങ്ങൾ. പ്രപഞ്ചവിസ്മയങ്ങളിൽ വിസ്മയമാണ് തമോഗർത്തം.

**എ. നാസർബാബു**

1975 മുതൽ മുറുകെ പിടിച്ചിരുന്ന തമോഗർത്തത്തെ കുറിച്ചുള്ള തന്റെ സിദ്ധാന്തങ്ങൾ തെറ്റാണെന്നു ലോകപ്രശസ്ത ഭൗതികശാസ്ത്രജ്ഞനായ സ്റ്റീഫൻ ഹോക്കിങ്ങ് വെളിപ്പെടുത്തുകയുണ്ടായി. പ്രപഞ്ചത്തിലെ തമോഗർത്തങ്ങൾ എന്ന പ്രതിഭാസം വർഷങ്ങളായി ശാസ്ത്രജ്ഞന്മാർ തമ്മിലുള്ള തർക്കങ്ങൾക്ക് വിഷയമായിട്ടുണ്ട്. ഡബ്ലിനിലെ സ്റ്റാഫോർഡ് സർവ്വകലാശാലയിൽ നടന്ന ആപേക്ഷികതാ സിദ്ധാന്തത്തെയും-ഗുരുത്വാകർഷണത്തെയും സംബന്ധിച്ചുള്ള അന്തർദ്ദേശീയ സമ്മേളനത്തിലാണ് ഹോക്കിങ്ങ് ഈ പ്രസ്താവന നടത്തിയത്.

തമോഗർത്തം എന്ന ശാസ്ത്രപദം ആദ്യമായി അവതരിപ്പിച്ചത് 1967-ൽ അമേരിക്കൻ ഭൗതിക ശാസ്ത്രജ്ഞനായ ജോൺ വീലറായിരുന്നു. പ്രപഞ്ച വിസ്മയങ്ങളിൽ വിസ്മയമാണ് തമോഗർത്തം. സ്ഥലകാലത്തിൽ രൂപംകൊള്ളുന്ന ഒരത്ഭുത പ്രതിഭാസമാണിത്. ഭാരമേറിയ നക്ഷത്രങ്ങൾ അവയുടെ പരിണാമഘട്ടത്തിൽ ചെറുതായി ചെറുതായി ഒടുവിൽ അത്യന്ത സാന്ദ്രമായ അവസ്ഥയിലെത്താറുണ്ട്. ഇങ്ങനെ രൂപം പ്രാപിച്ച ചില നക്ഷത്രങ്ങൾ, വെള്ളകുള്ളന്മാർ എന്നറിയപ്പെടുന്നു. ഭാരം കുറെ കൂടിയ ചില നക്ഷത്രങ്ങൾ ചെറുതും സാന്ദ്രതയുള്ളതുമായ ന്യൂട്രോൺ നക്ഷത്രങ്ങളായി മാറുന്നു. സൂര്യന്റെ പിണ്ഡത്തെക്കാൾ 10 മടങ്ങ് പിണ്ഡമുള്ള, ഭാരം വളരെ കൂടിയ നക്ഷത്രങ്ങളുടെ മരണത്തിൽ നിന്നും രൂപം കൊള്ളുന്നതാണ് തമോഗർത്തങ്ങൾ. ഇത് അത്യന്തം ചെറുതും, അതീവ സാന്ദ്രതയുള്ളതുമായ വസ്തുവാണ്. ഒരു സെക്കന്റിൽ മൂന്ന് ലക്ഷം കി.മീ. വേഗതയിൽ സഞ്ചരിക്കുന്ന പ്രകാശത്തിനുപോലും തമോഗർത്തത്തിൽ നിന്നും രക്ഷപ്പെടാനാവില്ല. തമോഗർത്തത്തിൽപെടുന്ന വസ്തുക്കളെ കുറിച്ച് പിന്നീട് ഒരു വിവരവും ലഭിക്കില്ലെന്നും, വൈദ്യുത കാന്തിക തരംഗങ്ങൾപോലും അവയിൽ നിന്നും ബഹിർഗമിക്കുകയില്ലെന്നും, അതുകൊണ്ടുതന്നെ അവ അദൃശ്യമായിരിക്കുമെന്നും ഹോക്കിങ്ങ് വാദിച്ചിരുന്നു.



നക്ഷത്രങ്ങൾക്കും ജനനവും മരണവുമുണ്ട്. ലോകപ്രശസ്ത ഇന്ത്യൻ ശാസ്ത്രജ്ഞനായിരുന്ന സുബ്രഹ്മണ്യൻ ചന്ദ്രശേഖറാണ് 1928-ൽ നക്ഷത്രങ്ങളുടെ ജനിമൃതി സിദ്ധാന്തം ആവിഷ്കരിച്ചത്. 1983-ൽ അദ്ദേഹത്തിനു ഈ കണ്ടുപിടുത്തത്തിന്റെ പേരിൽ നോബൽ സമ്മാനം ലഭിക്കുകയുണ്ടായി. എല്ലാ വസ്തുക്കളെയും പോലെ നക്ഷത്രങ്ങളും ജനിമൃതി ചക്രത്തിലൂടെ കടന്നുപോകുന്നതായി അദ്ദേഹം തെളിയിച്ചു. ചന്ദ്രശേഖറിന്റെ സിദ്ധാന്തമനുസരിച്ച് നമ്മുടെ സൂര്യൻ കത്തിയെരിഞ്ഞ് വെള്ളക്കുള്ളനായി തീരുന്നു. സൂര്യന്റെ ദ്രവ്യമാനത്തിന്റെ 1.44 മടങ്ങിൽ കൂടുതലുള്ള നക്ഷത്രങ്ങൾ വെള്ളക്കുള്ളന്മാരായി മാറുകയില്ല. ഈ ദ്രവ്യമാനത്തിന് 'ചന്ദ്രശേഖർസീമ' എന്നാണ് പറയാറുള്ളത്. 'ചന്ദ്രശേഖർസീമ'യിൽ താഴെയുള്ള നക്ഷത്രങ്ങൾ പരിണമിച്ച് വെള്ളക്കുള്ളന്മാരായി തീരുന്നു. നക്ഷത്രത്തിന്റെ ദ്രവ്യമാനം ചന്ദ്രശേഖർ സീമയെക്കാൾ കൂടുതലാണെങ്കിൽ ഗുരുത്വാകർഷണത്തിന്റെ ഫലമായി നക്ഷത്രം തകർന്ന് അതൊരു ന്യൂട്രോൺ നക്ഷത്രമായി മാറുന്നു. ഇവയുടെ വ്യാസം 20 കി.മീറ്ററോളം വരും. 1967-ൽ ജ്യോതിശാസ്ത്രജ്ഞന്മാർ ന്യൂട്രോൺ നക്ഷത്രങ്ങളെ കണ്ടെത്തുകയുണ്ടായി. നക്ഷത്രദ്രവ്യമാനം സൂര്യനെക്കാൾ 3.6 ഇരട്ടിയുണ്ടെങ്കിൽ ഗുരുത്വാകർഷണ തകർച്ചയ്ക്ക് വിധേയമായി അതു തമോഗർത്തമായി മാറുന്നു.

ശൂദ്രഗ്രഹങ്ങളെക്കാൾ കൂടുതൽ വലിപ്പം ഇല്ലാതിരുന്ന വളരെ ചെറിയ അനേകം തമോഗർത്തങ്ങൾ മഹാവിസ്ഫോടനത്തിന്റെ സമയത്ത് സൃഷ്ടിക്കപ്പെട്ടുവെന്ന് ഹോക്കിങ്ങ് പറഞ്ഞിരുന്നു. തമോഗർത്തത്തിന്റെ ആകർഷണപരിധിയ്ക്ക് പുറത്തുനിന്നും ഉൾസർജ്ജിക്കപ്പെടുന്ന വികിരണങ്ങളെ ഹോക്കിങ്ങ് വികിരണം എന്നാണ് വിളിക്കപ്പെടുന്നത്. ഒരു തമോഗർത്തത്തിന്റെ ആകർഷണപരിധിയ്ക്ക് സമീപം രൂപംകൊള്ളുന്ന സബ് അറ്റോമിക കണജോടികളിൽ ഒന്ന് അതിന്റെ സ്വാധീനത്തിൽ നിന്നും രക്ഷപ്പെടുകയും, പോസിറ്റീവ് ഊർജ്ജമുള്ള മറ്റൊന്ന് തമോഗർത്തത്തിൽ അപ്രത്യക്ഷമാകുകയും ചെയ്യുന്നുവെന്ന് ഹോക്കിങ്ങ് 74-ൽ വാദിച്ചിരുന്നു. തമോഗർത്തത്തിലേക്ക് പോസിറ്റീവ് ചാർജുള്ള ഊർജ്ജകണികകളുടെ തുടർച്ചയായ പ്രവാഹം അതിലെ ദ്രവ്യം കുറയ്ക്കുകയും, ഒരന്തിമ വികിരണ വിസ്ഫോടനത്തിൽ അത് പൂർണമായും ഇല്ലാതാകുകയും ചെയ്യുന്നുവെന്നാണ് ഹോക്കിങ്ങിന്റെ കണ്ടെത്തൽ.

തമോഗർത്തത്തിൽ പതിയ്ക്കുന്ന ദ്രവ്യം പുതിയൊരു സമാന്തര പ്രപഞ്ചത്തിൽ എത്തിപ്പെടുമെന്ന ഹോക്കിങ്ങിന്റെ വീക്ഷണത്തെ എഴുപതുകൾ മുതൽ തന്നെ ജ്യോതിശാസ്ത്രജ്ഞരും ഭൗതികശാസ്ത്രജ്ഞരും വെല്ലുവിളിച്ചിരുന്നു. ദ്രവ്യം ഏതെങ്കിലും രൂപത്തിൽ നിലനിൽക്കുമെന്നിരിക്കെ തമോഗർത്തത്തിൽ പതിയ്ക്കുന്നവ എന്നെന്നേയ്ക്കുമായി നഷ്ടപ്പെടുമെന്ന സിദ്ധാന്തം എങ്ങനെ ശരിയാകുമെന്ന് അന്നേ സംശയം പ്രകടിപ്പിച്ചിരുന്നു. തമോഗർത്തത്തിൽ പതിക്കുന്ന വസ്തുക്കൾ ഒരിക്കലും പുറത്തുവരില്ലെന്നുള്ള തന്റെ വാദം ഇപ്പോൾ തെറ്റാണെന്നാണ് ഹോക്കിങ്ങ് പറയുന്നത്. തമോഗർത്തത്തിലെ ഉപരിതലം ക്വാണ്ടം വ്യതിയാനത്തിന് വിധേയമാകുമെന്നും, അത് വിവരങ്ങൾ പുറത്തു വിടാനിടയാക്കുമെന്നുമാണ് ഹോക്കിങ്ങിന്റെ പുതിയ നിഗമനം.


തമോഗർത്തങ്ങൾ ഉള്ളിൽപെടുന്ന ദ്രവ്യത്തെ യുഗങ്ങളോളം പിടിച്ച് വെയ്ക്കുമെന്നും, പിന്നീട് അവ സ്വയംവിഘടിച്ച് ഇല്ലാതാകുന്നതോടെ ആന്തരികമായ ദ്രവ്യത്തെ മറ്റൊരു രൂപത്തിൽ അനന്തമായ പ്രപഞ്ച ചക്രവാളത്തിലേക്ക് തിരിച്ച് വിടുമെന്നും 17-ാമത് 'ജനറൽ റിലേറ്റിവിറ്റി ആന്റ് ഗ്രാവിറ്റേഷൻ' സമ്മേളനത്തിൽ അവതരിപ്പിച്ച പ്രബന്ധത്തിൽ ഹോക്കിങ്ങ് പറഞ്ഞു. താൻ നേരത്തെ പറഞ്ഞതുപോലെ പുതിയ പ്രപഞ്ചശിശു പിറവിയെടുക്കുന്നില്ലായെന്നും അദ്ദേഹം പറഞ്ഞു. സയൻസ് ഫിക്ഷൻ എഴുത്തുകാരെ നിരാശരാക്കുന്നതിൽ തനിയ്ക്ക് ഖേദമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പൊതു ആപേക്ഷികതാ സിദ്ധാന്തത്തെയും, ക്വാണ്ടം ബലതന്ത്രത്തെയും സംയോജിപ്പിച്ച് ആവിഷ്കരിച്ച ക്വാണ്ടഗുരുത്വാകർഷണ സിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ 1974-ൽ സ്റ്റീഫൻ ഹോക്കിങ്ങ് എഴുതിയ പ്രബന്ധമാണ് ''തമോഗർത്തത്തിന്റെ സ്ഫോടനം''. തമോഗർത്തങ്ങളെ സംബന്ധിച്ച ആധികാരിക പ്രബന്ധമായിട്ടാണ് ശാസ്ത്രലോകം ഇതിനെ കാണുന്നത്. ഈ പ്രബന്ധത്തിന് പുതിയൊരു പാഠഭേദം അവതരിപ്പിച്ചിരിക്കുകയാണ് ഹോക്കിങ്ങ് ഇപ്പോൾ.

വിധിയോടു പൊരുതി മുന്നേറുന്ന അസാമാന്യ ധിഷണാശക്തിയാണ് സ്റ്റീഫൻ ഹോക്കിങ്ങ്. ഊർജ്ജതന്ത്രത്തിന്റെ സാധാരണക്കാരന് അപ്രാപ്യമായ മേഖലയുടെ അതിർവരമ്പ് കടന്ന്, സാധാരണക്കാരന്റെ ഭാവനകൾക്കും ചിന്തകൾക്കും തീപിടിപ്പിച്ച ആളാണ് ഹോക്കിങ്ങ്. ശാസ്ത്രജ്ഞരല്ലാത്തവർക്കിടയിൽ കൂടി ഏറ്റവും പ്രചാരം നേടിയ പുസ്തകമാണ് 'എ ബ്രീഫ് ഹിസ്റ്ററി ഓഫ് ടൈം'. 1942-ലാണ് ഇംഗ്ലണ്ടിൽ ഹോക്കിങ്ങ് ജനിച്ചത്. കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ നിന്നും തിയററ്റിക്കൽ ഫിസിക്സിൽ പി.എച്ച്.ഡി. നേടിയശേഷം കൂടുതൽ സമയം അദ്ധ്യാപനത്തിലും, ഗവേഷണത്തിലും മുഴുകുകയായിരുന്നു. ഒരിക്കൽ സാക്ഷാൽ ഐസക്ന്യൂട്ടൺ അലങ്കരിച്ചിരുന്ന കേംബ്രിഡ്ജിലെ ലൂക്കേഷ്യൻ പ്രഫസർ പദവി 1979 മുതൽ ഹോക്കിങ്ങ് വഹിക്കുകയുണ്ടായി.

1960-കളുടെ തുടക്കത്തിലാണ് ഹോക്കിങ്ങ് ഒരു മോട്ടോർ ന്യൂറോൺ രോഗത്തിന് കീഴ്പെട്ടത്. 'അമിയോട്രോഫിക് ലാറ്ററൽ സ്കിളിറോസിസ്' എന്നാണ് ശാസ്ത്രനാമം. വീൽചെയറില്ലാതെ നീങ്ങാൻ കഴിയാത്ത, ഒരു വോയിസ് സിന്തസൈസറിൽ കമ്പ്യൂട്ടർ ഘടിപ്പിച്ച് അത് ടൈപ്പ് ചെയ്തല്ലാതെ സംസാരിക്കാൻ കഴിയാത്ത ഹോക്കിംങ്ങ് ശാസ്ത്രചിന്തയിൽ എത്ര ഔന്നത്യത്തിലെത്തിയെന്നത് അത്ഭുതാവഹമാണ്. ഊർജ്ജതന്ത്രത്തെ കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചും വിശാലമായി ചിന്തിക്കുവാനുള്ള സ്വാതന്ത്ര്യം തനിക്ക് നൽകിയത് രോഗം സമ്മാനിച്ച അസ്വാതന്ത്ര്യമാണെന്ന് ഹോക്കിങ്ങ് പറയുമ്പോൾ, ജീവിതത്തിന്റെമേൽ അദ്ദേഹത്തിനുള്ള വിശ്വാസം, ശുഭപ്രതീക്ഷ എത്രവലുതാണെന്ന് മനസ്സിലാകും.

വിശകലനങ്ങളിലൂടെയും, ആഴമേറിയ പഠനങ്ങളിലൂടെയും സ്വയം തിരുത്തിക്കൊണ്ടിരിക്കുന്നത് പ്രതിഭയുടെ ആർജ്ജവമാണ് കാണിക്കുന്നത്. ഒരു ഘട്ടത്തിൽ താൻ എത്തിച്ചേർന്ന നിഗമനത്തിൽ കടിച്ചുതൂങ്ങി, ഈ നിഗമനത്തിന് എതിരായ വസ്തുതകളെല്ലാം അനുകൂലമാക്കാനുള്ള അഭ്യാസങ്ങൾക്ക് ശേഷം കാലം ചെലവിടുന്നവഴി ശാസ്ത്രത്തിന്റേതല്ല. അതുകൊണ്ടുതന്നെ ഹോക്കിങ്ങിന്റെ പിഴവും ശാസ്ത്രത്തിന്റെ മുന്നോട്ടുള്ള കാൽവെയ്പു തന്നെയാകുന്നു.





# പാലക്ചീര

ഇന്ദുനാരായൺ

ഇലക്കറികളിൽ എന്നല്ല പച്ചക്കറികളിൽ തന്നെ ഉയർന്ന ഒരു സ്ഥാനമാണ് വീതിയുള്ള ഇലകളോട് കൂടിയ പാലക്ചീരയ്ക്കുള്ളത്. വളരെയേറെ പോഷകഗുണങ്ങൾ ഇതിലടങ്ങിയിട്ടുണ്ട്. ഇലകൾക്ക് കടുംപച്ച നിറമാണുള്ളത്. ഇതിന് അഞ്ച് മുതൽ എട്ട് സെ.മീ. വരെ നീളവും 1–1 1/2 സെ.മീ. വരെ വീതിയും കാണും.

പാലക്ചീര ആദ്യമായി കൃഷി ചെയ്തത് അറബികളാണ്. 2000 കൊല്ലങ്ങൾക്ക് മുൻപ് പേർഷ്യക്കാർ പാലക് കൃഷി ചെയ്തിരുന്നു. കറുത്തവർഗ്ഗക്കാർ ഇത് സ്പെയിനിലേക്ക് കൊണ്ടുവന്നു. അവിടെ നിന്നുമാണ് ലോകത്തിന്റെ മറ്റു ഭാഗങ്ങളിലേക്കിത് വ്യാപിച്ചത്. പാലക്ചീരയുടെ ആംഗലേയ നാമധേയം സ്പിനാച്ച് എന്നാണ്. ഭാരതത്തിൽ ഇത് ധാരാളമായി വളരുന്നു. ഈർപ്പമുള്ള മണ്ണും തണുത്ത കാലാവസ്ഥയുമാണ് ഇതിന്റെ വളർച്ചക്ക് അവശ്യം ഉണ്ടായിരിക്കേണ്ട വസ്തുക്കൾ. ഇതിൽ അമിനോ ആസിഡുകൾ, ഇരുമ്പ്, ജീവകം എ, ഫോളിക് ആസിഡ് എന്നിവ മുഖ്യമായും അടങ്ങിയിരിക്കുന്നു. ഇറച്ചി, മത്സ്യം, മുട്ട എന്നിവയിൽ നിന്നും ലഭിക്കുന്ന അതേ അളവ് പ്രോട്ടീൻ പാലക്ചീരയിൽ നിന്നും ലഭിക്കുന്നു. ആകയാൽ സസ്യഭുക്കുകൾ തീർച്ചയായും ഉപയോഗിക്കേണ്ട ഒന്നാണിത്. നാരങ്ങയിലടങ്ങിയിരിക്കുന്ന ജീവകം സി പാലക്ചീരയിലെ ഇരുമ്പിന്റെ അംശം മുഴുവനായും നമുക്ക് ലഭിക്കുവാൻ സഹായിക്കുന്നു. ആകയാൽ പാലക്ചീരയ്ക്കൊപ്പം നാരങ്ങാനീരും ചേർത്ത് പാകം ചെയ്യണം.

പാലക്ചീരയുടെ നീരെടുത്ത് കുടിച്ചാൽ അത് ദഹനേന്ദ്രിയത്തിലടിഞ്ഞുകൂടിയിരിക്കുന്ന അഴുക്കുകൾ മാറ്റി വൻകുടൽ, ചെറുകുടൽ എന്നീ അവയവങ്ങൾ പുഷ്ടിപ്പെടുത്തുന്നു. ഇതിൽ ഉയർന്ന തോതിൽ ഇരുമ്പിന്റെ അംശം ഉള്ളതിനാൽ ഇത് കഴിക്കുന്നത് മൂലം വിളർച്ചയില്ലാതാകും. പാലക് കഴിച്ച് ദഹിച്ചശേഷം ഹീമോഗ്ലോബിൻ, ചുവന്ന രക്തകോശങ്ങൾ എന്നിവ രൂപാന്തരപ്പെടുന്നു. പാലക്കിൽ ഉയർന്ന അളവിൽ കാത്സ്യവും ആൽക്കലൈൻ മൂലകങ്ങളും അടങ്ങിയിരിക്കുന്നു. ഇത് കോശങ്ങൾ ശുചിയാക്കാനും രക്തത്തിന്റെ ആൽക്കലിനിറ്റി നിലനിർത്താനും സഹായിക്കുന്നു. ഇത് നമുക്ക് പിടിപെട്ടേക്കാവുന്ന വായൂസംബന്ധമായ പല രോഗങ്ങളെയും ചെറുത്ത് നിർത്താനുള്ള ശക്തി നമുക്ക് പ്രദാനം ചെയ്യുന്നു. മറ്റേത് പച്ചക്കറികളിലേക്കാളും കൂടുതൽ ജീവകം എ ഇതിൽ കാണപ്പെടുന്നു. ഈ ജീവകം നമ്മുടെ വളർച്ചയെയും ആരോഗ്യത്തെയും മെച്ചപ്പെടുത്തുന്നു. പാലക്ചീര ജ്യൂസാക്കി കുടിക്കുന്നത് മോണകൾക്ക് ഉറപ്പുനൽകാനും പല്ലിലുണ്ടാകുന്ന പോടുകൾ തടയാനും സഹായിക്കുന്നു. പച്ച പാലക്ചീര കടിച്ചു ചവച്ച് തിന്നുന്നത് പയോറിയ എന്ന മോണരോഗം തടയാനും സഹായിക്കുന്നു. ക്യാരറ്റ് ജ്യൂസും പാലക് ജ്യൂസും തുല്യ അളവിലെടുത്ത് യോജിപ്പിച്ചത് വെറും വയറ്റിൽ കുടിച്ചാൽ രക്തവാർച്ചയുള്ളതും അൾസർ ബാധിച്ചതുമായ മോണകൾക്ക് നല്ലതാണ്. ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മ





മാർക്കും വളരെ അമൂല്യമായ ഒരാഹാരമാണിത്. ഗർഭിണികൾ പതിവായി പാലക്ചീര അവരുടെ ആഹാരപ്പട്ടികയിൽ പെടുത്തിയാൽ ഫോളിക് ആസിഡിന്റെ കുറവ് നികത്താം. പെട്ടെന്ന് സംഭവിച്ചേക്കാവുന്ന ബ്രെയിൻ ഹെമറേജ്, ഗർഭമലസൽ എന്നിവ തടയാനും പാലക്ചീര കഴിക്കുകതന്നെ വേണം. പാലക്ചീരയുടെ നീരും തേങ്ങാവെള്ളവും തുല്യ അളവിലെടുത്ത് യോജിപ്പിച്ചത് ദിവസവും ഒന്നോ രണ്ടോ തവണ കുടിക്കുന്നത് മൂത്രാശയത്തിലെ ക്രമക്കേടുകൾക്ക് ഉത്തമമാണ്. നൈട്രേറ്റിന്റെയും പൊട്ടാസ്യത്തിന്റെയും സംയോജിത പ്രവർത്തനമാണ് ഫലം നൽകുന്നത്. ഈ രോഗം വരൾച്ച മൂലമുണ്ടാകുന്ന മൂത്രം കുറയൽ പ്രശ്നത്തിനുത്തമമാണ്.

പാലക്ചീരയുടെ പുതുമ നഷ്ടപ്പെടാത്ത ഇല കുറച്ച്, രണ്ട് ടീസ്പൂൺ ഉലുവ, ഒരു നുള്ള് അമോണിയം ക്ലോറൈഡ്, അൽപം തേൻ എന്നിവ ഒന്നിച്ചരച്ചത് ബ്രോങ്കൈറ്റിസിന് പറ്റിയ ഒരു ടോണിക് തന്നെ! ആസ്ത്മ, വരണ്ട ചുമ, തൊണ്ടയ്ക്കുള്ളിലെ അസ്വസ്ഥതകൾ എന്നിവയ്ക്കും യോജിച്ച ഒരു ഗൃഹവൈദ്യമാണിത്. ഇത് കഴിയ്ക്കുന്നത് മൂലം ഉള്ളിലെ കഫം മാറ്റി ശ്വാസകോശങ്ങളിൽ ആരോഗ്യമുള്ള കോശങ്ങൾ രൂപീകരിക്കപ്പെടുകയും ശ്വസനേന്ദ്രിയങ്ങളിലുണ്ടാകുന്ന അണുബാധയെ ചെറുക്കുവാനുള്ള ശക്തി കൂട്ടുകയും ചെയ്യുന്നു. ഒരു ദിവസം 30 മി.ലി. വരെ ഇത് സേവിക്കണം.

പാലക്ചീരയുടെ 92.1 ശതമാനവും ഈർപ്പമാണ്. ആകയാൽ പാകം ചെയ്യുമ്പോൾ വെള്ളം ചേർക്കേണ്ടതില്ല. ഉപയോഗിക്കുന്നതിനു മുൻപ് പലതവണ നല്ല വെള്ളത്തിൽ കഴുകേണ്ടതാണ്. ഇലയിൽ തങ്ങിനിൽക്കുന്ന വെള്ളം കൂടിയാകുമ്പോൾ വേവാനാവശ്യത്തിന് ജലാംശം ആകും. ചെറുതീയിൽ വച്ചേ പാകം ചെയ്യാവൂ. നാരുവർഗ്ഗം അടങ്ങിയിരിക്കുന്നതിനാൽ മലശോധനയും സുഗമമാകും. അൽപം പാലക് ജ്യൂസ് ചെറുതായി ചൂടാക്കി ചെറുചൂട് വെള്ളം അൽപം ചേർത്ത് നേർമ്മയാക്കി വായിൽകൊണ്ടാൽ ടോൺസിലൈറ്റിസ്, ചുമ, തൊണ്ടകാറൽ എന്നിവക്കാശ്വാസം കിട്ടും. മൂത്രാശയത്തിൽ കല്ലുള്ളവർ പാലക്ചീരയുടെ ഉപയോഗം കുറയ്ക്കുന്നതാണ് ഉത്തമം. കാരണം പാലക്ചീരയിൽ വളരെ പൊടിയായ മണൽ അടങ്ങിയിരിക്കും. ഇത് മൂത്രാശയത്തിൽ കല്ലുകൾ രൂപാന്തരപ്പെടാൻ വഴിയൊരുക്കും. നേരത്തേ കല്ലുള്ളവർ ആണെങ്കിൽ കല്ലിന്റെ വലിപ്പം കൂടാനിട വരുത്തും.

പാലക്ചീരയിൽ രണ്ട് ശതമാനം പ്രോട്ടീനും 0.7 ശതമാനം കൊഴുപ്പും 1.7 ശതമാനം ധാതുക്കളും 0.6 ശതമാനം നാരുവർഗ്ഗവും 2.9 ശതമാനം കാർബോഹൈഡ്രേറ്റുകളും അടങ്ങിയിരിക്കുന്നു. കാത്സ്യം 73 മില്ലി ഗ്രാമും ഫോസ്ഫറസ് 21 മില്ലി ഗ്രാമും ജീവകം സി 28 മില്ലിഗ്രാമും ഇരുമ്പ് 10.9 മില്ലിഗ്രാമും ചെറിയ അളവിൽ വിറ്റാമിൻ ബികോംപ്ലക്സും അടങ്ങിയിരിക്കുന്നു. ●

30-ൽ നിന്ന് തുടർച്ച
**(പാക്കനാരുടെ പരമ്പര)**

ന്നത്. അവരുടെതന്നെ അനുഭവം കയ്പേറിയതാണ്. നോക്കുക: പൊന്നും വില നൽകി ഈറ്റ വാങ്ങി, രണ്ടു ദിവസം അഹോരാത്രം അധ്വാനിച്ചാൽ ഒരു പരമ്പുണ്ടാക്കാം. അല്ലെങ്കിൽ നാല് മുറമുണ്ടാക്കാം. ഈ പരമ്പിന്/മുറത്തിന് അമ്പതുരൂപ വില പറഞ്ഞാൽ ആർക്കും വേണ്ട: ഇതേ പരമ്പ്/മുറം ഇരുപത് രൂപയ്ക്ക് വാങ്ങാൻ കോളുകാരുണ്ട്. ഈ നിരക്കിൽ, സാധനം എത്രയുണ്ടെങ്കിലും വാങ്ങുകയും ചെയ്യും! നിരാലംബന്റെ നിസ്സഹായതയെ ചൂഷണം ചെയ്യുന്ന ഇത്തരം ബിസിനസ്സുകാരെ ഒഴിവാക്കാൻ ബാംബു കോർപ്പറേഷന് കഴിയും - ഇച്ഛാശക്തിയും ആർജ്ജവവുമുണ്ടെങ്കിൽ.

പട്ടികജാതി വിഭാഗത്തിലുൾപ്പെടുന്ന പറയരും കവറകളും നിലവിലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ വേണ്ടതുപോലെ വിനിയോഗിക്കുന്നില്ല; വിശിഷ്യ മലബാറിൽ. ഭൗതിക സാഹചര്യങ്ങൾ പ്രതികൂലമായതാണ് മുഖ്യകാരണം. എസ്.എസ്.എൽ.സി. എന്ന കടമ്പ കടക്കുന്നതുതന്നെ, ഇവരിൽ ആയിരത്തിലൊരുവനാണ്. കേവലം പ്രാഥമിക വിദ്യാഭ്യാസത്തിന്റെ പിൻബലവുമായി ജീവിതായോധനത്തിനിറങ്ങുന്നവർക്കെവിടെ വിജയം?



15–35 പ്രായപരിധിയിലുള്ള പറയയുവാക്കൾ ഈറ്റപ്പണിയിലേക്ക് ആകർഷിക്കപ്പെടുന്നില്ല. കനത്ത തൊഴിലില്ലായ്മയും തദ്വാരാ ദാരിദ്ര്യവും തിമിർത്താടുന്ന ഈ തൊഴിൽ മേഖലയോട് ആഭിമുഖ്യം പുലർത്തുന്നതെങ്ങനെ? യുവാക്കളായ ഈറ്റത്തൊഴിലാളികൾ പലരും പലവിധത്തിലുള്ള ഇതര ജോലികളിൽ വ്യാപൃതരാവുകയാണ്: ബസ്സിൽ, പ്രസ്സിൽ, പെയിന്റിംഗിൽ, നിർമ്മാണത്തൊഴിലുകളിൽ....

വരരുചിയെന്ന ബ്രാഹ്മണന്, പറയിയിൽ ജനിച്ച പന്ത്രണ്ട് മക്കളുടെ കഥ പ്രസിദ്ധമാണല്ലോ. 'പറയിപെറ്റ പന്തിരുകുല'ത്തിലെ പ്രമുഖനായ പാക്കനാരുടെ വംശപരമ്പരയെ നിലനിർത്തേണ്ടത്, സാമൂഹികമായ ജൈവശാസ്ത്രപരമായ ഒരനിവാര്യതയാണ്. ●



# കാവ്യകലയുടെ കമ

ഒക്ടോബർ 27, വയലാർ രാമവർമ്മയുടെ ചരമദിനം. മനുഷ്യ സ്നേഹത്തിന്റെ തിരയടി ശബ്ദവും ആയിരം പാദസരങ്ങളുടെ മന്ദ്രധ്വനിയും അക്ഷരങ്ങളിലേക്ക് ആവാഹിച്ച മലയാളികളുടെ മനം കവർന്ന ആ കവിയെപ്പറ്റി....

**കൈനകരി ഷാജി**

"വയലാർ ഇന്നത്തെ ഉത്തിഷ്ഠമാന പ്രതിഭകളിൽവച്ചേറ്റവും പ്രതീക്ഷയുളവാക്കിയ ആളാണ്. കാവ്യകലയ്ക്കുവേണ്ട എല്ലാ കരുക്കളും അക്ലിഷ്ടസിദ്ധമാണദ്ദേഹത്തിന്. ചോരയും നീരുമുള്ള ശബ്ദങ്ങളുപയോഗപ്പെടുത്തി തനിക്കുള്ളിൽ ഒരുക്കുന്ന ആശയങ്ങൾ ഒതുക്കി പ്രതിപാദിച്ച് ഫലിപ്പിക്കുവാൻ അദ്ദേഹത്തിന് വിശേഷിച്ചൊരു വാസനയുണ്ട്. വായനക്കാരുടെ മനസ്സിൽ പെട്ടെന്ന് തറച്ചുകേറുവാൻ പ്രയാസമുള്ള സംഗതികൾ മൂർത്തപ്രപഞ്ചത്തിൽ നിന്നുള്ള സാമ്യോക്തികളാൽ വ്യക്തമായാകൃതിപ്പെടുത്തിത്തരുവാൻ അദ്ദേഹം വിശേഷിച്ചു നിഷ്കർഷിക്കാറുണ്ട്. നാടൻ ശീലുകളിൽ സൂക്ഷിച്ച് പദരചന ചെയ്ത് ആശയാവിഷ്കരണം നടത്തുമ്പോൾ നൈസർഗ്ഗികമായി കൈവരുത്തേണ്ട ഗാനമാധുരിയുടെ കാര്യത്തിൽ അദ്ദേഹം തികച്ചും അനുഗൃഹീതനാണ്." 'വയലാർ രാമവർമ്മയുടെ സർഗ്ഗസംഗീതം' എന്ന കവിതാസമാഹാരത്തിന്റെ അവതാരികയിൽ മലയാളസാഹിത്യ വിമർശന മണ്ഡലത്തിലെ അതികായനായിരുന്ന ജോസഫ് മുണ്ടശ്ശേരി ഇങ്ങനെ കുറിച്ചിടുകയുണ്ടായി. വയലാറിന്റെ അസൂയാർഹമായ രചനാവൈഭവത്തിനു കിട്ടിയ ഈ പ്രശംസ അത്യുക്തിയാണെന്ന് ആർക്കും പറയാൻ കഴിയില്ല. കാവ്യകലയുടെ കമലപ്പൊയ്കകൾ കണികണ്ടുണരുകയും അനുഭൂതികളുടെ ഗോപസ്ത്രീകളെ ഒളികണ്ണെറിയുകയും ചെയ്ത വയലാറിന്റെ കവിതകളും ഗാനങ്ങളും മലയാളികളുടെ മനസ്സിൽ വികാരതരംഗാരവങ്ങളുയർത്തി നിറഞ്ഞു നിൽക്കുന്നു. അംഗോപാംഗ ലാവണ്യമുള്ള അനേകം അക്ഷരശിൽപങ്ങൾ അദ്ദേഹത്തിന്റെ കവിത്വം വിളിച്ചുപറയുന്ന സ്മാരകങ്ങളായി നിലകൊള്ളുന്നു. അകാലത്തിൽ അന്തരിച്ചുവെങ്കിലും 'എനിക്ക് മരണമില്ല' എന്ന് അദൃശ്യസാന്നിധ്യത്തിലൂടെ ആ കവി വിളിച്ചു പറയുന്നു!

കവി എന്ന നിലയിലാണോ ഗാനരചയിതാവ് എന്ന നിലയിലാണോ വയലാർ കൂടുതൽ തിളങ്ങിയത്? അദ്ദേഹം ജീവിച്ചിരുന്ന കാലത്തുതന്നെ ഈ ചോദ്യം ഉയർന്നു വരികയുണ്ടായി. അതിനെച്ചൊല്ലി തർക്കങ്ങളുണ്ടായി. ആ ചോദ്യം വീണ്ടും ഉയർത്തുന്നതിൽ അർത്ഥമില്ല. മികച്ച കവിയും ഗാനരചയിതാവുമായിരുന്നു അദ്ദേഹം.

കവിതാമേഖലയിൽ ജ്വലിച്ചുയർന്ന വയലാർ ഗാനരചനയിൽ ശ്രദ്ധ കേന്ദ്രീകരിച്ചതുമൂലം മലയാളകവിതയ്ക്കുണ്ടായ നഷ്ടം അപരിഹാര്യമാണെന്ന് കരുതുന്നവരുണ്ട്. നാടകങ്ങൾക്കും ചലച്ചിത്രങ്ങൾക്കുംവേണ്ടി അദ്ദേഹം എഴുതിക്കൂട്ടിയ ഗാനങ്ങളെ സാഹിത്യത്തിന്റെ ഭാഗമായി അംഗീകരിക്കാൻ അവർ തയ്യാറല്ല. വയലാറിന്റെ ജീവിതത്തിലെ ഒരു വലിയ കാലയളവ് വിനിയോഗിക്കപ്പെട്ടത് ഗാനരചനയ്ക്ക് വേണ്ടിയാണ്. അത് പാഴായിപ്പോയെന്നു പറയാമോ? "കവിതയ്ക്ക് നഷ്ടപ്പെട്ടതെന്തോ അത് ഗാനത്തിനു നേട്ടമായിത്തീർന്നു. ഗാനങ്ങളെ അദ്ദേഹം കവിതകളാക്കി മാറ്റി! ശബ്ദസൗകുമാര്യത്തോടൊപ്പം ആശയസൗന്ദര്യവും അവയിൽ നിറച്ചു. വയലാറിനെ കേരളത്തിലെ ഏറ്റവും ജനപ്രിയനായ കവിയാക്കിയത് ഒരുപക്ഷെ കവിതകളെക്കാളേറെ അദ്ദേഹത്തിന്റെ ഗാനങ്ങളായിരുന്നു. കേരളീയജനതയ്ക്കു വയലാർ നേടിത്തന്ന സമ്പാദ്യത്തെപ്പറ്റി ചിന്തിക്കുമ്പോൾ ഈ ഗാനങ്ങളെ നാം കവിതകൾക്കൊപ്പം തന്നെ കണക്കിലെടുക്കേണ്ടിയിരിക്കുന്നു" - വയലാർ കൃതികൾക്ക് എഴുതിയ അവതാരികയിൽ കവിയും വിമർശകനും മഹാപണ്ഡിതനുമായിരുന്ന എൻ.വി. കൃഷ്ണവാരിയർ ഇങ്ങനെ പറയുകയുണ്ടായി. വയലാറിന്റെ ഗാനങ്ങൾ അദ്ദേഹത്തിന്റെ കവിതകൾപോലെ പ്രാധാന്യമർഹിക്കുന്നുവെന്ന നിരീക്ഷണത്തോട് നിഷ്പക്ഷമതികൾക്ക് യോജിക്കുവാനേ കഴിയൂ. വയലാറിന്റെ ഗാനങ്ങൾ സാർവത്രികമായ അംഗീകാരം നേടി. അത്ഭുതകരമായ

# ലപൊയ്കയിൽ നീരാടിയ കവി

ആ ജനപ്രീതിക്ക് കാരണമെന്തായിരുന്നു?

"നാടോടിപ്പാട്ടുകളുടെ ഗാനാത്മകത മാത്രമല്ല വടക്കൻ പാട്ടുകളുടെ ഊർജ്ജസ്വലതയും സാരള്യവും വയലാറിന്റെ ഗാനങ്ങളിലുണ്ട്" - മഹാകവി ജി. ശങ്കരക്കുറുപ്പ് ചൂണ്ടിക്കാട്ടിയ ഈ ഘടകം വയലാറിന്റെ ഗാനങ്ങൾക്ക് ജനപ്രീതി നേടിക്കൊടുക്കുന്നതിൽ വലിയ പങ്ക് വഹിച്ചു. "കവിതയുടെ കനകകാന്തി ചിന്തുന്നതാണ് അദ്ദേഹത്തിന്റെ സിനിമാഗാനങ്ങൾ. അതു തന്നെയാണ് അവയുടെ മേന്മയും. ഏറെക്കാലം കഴിഞ്ഞാലും ജനങ്ങൾ അവയെ സ്വാഗതം ചെയ്യുമെന്നുള്ളതിന് സംശയമില്ല", എന്ന് സുകുമാർ അഴീക്കോട് അഭിപ്രായപ്പെടുന്നു. "വയലാറിന്റെ കവിത്വം പൂർണ്ണമായി പ്രകാശിച്ചത് പലപ്പോഴും അദ്ദേഹത്തിന്റെ ഗാനങ്ങളിലാണ്" എന്ന് തോപ്പിൽ ഭാസിയും "സിനിമാ ഗാനശാഖയ്ക്ക് വയലാർ മേൽവിലാസമുണ്ടാക്കി" എന്ന് പി. ഭാസ്കരനും പറഞ്ഞിട്ടുണ്ട്. "വയലാറിന്റെ ഗാനങ്ങൾ വയലാറിന്റേതു മാത്രമാണ്. ശബ്ദസൗന്ദര്യവും അർത്ഥഗരിമയും അവയ്ക്കപ്പുറം നിൽക്കുന്ന ഭാവധ്വനനശക്തിയും ഇതുപോലെ മറ്റൊരാളിന്റെ ഗാനത്തിലും കണ്ടിട്ടില്ല. ആലോചിച്ചും ബദ്ധപ്പെട്ടും എഴുതുന്ന ഗാനങ്ങളല്ല അദ്ദേഹത്തിന്റേത്. മനസ്സിന്റെ അജ്ഞാതമേഖലയിൽ നിന്ന് ഉറവെടുത്ത് ഒഴുകിവരുന്ന വാങ്മയമാണത്." വയലാറിന്റെ ഒട്ടേറെ ഗാനങ്ങൾക്ക് ഈണത്തുടിപ്പു നൽകിയ ജി. ദേവരാജനാണ് ഇങ്ങനെ പറഞ്ഞത്. യേശുദാസ് പറയുന്നു. "ഗാനങ്ങളുടെ ഗുണദോഷങ്ങൾ പറയാനുള്ള കഴിവൊന്നും എനിക്കില്ല. എന്നാലും ഒരു ഗായകൻ എന്ന നിലയിൽ എന്റെ അനുഭവം പറയാം. അദ്ദേഹത്തിന്റെ പാട്ടുകൾ പാടുമ്പോഴുള്ള സംതൃപ്തി ഒന്നുവേറെ തന്നെയാണ്. വലിയ സ്ട്രെയിനൊന്നും കൂടാതെ അനായാസം പാടാൻ കഴിയുമായിരുന്നു. അവയിൽ നിറഞ്ഞുനിൽക്കുന്ന കാവ്യാത്മകത എന്നെ ഏറെ സന്തോഷിപ്പിച്ചിട്ടുണ്ട്."

ചെറുപ്പത്തിൽത്തന്നെ വായനാശീലം വയലാറിനുണ്ടായിരുന്നു. ഇംഗ്ലീഷിലും സംസ്കൃതത്തിലും അദ്ദേഹം പരിജ്ഞാനം നേടി. വേദേതിഹാസ പുരാണങ്ങളിൽ നേടിയ അനൽപമായ അറിവ് അദ്ദേഹത്തിന്റെ ഭാവനാചക്രവാളം വികസിപ്പിച്ചു. സംസ്കൃതപദങ്ങൾ അനായാസം കവിതകളിലും ഗാനങ്ങളിലും അദ്ദേഹം കോർത്തിണക്കി. വയലാറിന്റെ ഉചിതപദവിന്യാസവൈഭവത്തെ സി.അച്യുതമേനോൻ പ്രശംസിച്ചത് മറക്കാവുന്നതല്ല. ബൈബിളിൽ അദ്ദേഹത്തിനുണ്ടായിരുന്ന അറിവിന്റെ തെളിവായി ഉയർത്തിക്കാട്ടാവുന്നതാണ് അദ്ദേഹത്തിന്റെ ചില പാട്ടുകൾ. ഭക്തിഗാനങ്ങൾ എഴുതിയപ്പോൾ വിവിധ മതങ്ങളുടെ

> മനുഷ്യസ്നേഹം നിറഞ്ഞു കവിയുന്നവയാണ് അദ്ദേഹത്തിന്റെ കവിതകൾ. മനുഷ്യജീവിതത്തെ അതിന്റെ സമസ്തവൈവിധ്യത്തോടെ കണ്ടറിഞ്ഞ വയലാർ എല്ലാറ്റിലുമുപരി മനുഷ്യനെ പ്രതിഷ്ഠിക്കാൻ വ്യഗ്രത കാട്ടി.



സത്താപരമായ അംശങ്ങൾ അവയിൽ സന്നിവേശിപ്പിക്കാൻ വയലാറിനു കഴിഞ്ഞു. പ്രഭാഷണ പീഠങ്ങളിൽ മിന്നിത്തിളങ്ങാൻ അദ്ദേഹത്തിന് സാധിച്ചതിനു കാരണം അദ്ദേഹത്തിന്റെ വിപുലമായ വായനയാണ്. പദകുബേരനായിരുന്നു വയലാർ. വാക്കുകളുടെ പ്രവാഹവേഗവും ആശയങ്ങളുടെ പുതുമയും ശ്രോതാക്കളുടെ മനസ്സിൽ വികാരത്തിരകളിളക്കുന്ന അനനുകരണീയമായ അവതരണശൈലിയും വയലാറിന്റെ പ്രഭാഷണങ്ങളെ മറക്കാനാവാത്ത അനുഭവങ്ങളാക്കി.

കവിതയിലായാലും പ്രസംഗത്തിലായാലും ലേഖനരചനയിലായാലും സ്വകാര്യസംഭാഷണത്തിലായാലും തനിക്ക് പറയുവാനുള്ളത് വളച്ചുകെട്ടില്ലാതെ വിളിച്ചുപറയുന്ന പ്രകൃതമായിരുന്നു വയലാറിന്റേത്. ആത്മാർത്ഥതയായിരുന്നു ആ ആർജ്ജവത്തിനു കാരണം. മരണം വരെ അദ്ദേഹം അഭിപ്രായധീരത നിലനിർത്തി. തനിക്ക് അഹിതകരമായതിനെയൊക്കെ അദ്ദേഹം തുറന്നെതിർത്തു; ചോദ്യം ചെയ്യേണ്ടതിനെയൊക്കെ ചോദ്യം ചെയ്തു. പരിഹാസങ്ങളോ ഒളിയമ്പുകളോ പ്രതികൂല വിമർശനങ്ങളോ ഒരിക്കലും അദ്ദേഹത്തെ തളർത്തിയിട്ടില്ല. 'ജനാധിപത്യം' എന്ന പേരിൽ സ്വന്തം പണം മുടക്കി വയലാർ ഒരു വാരിക നടത്തി. ഏഴ് ലക്കമേ അത് പ്രസിദ്ധീകരിക്കാൻ സാധിച്ചുള്ളൂ. മുഖ്യപത്രാധിപരെന്ന നിലയിൽ 'ജനാധിപത്യ'ത്തിൽ അദ്ദേഹം എഴുതിയ മുഖക്കുറിപ്പുകൾ ഏറെ ശ്രദ്ധിക്കപ്പെട്ടു. അഭിപ്രായധീരതയായിരുന്നു അതിനു കാരണം.

വയലാറിന്റെ കവിത അച്ചടി മഷി പുരണ്ട് ആദ്യമായി പ്രത്യക്ഷപ്പെട്ടത് ഡോ.കെ.പി. തയ്യിലിന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന 'സ്വരാട്' വാരികയിലാണ്. കവിയുടെ പേര് ജി. രാമവർമ്മ തിരുമുൽപ്പാട് (ചേർത്തല) എന്നായിരുന്നു. അതിനുശേഷം, കെ.പി. നാരായണപിഷാരടി കോട്ടയത്തുനിന്ന് പ്രസിദ്ധീകരിച്ചിരുന്ന 'ചക്രവാളം' വാരികയിൽ ജി. രാമവർമ്മ തിരുമുൽപ്പാട് എന്ന പേരിൽ 'ശുക്രനക്ഷത്രം' എന്ന കവിത അച്ചടിച്ചു വന്നു. ആ കവിത പരക്കെ ശ്രദ്ധിക്കപ്പെട്ടു. തുടർന്ന് വയലാർ കവിതാരചനയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. 1948-ൽ വയലാറിന്റെ ആദ്യ കവിതാ സമാഹാരം (പാദമുദ്രകൾ) തുറവൂർ നരസിംഹവിലാസം ബുക്ക് ഡിപ്പോ പ്രസിദ്ധീകരിച്ചു. ജി. രാമവർമ്മ തിരുമുൽപ്പാട് എന്നാണ് ഗ്രന്ഥകർത്താവിന്റെ പേര് അച്ചടിച്ചത്. പുസ്തകം വിറ്റഴിഞ്ഞി

ല്ല. അപ്പോൾ പ്രസാധകർ ഗ്രന്ഥകർത്താവിന്റെ പേര് വയലാർ രാമവർമ്മ എന്നാക്കി. ജി. രാമവർമ്മ തിരുമുൽപാട് എന്ന ച്ചടിച്ചതിന് മുകളിൽ വയലാർ രാമവർമ്മ എന്നച്ചടിച്ച് ഒട്ടിക്കുകയാണ് ചെയ്തത്. ആ ഉപായം വിജയം കണ്ടു. പുസ്തകം വിറ്റുതീർന്നു. പല പതിപ്പുകൾ പുറത്തിറങ്ങി. തുടർന്ന് പ്രസിദ്ധീകരിച്ച 'കൊന്തയും പൂണൂലും' (1950), 'ആയിഷ' (1954), 'എനിക്ക് മരണമില്ല' (1955), 'മുളങ്കാട്' (1955), 'ഒരു ജൂഡാസ് ജനിക്കുന്നു' (1955) 'എന്റെ മാറ്റൊലിക്കവിതകൾ' (1957), 'സർഗ്ഗസംഗീതം' (1961) എന്നീ കവിതാസമാഹാരങ്ങൾ വയലാർ രാമവർമ്മ എന്ന കവിയുടെ വളർച്ചയുടെ ഗ്രാഫ് കാട്ടിത്തരുന്നു. പിൽക്കാലത്ത് അദ്ദേഹം എഴുതിയ കവിതകൾ 'കല്യാണസൗഗന്ധികം' എന്ന പേരിൽ പുസ്തകമാക്കാൻ തയ്യാറാക്കിയിരുന്നു. അവയും മുൻപറഞ്ഞ സമാഹാരങ്ങളിലെ കവിതകളും അവയ്ക്ക് പ്രഗത്ഭ സാഹിത്യമർമ്മജ്ഞർ എഴുതിയ അവതാരികകളും നാടകങ്ങൾക്കും സിനിമകൾക്കും വേണ്ടി വയലാർ രചിച്ച ഗാനങ്ങളും സമാഹരിച്ചതാണ് വയലാർ കൃതികൾ എന്ന വലിയ പുസ്തകം.

തീവ്രമായ പുരോഗമനകാംക്ഷയും രൂക്ഷമായ വിമർശനങ്ങളും വിപ്ലവാഭിവാഞ്ഛയുമാണ് വയലാറിന്റെ ആദ്യകാല രചനകളിൽ പ്രകടമായത്. ഇതിൽ നിന്ന് വ്യത്യസ്തമാണ് സർഗ്ഗസംഗീതം. വയലാറിന്റെ കവിപ്രതിഭയുടെ പക്വതയുടെ സൂചനകളെന്ന് വിശേഷിപ്പിക്കാവുന്ന രചനകൾ അതിലുണ്ട്. വിപ്ലവവാചാലത ഉപേക്ഷിച്ച് കവിത കൂടുതൽ സാന്ദ്രവും ധ്വന്യാത്മകവും ഭാവഗംഭീരവുമാകുന്നതിന്റെ അടയാളങ്ങൾ നിറഞ്ഞ 'സർഗ്ഗസംഗീതം' വയലാറിന്റെ സർഗ്ഗപ്രതിഭയുടെ മകുടോദാഹരണമായി നിലകൊള്ളുന്നു.

വയലാറിന്റെ കവിതകൾ മൊത്തത്തിൽ പരിശോധിക്കുമ്പോൾ അദ്ദേഹം ഒരു ഹ്യൂമനിസ്റ്റ് ആയിരുന്നുവെന്ന് മനസ്സിലാകും. മനുഷ്യസ്നേഹം നിറഞ്ഞു കവിയുന്നവയാണ് അദ്ദേഹത്തിന്റെ കവിതകൾ. മനുഷ്യജീവിതത്തെ അതിന്റെ സമസ്തവൈവിധ്യത്തോടെ കണ്ടറിഞ്ഞ വയലാർ എല്ലാറ്റിലുമുപരി മനുഷ്യനെ പ്രതിഷ്ഠിക്കാൻ വ്യഗ്രത കാട്ടി. ഇത് അമിതാവേശമാണെന്ന് വേണമെങ്കിൽ പറയാം. പക്ഷേ മനുഷ്യകേന്ദ്രിതമായ ജീവിതദർശനം കരുപ്പിടിച്ച ഒരു കവിയെ സംബന്ധിച്ചിടത്തോളം ഇതൊരു അപരാധമാണെന്ന് പറയാനാവില്ല.

"സ്നേഹിക്കയില്ല ഞാൻ  
നോവുമാത്മാവിനെ  
സ്നേഹിച്ചിടാത്തൊരു  
തത്ത്വശാസ്ത്രത്തെയും"

എന്നു പ്രഖ്യാപിച്ച വയലാർ തന്റെ ഈ 'മാനിഫെസ്റ്റോ' പല രൂപത്തിൽ കവിതകളിലൂടെയും ഗാനങ്ങളിലൂടെയും ക്രിയാത്മകമായി വികസിപ്പിച്ചതായി കാണാം.

'ഒരു മാറ്റൊലിക്കവി' എന്ന കവിതയിൽ വയലാർ എഴുതി:

"ഈ വിശ്വപ്രകൃതിയിലെങ്ങാനുമൊരു മുല്ല-  
പ്പൂവിതൾ വിരിഞ്ഞാലതെന്നിലും വിരിയുന്നു.  
കാട്ടിലെ കതിർ കാണാക്കിളി പാടിയാൽ മുളം-  
കാട്ടിലെ തത്തമ്മയ്ക്കു നൊമ്പരം വിതുമ്പിയാൽ  
വന്നലച്ചീടും പിന്നെ മറ്റൊന്നായ് രൂപം കൊള്ളും  
എന്നന്തർ ലോകത്തിലാ ഗാനവും വിതുമ്പലും."

വയലാറിന്റെ ജീവിതദർശനത്തിൽ മനുഷ്യസ്നേഹവും പ്രകൃതിസ്നേഹവും സമരസപ്പെടുന്നു. വിശ്വമാനവികതയുടെ സംഗീതധാരയായി വയലാർകവിത മാറിയതിനു കാരണമിതാവാം.

മനുഷ്യനിലും മനുഷ്യന്റെ ഇച്ഛാശക്തിയിലും ശാസ്ത്രത്തിലും ശാസ്ത്രത്തിന്റെ നേട്ടങ്ങളിലും അദ്ദേഹം സമ്പൂർണ്ണ വിശ്വാസമർപ്പിച്ചു.

"മാനവപ്രയത്നത്തിൻ ശക്തിയെ ചൈതന്യത്തെ മാനിക്കാൻ ശീലിക്കുമോ നിങ്ങളിത്തിരി നേരം?" എന്ന ചോദ്യം (പ്രയാണം) പല രൂപത്തിൽ പല കവിതകളിൽ അദ്ദേഹം പ്രക്ഷേപിക്കുന്നുണ്ട്.

"കാലമാണവിശ്രമം പായുമെന്നശ്വം സ്നേഹ-  
ജ്വാലയാണെന്നിൽക്കാണും ചൈതന്യം സനാതനം"

എന്ന് അദ്ദേഹം വ്യക്തമാക്കി (എനിക്ക് മരണമില്ല).

"ചക്രവാളത്തിൽ മതിൽക്കെട്ടിന്മേൽ കയ്യുംകുത്തി  
നിൽക്കും ഞാൻ പ്രപഞ്ചത്തിൻ ഭ്രമണം നിയന്ത്രിക്കാൻ"

എന്ന വരികളിൽ നിറഞ്ഞുതുളുമ്പുന്ന ആത്മവിശ്വാസം മനുഷ്യന്റെ അപരിമിത ശക്തിയിലുള്ള വയലാറിന്റെ വിശ്വാസത്തിന്റെ പ്രകടനമാണ്.

"ഞാനീ പ്രപഞ്ചം വളർത്തീടുന്നു  
ഞാനീ പ്രപഞ്ചം നയിച്ചീടുന്നു  
സർഗസ്ഥിതിലയകാരകൻ ഞാൻ  
സത്യസ്വരൂപി ഞാൻ, ഞാൻ മനുഷ്യൻ."


എന്ന് അതിശക്തനായ മനുഷ്യന്റെ മഹത്വത്തെ വിളംബരം ചെയ്യാൻ വയലാർ മടിച്ചില്ല.

വയലാറിന്റെ കവിതകളിലെന്നപോലെ ഗാനങ്ങളിലും മനുഷ്യസ്നേഹത്തിന്റെ തിരയടിശബ്ദം മുഴങ്ങുന്നു. നിരവധി പരിമിതികൾ ഗാനരചയിതാവിനുണ്ടെങ്കിലും അവയെയെല്ലാം തരണം ചെയ്ത് തന്റെ സ്വത്വവ്യതിരിക്തതയും ദർശനസവിശേഷതയും പാരമ്പര്യബോധവും പാണ്ഡിത്യവും മാനവികതാസങ്കൽപങ്ങളുമൊക്കെ ഗാനങ്ങളിലൂടെ സംശയാതീതമായി പ്രകടിപ്പിച്ച കൃതഹസ്തനാണ് വയലാർ. ഇപ്പറഞ്ഞതിന് ഉദാഹരണങ്ങൾ നിരത്തേണ്ടതില്ല.

കവിതയുടെ ഇന്ദ്രചാപ ലാവണ്യവും ആയിരം പാദസരങ്ങളുടെ മന്ദ്രസ്വരങ്ങളും അക്ഷരങ്ങളിലേക്ക് ആവാഹിച്ച വയലാർ മരിച്ചപ്പോൾ കേരളം കണ്ണീർക്കടലായി മാറി. ഒരു കവിയ്ക്കും അത്രയും വികാരനിർഭരമായ വിടവാങ്ങൽ പിന്നീട് കേരളം നൽകിയിട്ടില്ല. നിത്യഹരിതമായ ഈ ഭൂമിയിൽ കൊതിതീരുംവരെ ജീവിക്കാതെ, അകാലത്തിൽ അന്തർധാനം ചെയ്ത ആ കവിയുടെ മരണം സൃഷ്ടിച്ച ശൂന്യത എത്ര വലുതായിരുന്നുവെന്ന് ഇന്ന് നാം അറിയുന്നു!




# 19–ാമത് കേരള മന്ത്രിസഭ



**ഉമ്മൻചാണ്ടി**

മുഖ്യമന്ത്രി

പൊതുഭരണം ആൾ ഇന്ത്യാ സർവീസസ് ഇന്റഗ്രേഷൻ ആസൂത്രണവും സാമ്പത്തിക കാര്യങ്ങളും ശാസ്ത്ര സാങ്കേതിക പരിസ്ഥിതി ശാസ്ത്ര സ്ഥാപനങ്ങൾ പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് ഇലക്ഷനുകൾ ആഭ്യന്തരവും വിജിലൻസും അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആന്റ് ക്രിമിനൽ ജസ്റ്റിസ് ഫയർ സർവീസസ് ജയിലുകൾ സൈനിക ക്ഷേമം ദുരിതാശ്വാസം സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി എയർപോർട്സ് അന്തർസംസ്ഥാന നദികൾ ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് നോർക്ക മറ്റെങ്ങും പരാമർശിക്കാത്ത വകുപ്പുകൾ.




**വക്കം പുരുഷോത്തമൻ**

ധനം നാഷണൽ സേവിംഗ്സ് സ്റ്റോർ പർച്ചേസ് കമേഴ്സ്യൽ ടാക്സ് അഗ്രിക്കൾച്ചറൽ ഇൻകംടാക്സസ് ട്രഷറികൾ ലോട്ടറീസ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് സ്റ്റേറ്റ് ഇൻഷുറൻസ് സ്റ്റാമ്പ്സ് ആന്റ് സ്റ്റാമ്പ് ഡ്യൂട്ടീസ് എക്സൈസ്.




**ആര്യാടൻ മുഹമ്മദ്**

വൈദ്യുതി



**കെ.പി. വിശ്വനാഥൻ**

വനം വന്യജീവി പ്രിന്റിംഗും സ്റ്റേഷനറിയും പോസ്റ്റ് ആന്റ് ടെലിഗ്രാഫ്സ് റെയിൽവേസ് സംസ്ഥാന ഫിലിം ഡവലപ്മെന്റ് കോർപ്പറേഷൻ.




**കെ.കെ. രാമചന്ദ്രൻ മാസ്റ്റർ**

ആരോഗ്യം കുടുംബക്ഷേമം മെഡിക്കൽ വിദ്യാഭ്യാസം ഇൻഡിജീനിയസ് മെഡിസിൻസ് ഡ്രഗ്സ് കൺട്രോൾ പൊല്യൂഷൻ കൺട്രോൾ ഹോമിയോപ്പതി നാച്ചുറോപ്പതി.



**തിരുവഞ്ചൂർ രാധാകൃഷ്ണൻ**

ഇറിഗേഷൻ കമാൻഡ് ഏര്യ വികസന അതോറിട്ടി ഭൂജല വകുപ്പ് ജലവിതരണം-ശുചീകരണം പാർലമെന്ററി കാര്യം.




**അഡ്വ. അടൂർ പ്രകാശ്**

ഭക്ഷ്യ-പൊതുവിതരണം ഉപഭോക്തൃ സംരക്ഷണം



**ഡൊമിനിക് പ്രസന്റേഷൻ**

ഫിഷറീസ് സ്പോർട്സ് ന്യൂനപക്ഷ ക്ഷേമം



**കെ.സി. വേണുഗോപാ**

ടൂറിസം ദേവസ്വം



**എൻ. ശക്തൻ**

റോഡ് ട്രാൻസ്പോർട്ട് മോ
താഗതം



**എ.പി. അനിൽകുമാർ**

പട്ടികജാതി പട്ടികവർഗ്ഗ പിേ
ജനകാര്യം സാംസ്കാരിക
ആർക്കൈവ്സ് സൂ ആന്റ്



**പി.കെ. കുഞ്ഞാലിക്കുട്ടി**

വ്യവസായം വാണിജ്യം മൈ
ടെക്സ്റ്റൈൽസ് സാമൂഹികക്ഷേ
ടെക്നോളജി വകുപ്പും ഹജ്ജ്

# യിലെ അംഗങ്ങളും വകുപ്പുകളും

ാൽ

ട്ടോർ വെഹിക്കിൾസ് ജലഗ


ന്നാക്ക വിഭാഗ ക്ഷേമം യുവ
കാര്യങ്ങൾ മ്യൂസിയം ആന്റ്
ആർക്കിയോളജി

മനിംഗ് ഹാന്റ്ലൂം
ഷമം ഇൻഫർമേഷൻ
തീർത്ഥാടനവും




**ഇ.ടി. മുഹമ്മദ് ബഷീർ**

പൊതുവിദ്യാഭ്യാസം ഉന്നതവിദ്യാഭ്യാസം സാങ്കേതിക വിദ്യാഭ്യാസം കാർഷിക സർവകലാശാല ഒഴികെയുള്ള സർവകലാശാലകൾ പ്രവേശന പരീക്ഷ സാക്ഷരതാ പ്രസ്ഥാനം എൻ.സി.സി.



**കെ. കുട്ടി അഹമ്മദ്കുട്ടി**

പഞ്ചായത്തുകൾ മുനിസിപ്പാലിറ്റിയും കോർപ്പറേഷനുകളും ടൗൺപ്ലാനിംഗ് റീജിയണൽ ഡവലപ്മെന്റ് അതോറിറ്റികൾ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ



**ഡോ. എം.കെ. മുനീർ**

പൊതുമരാമത്ത്



**കെ.എം. മാണി**

ലാന്റ് റവന്യൂ ലാന്റ് റിഫോംസ് സർവേ ആന്റ് ലാന്റ് റിക്കോർഡ്സ് ലീഗൽ മെട്രോളജി നിയമം ഹൗസിംഗ്



**സി.എഫ്. തോമസ്**

രജിസ്ട്രേഷൻ റൂറൽ ഡവലപ്മെന്റ് ഖാദി ഗ്രാമവ്യവസായം



**കെ.ആർ. ഗൗരിയമ്മ**

കൃഷി മണ്ണുസംരക്ഷണം സോയിൽ സർവേ വെയർഹൗസിംഗ് കോർപ്പറേഷൻ ക്ഷീരവികസനം ക്ഷീര സഹകരണ സംഘങ്ങൾ കാർഷിക സർവകലാശാല മൃഗസംരക്ഷണം കയർ



**ബാബുദിവാകരൻ**

ലേബർ എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് പുനരധിവാസം ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻഷുറൻസ് മെഡിക്കൽ സർവീസ് ഇൻഡസ്ട്രിയൽ ട്രിബ്യൂണലുകൾ ലേബർ കോടതികൾ



**എം.വി. രാഘവൻ**

സഹകരണം തുറമുഖം ഹാർബർ എഞ്ചിനീയറിങ്ങ്